SPECIMEN

MALAYALAM PRESENT DAY TRACTS.—No. 2.

# THE SUMMUM BONUM

## IN HINDUISM AND CHRISTIANITY

ഹിന്തുമതത്തിലേയും ക്രിസ്തുമാൎഗ്ഗത്തിലേയും

# ശ്രേഷ്ഠപുരുഷാൎത്ഥം

"From the unreal lead me to the real,
From darkness lead me to light,
From death lead me to immortality."
*Brihad Aranya Upanishad.*

56 E
236

BASEL MISSION BOOK & TRACT DEPOSITORY
8 MAY
MANGALORE

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1906

Price: 6 Pies.] [വില: ൬ പൈ.

N12<529038038 021 HLS
ubTÜBINGEN

SPECIMEN

MALAYALAM PRESENT DAY TRACTS.—No. 2.

# THE SUMMUM BONUM

## IN HINDUISM AND CHRISTIANITY

ഹിന്തുമതത്തിലേയും ക്രിസ്തുമാൎഗ്ഗത്തിലേയും

# ശ്രേഷ്ഠപുരുഷാൎത്ഥം

"From the unreal lead me to the real,
From darkness lead me to light,
From death lead me to immortality."
*Brihad Aranya Upanishad.*

BASEL MISSION BOOK & TRACT DEPOSITORY
8 MAY
MANGALORE.

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1906

PRINTED AT THE BASEL MISSION PRESS, MANGALORE.

UNIV. BIBL. TÜBINGEN

56 E 236

# അവതാരിക.

മാൎഗ്ഗസംബന്ധമായ പുസ്തകരചനയിൽ മലയാളത്തിലെ മിശ്ശ്യൻ സംഘങ്ങൾ അതിയായി പരിശ്രമിച്ചിരിക്കുന്നു എന്നതിന്നു ആ സംഘങ്ങളാൽ പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങൾ തന്നേ ഏവൎക്കും നിസ്സംശയം ദൃഷ്ടാന്തങ്ങളായിരിക്കുന്നതാണ്. സൎക്കാർ നിയമാനുസരണം വിദ്യാഭ്യാസവിഷയമായി പ്രസിദ്ധം ചെയ്തിട്ടുള്ളതല്ലാത്ത എല്ലാററിൻെറയും പ്രഥമോദ്ദേശം ക്രിസ്തുമതപ്രചാരം എന്ന ഏക സംഗതിമാത്രമാണ്. അവകളിൽ പലതരമായ പുസ്തകങ്ങളുണ്ടെങ്കിലും മലയാള സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു മാത്രം മതാഭ്യാസം ചെയ്തിട്ടുള്ള ഹിന്തുവിദ്വജ്ജനങ്ങൾക്കുവേണ്ടി രചിതമായിട്ടുള്ളവ വളരെയില്ലെന്നു തന്നേ പറയാം. എന്നാൽ അവൎക്കു പ്രയോജനകരങ്ങളായ പുസ്തകങ്ങളുണ്ടായിരുന്നാൽ നന്നായിരിക്കുമെന്ന ആന്തരത്തോടെ മാത്രമാണ് ഈ പുസ്തകങ്ങളെ Malayalam Present Day Tracts എന്ന നാമധേയത്തിൽ രചിപ്പാൻ ഞാൻ ആരംഭിച്ചിട്ടുള്ളതു. ഈ പുസ്തകങ്ങൾക്കു ഇങ്ങിനെ പേർവിളിച്ചതു നിട്ടൂർ ബാസൽജൎമ്മൻമിശ്ശ്യൻ സെമിനറിയിലെ പ്രധാനഗുരുഭൂതരായ ബാദർ ഉപദേഷ്ടാവവൎകളാണ്. ഈ ദേശത്തിൽ ക്രിസ്തുമതപ്രചാരത്തിന്നു ബലം വൎദ്ധിക്കുന്തോറും ഹിന്തുക്കൾ സ്വന്തമതത്തെ നൂതനരീതിയിൽ അഭ്യസിച്ചു വ്യാഖ്യാനിക്കയും നവീനായുധങ്ങളാൽ ക്രിസ്തുമതത്തെ ആക്രമിക്കയും ചെയ്യുന്നതുകൊണ്ടു രണ്ടു മാൎഗ്ഗങ്ങളിലെ ഉപദേശങ്ങളെയും പുതിയ വിധത്തിൽ താരതമ്യപ്പെടുത്തി പരിശോധിക്കുന്നതു കാലോചിതവും യുക്തവും ആയിരിക്കും എന്ന ആലോചനയോടു കൂടെയാകുന്നു മേല്പറഞ്ഞപേർ വിളിച്ചിരിക്കുന്നതു.

മലയാളരാജ്യത്തിൽ സുവിശേഷപ്രചാരത്തിന്നായി പരിശ്രമിച്ചു വരുന്നവൎക്കുംകൂടെ ഇവ പ്രയോജനമായ്തീരുമെന്നാകുന്നു എൻെറ വിശ്വാസം. ഹിന്തുമതത്തിന്നും ക്രിസ്തുമാൎഗ്ഗത്തിന്നും തമ്മിലുള്ള വാദപ്രതിവാദത്തിന്നായി സുവിശേഷപ്രസംഗികൾ സന്നദ്ധരായിരിക്കേണമെങ്കിൽ ഉഭയമാൎഗ്ഗങ്ങളിലുമുള്ള വിശിഷ്ടോപദേശങ്ങളെ അവർ കൃത്യമായി അറിഞ്ഞിരിക്കേണമെന്നതു നിൎവ്വിവാദ സംഗ

തിയാണല്ലോ. ഇതരമാൎഗ്ഗങ്ങളെ ആക്ഷേപിക്കുന്ന പ്രവൃത്തി വൈഷമ്യം കുറഞ്ഞതും ക്രിസ്തുമാൎഗ്ഗോപദേശങ്ങളെ ബുദ്ധ്യനുഭവങ്ങൾക്കു യുക്തമായ വിധം പ്രസ്താവിക്കുന്നതു വിഷമമേറിയൊന്നാണെന്നുമുള്ളതു എനിക്കു അനുഭവസിദ്ധമായിട്ടുള്ളതാകുന്നു. അതുകൊണ്ടു ക്രിസ്തുമാൎഗ്ഗോപദേശങ്ങളെ തെളിയിപ്പാൻ എന്നാലാവോളമുള്ള പരിശ്രമങ്ങൾ ഇതിൽ ചെയ്തിട്ടുണ്ടു. ഈ പുസ്തകങ്ങളുടെ രചനാരീതിക്കു എൻെറ ഗുരുനാഥനായ ഡിൽഗർ ഉപദേഷ്ടാവവൎകളുടെ "പ്രാൎത്ഥനകൾ" എന്ന പുസ്തകമാണ് മാതൃകയാക്കീട്ടുള്ളതെന്നും ആ പുസ്തകം വളരേ വിശേഷമായിട്ടുള്ളൊന്നാണെന്നും എൻെറ പ്രസ്താവം കൂടാതെ തന്നെ അതു വായിച്ചിരിക്കുന്ന ഏവൎക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണല്ലോ. ആ പുസ്തകത്തിൽനിന്നു ഞാൻ പലതും എടുത്തു പ്രയോഗിച്ചിട്ടുമുണ്ടു. ഹിന്തുമതോപദേശവിവരണം എൻെറ ഗുരുനാഥനായ ഫ്രോണ്മയർ ഉപദേഷ്ടാവവൎകളിൽനിന്നും ക്രിസ്തുമാൎഗ്ഗോപദേശവിവരണം ഡിൽഗർ ഉപദേഷ്ടാവവൎകളിൽനിന്നും എനിക്കു സിദ്ധിച്ചിരിക്കുന്ന വിദ്യാനുസരണമായിട്ടു തന്നേ എഴുതുവാൻ പരിശ്രമിച്ചിരിക്കുന്നു. എൻെറ സ്വന്തം അദ്ധ്യയനാദ്ധ്യാപന ഫലങ്ങൾ മൂന്നാം ഭാഗത്തിൽ സംക്ഷിപ്തമായി പ്രസ്താവിച്ചിട്ടുണ്ടു.

ഇപ്പോൾ ഇവ പ്രസിദ്ധം ചെയ്യുന്നതിലേക്കു എൻെറ മേധാവിയായ ബാദർ ഉപദേഷ്ടാവവൎകൾ വളരെ പ്രയത്നിച്ചിരിക്കുന്നു. അദ്ദേഹം പുസ്തകം മുഴുവനും വായ്ക്കയും അവിടവിടേ തിരുത്തിത്തരികയും ചെയ്തിരിക്കുന്നു. മേല്പറഞ്ഞ ഉപദേഷ്ടാക്കൾക്കു ഞാൻ സൎവ്വദാ കൃതജ്ഞനായിരിക്കുന്നതോടുകൂടെ ഈ പുസ്തകരചനയിൽ എനിക്കു സഹായികളായിരുന്ന മററു ചിലരേയും ഞാൻ നന്ദിയോടെ ഓൎത്തുകൊള്ളുന്നു. എന്നാൽ ഈ പുസ്തകങ്ങളിൽ വല്ല അബദ്ധവും ഉണ്ടെങ്കിൽ ഞാൻ മാത്രമാണ് ഉത്തരവാദി.

നിട്ടൂർ ബാസൽമിശ്ശ്യൻ സെമിനറിയിൽ ഞാൻ ഹിന്തുമതം പഠിപ്പിച്ചിരുന്ന സമയം ആ വിഷയത്തെപ്പററി യൂറോപ്യരും നാട്ടുകാരുമായ വിദ്വാന്മാർ ഇംഗ്ലീഷ് ഭാഷയിൽ എഴുതീട്ടുള്ള പല വിശിഷ്ട പുസ്തകങ്ങളെ വായിപ്പാനും ആരാഞ്ഞറിവാനും സംഗതിവന്നിട്ടുണ്ടായിരുന്നു. അതോടുകൂടെ ദുൎല്ലഭം ചില സംസ്കൃതഗ്രന്ഥങ്ങളേയും ആ

കാലത്തു തന്നെ വായിപ്പാനിടയായിട്ടുണ്ട്. എങ്കിലും അഭിപ്രായവ്യത്യാസങ്ങളുള്ള സംഗതികളിലെല്ലാം ഞാൻ നാട്ടുകാരെയാണ് അനുകരിച്ചിട്ടുള്ളതു.

ചിലസംസ്കൃത പദ്യങ്ങളെയോ ഏതാൻ വാക്യങ്ങളെയോ ഈ പുസ്തകത്തിൽ ഉദ്ധാഹരിക്കാഞ്ഞതു നന്നായില്ല എന്നു ചിലൎക്കു തോന്നാനിടയുണ്ടെങ്കിലും ഭാഷ്യങ്ങളോടുകൂടിയ സംസ്കൃതപുസ്തകങ്ങൾ ഇക്കാലത്തു സുലഭമാകയാൽ ആവക ഉദ്ധാഹരണങ്ങൾ പുസ്തകദൈൎഘ്യം നിമിത്തം അനാവശ്യമാണെന്നതിന്നു വാദമില്ലല്ലോ. എന്നാൽ അവയുടെ ഭാഷാന്തരവും ഒത്തുവാക്യങ്ങളും അവിടവിടെ പറഞ്ഞിട്ടുണ്ടു.

ആയുരാരോഗ്യങ്ങൾ ദൈവകൃപയാൽ സിദ്ധിച്ചുവെങ്കിൽ ഈ പുസ്തകങ്ങൾ എല്ലാം എഴുതി തീൎക്കാവുന്നതാകുന്നു. ക്രൂശിക്കപ്പെട്ട എന്റെ കൎത്താവിന്റെ മഹത്വത്തെ പ്രദൎശിപ്പിക്കുന്നതിലേക്കു ഇവയും കൂടെ ഒരു ലഘുസാഹിത്യമായി ഭവിക്കേണമെ എന്ന പ്രാൎത്ഥനയോടെ ഇവറ്റെ പ്രസിദ്ധം ചെയ്യുന്നു. അവൻ

"ലോകത്തിന്റെ വെളിച്ചം ആകുന്നു."

*B. G. M. Seminary.*
*Nettur.*
*29th Nov. 1905.*

Lawrence Purathur.

# ശ്രേഷ്ഠപുരുഷാൎത്ഥം.

മാൎഗ്ഗാനുസാരികളൊക്കെയും തങ്ങളുടെ മാൎഗ്ഗത്താൽ വല്ലതും സിദ്ധിക്കേണമെന്നാഗ്രഹിക്കുന്നു. മനുഷ്യന്റെ ആഗ്രഹം രണ്ടുതരം വിഷയങ്ങളിലേക്കാകുന്നു ചെല്ലുന്നതു. മാൎഗ്ഗം മനുഷ്യന്നു ജീവനസംബന്ധമായ കാൎയ്യമാകയാൽ ജീവാഭിവൃദ്ധിക്കു ആവശ്യമായ കാൎയ്യങ്ങളെ അല്ലെങ്കിൽ ധനങ്ങളെ മാൎഗ്ഗത്താൽ സാധിപ്പിപ്പാൻ ഭാവിക്കുന്നു. ജീവൻ പ്രാകൃതം പാരത്രികം എന്നീ രണ്ടു വിധമാകയാൽ മനുഷ്യൻ മാൎഗ്ഗത്താൽ പ്രാകൃതമോ പാരത്രികമോ ആയ ധനങ്ങളെ അൎത്ഥിക്കുന്നു. എന്നാൽ മനുഷ്യന്നു സ്വന്തശക്തിയാൽ ആ ധനങ്ങളെ പ്രാപിപ്പാൻ കഴിയായ്കകൊണ്ടും പ്രകൃതിയിലും മാനുഷസമുദായത്തിലും അവന്റെ ജീവാനുഭവത്തിന്നു വിഘ്നങ്ങൾ നേരിട്ടുവരുന്നതുകൊണ്ടും അവൻ ആരാധന യാഗം പ്രാൎത്ഥന എന്നിവററാൽ ദൈവത്തിന്റെയോ ദേവന്മാരുടെയോ സഹായം സമ്പാദിച്ചു താൻ ആശിക്കുന്ന ധനം അല്ലെങ്കിൽ പുരുഷാൎത്ഥം പ്രാപിപ്പാൻ യത്നിക്കുന്നു. ഇങ്ങിനെയുള്ള ഏതു ധനത്തെ അല്ലെങ്കിൽ ധനങ്ങളെയാകുന്നു ഹിന്തു ക്രിസ്തീയമാൎഗ്ഗങ്ങൾ പ്രദാനം ചെയ്യുന്നതു എന്നു നാം പരിശോധിക്കുവാൻ ഭാവിക്കുന്നു.

വിവിധമാൎഗ്ഗങ്ങൾ വിവിധപുരുഷാൎത്ഥങ്ങളെ ദാനം ചെയ്യുന്നു എന്നു മാത്രമല്ല ഫലധനങ്ങളെ അല്ലെങ്കിൽ പുരുഷാൎത്ഥങ്ങളെ ഒരൊററ മാൎഗ്ഗം തന്നെ നല്കുന്നു എന്നും കൂടെ കാണുന്നുണ്ടു. അവ അന്യോന്യം സംബന്ധമില്ലാത്തവയായോ സംബന്ധമുള്ളവയായോ ഇരിക്കാം. അതല്ലാതെ ഏകപുരുഷാൎത്ഥത്തിന്നധീനങ്ങളായോ ശ്രേഷ്ഠപുരുഷാൎത്ഥലബ്ധിക്കു സഹായകങ്ങളായോ ഫലധനങ്ങൾ ഒരേമാൎഗ്ഗം തന്നെ പ്രദാനം ചെയ്യുന്നതായും വരാം. അന്യോന്യ സംബന്ധമില്ലാതെ നില്ക്കുന്ന പുരുഷാൎത്ഥങ്ങൾ വ്യവഹരിച്ചു കാണുന്ന മാൎഗ്ഗങ്ങൾക്കു വല്ല ന്യൂനതയും ഇല്ലാതിരിക്കയില്ലെന്നു നിശ്ചയം. നാം ഇവിടെ ഹിന്തുക്രിസ്തീയ മാൎഗ്ഗങ്ങളിലെ ശ്രേഷ്ഠപുരുഷാൎത്ഥത്തെ പരിശോധിപ്പാനാകുന്നു ഭാവിക്കുന്നതു.

## I. ഹിന്തുമതത്തിലെ ശ്രേഷ്ഠ പുരുഷാൎത്ഥം.

### 1. വേദസംഹിതകളിൽ കാണുന്ന പുരുഷാൎത്ഥം.

“ഞങ്ങളിൽനിന്നു സകല ദുഷ്പ്രവൃത്തികളെയും മാച്ചുകളക. ശീതമില്ലാത്തവരെ ശീതപൂൎവ്വം ഞങ്ങൾ ജയിച്ചുകൊൾവൂതാക.” ഋഗ്വേദം X. 105, 8. ഈ പ്രസ്താവത്തിൽനിന്നു പ്രാചീന ആൎയ്യർ രിപുജയം ദേവന്മാരോടാവശ്യപ്പെട്ടു എന്നു കാണുന്നു.

1. അത്യന്ത ദൂരങ്ങളായി ഇരുലോകങ്ങളെയും
   ആർ ഉറപ്പിച്ചിരിക്കുന്നുവോ
   ആയവൻെറ പ്രവൃത്തികൾ ഏററവും അധി
   കം ജ്ഞാനമുള്ളവ തന്നെ.
   ഉയരമായി ഉയൎന്നിട്ടുള്ള ദ്യോവിനെ അവൻ
   നീട്ടിവെച്ചു രണ്ടു വിധമായി അവൻ നക്ഷ
   ത്രത്തെയും ഭൂമിയെയും പരത്തിയിരിക്കുന്നു.
2. എൻെറ സ്വന്ത ആത്മാവിനോടു ഞാനിതു
   ഉരെക്കുന്നു.
   ഞാൻ വരുണൻെറ സമീപത്തു എപ്പോൾ
   എത്തും?
   അവൻ കരുണാവാനായി ഹവിസ്സ് കൈക്കൊ
   ള്ളുമോ?
   ഞാൻ എപ്പോൾ അവൻെറ കരുണയെ
   സന്തുഷ്ടനായി ദൎശിക്കും.
3. എൻെറ കുററം ബോധിച്ചിട്ടു ഞാൻ ചോദി
   ക്കുന്നു വരുണനായുള്ളോവെ!
   ചോദിപ്പാനും വിദ്വാന്മാരോടടുത്തു വരുന്നു.
   കവികൾ ഒക്കയും ഒന്നു തന്നെ എന്നോടു പറ
   യുന്നതു
   ഈ വരുണൻ നിന്നോടു അകരുണൻ തന്നേ
   യാകുന്നു.
4. നിണക്കു സ്തോത്രം ചൊല്ലുന്ന സ്നേഹിതനെ
   നീ കൊല്ലുവാൻ ഭാവിക്കുന്നതു പണ്ടേത്ത അ
   ന്യായം ഹേതുവായിട്ടാകുന്നുവോ വരുണാ!
   നിജാധീനനും നിൎവ്യാജനും ആയവനെ,
   എനിക്കു അതു ബോദ്ധ്യമാക്കിത്തരേണമേ!

ഞാൻ കുററമില്ലാത്തവനായി വന്ദനപൂൎവ്വം നിന്റെ അടുക്കെ വരേണ്ടതിന്നു തന്നെ.

5. പിതാക്കന്മാരുടെ അകൃത്യങ്ങളെ ഞങ്ങൾക്കു ഇളെച്ചു തരേണമേ, ഞങ്ങൾ തന്നെ ചെയ്തവറേറയും വിട്ടു തരേണമെ, ഗോക്കളെ കൊതിക്കുന്ന ചോരനെന്നപോലെ, രാജാവേ! കയററിൽനിന്നു പശുക്കുട്ടിയെ എന്നപോലെ വസിഷ്ഠനായ എന്നെ വിടുവിക്കേണമേ!

6. ഞങ്ങളുടെ സ്വന്തതാല്പൎയ്യമല്ല അന്ധതയത്രെ ആയിരുന്നു, ലഹരിയും മന്യുവും ചൂതും മൂഢതയും അത്രെ; വയസ്സൻ യുവാവിന്നു പരീക്ഷാകാരണമായി ഭവിക്കുന്നു. സ്വപ്നംപോലും ദോഷത്തെ ഞങ്ങളോടു അകററിക്കളയുന്നില്ല.

7. കുററമില്ലാത്തവനായി ഞാൻ മന്യുഭാവമുള്ള ദേവനെ, ദാസൻ ദയാലുവായ യജമാനനെപോലെ ശുശ്രൂഷിക്കും, മൂഢരെ പ്രേമമുള്ള ദേവൻ പ്രകാശിപ്പിച്ചു, പിന്നെ ജ്ഞാനമേറിയവൻ ജ്ഞാനിയെ ധനത്തിലേക്കു നടത്തുന്നു.

8. സ്വധാവാനായ വരുണാ! ഈ സ്തോത്രഗീതം നിണക്കു ഉൗക്കോടെ ഹൃദയത്തിൽ ചെല്ലൂതാക. ഞങ്ങൾക്കു ക്ഷേമത്തിലും യോഗത്തിലും സുഖം ഭവിപ്പൂതാക. ദേവന്മാരെ ഞങ്ങളെ സദാകാലം സ്വസ്ത്രീകളോടുകൂടി പരിപാലിക്കേണമേ. ഋഗ്വേദം VII. 86.

"അഗ്നിയാൽ ധനം പ്രാപിക്കുന്നു. നാൾക്കുനാൾ തേജസ്സും പുത്രസമ്പത്തും ഉള്ള ഭാഗ്യവും തന്നെ. അവൻ നമുക്കു പുത്രന്നു പിതാവെന്ന പോലെ ഭവിക്കേണമേ. അഗ്നിയെ ഞങ്ങൾക്കു പിതാവായിരിക്ക. ഞങ്ങളെ സുഖത്തിലേക്കു നടത്തേണമേ. I. 1. (ഡിൽഗർ ഉപദേഷ്ടാവവർകളുടെ ഭാഷാന്തരം.)

ഋഗ്വേദമന്ത്രങ്ങളിൽ അടങ്ങിയിരിക്കുന്ന പ്രാൎത്ഥനകളെയും സ്തോത്രങ്ങളെയും പരിശോധിച്ചാൽ ആ കാലത്തെ മാൎഗ്ഗാവസ്ഥ പ്രാകൃതശക്തിവിലാസങ്ങളുടെ മൂൎത്തീകരണങ്ങളായ ദേവന്മാരെ ആൎയ്യർ ആരാധിച്ചുവന്നു എന്നും അവരുടെ ദേവന്മാർ പ്രാകൃതശക്തിവിലാസങ്ങളുടെ മൂൎത്തീകരണങ്ങളാകയാൽ അവർ അൎത്ഥിച്ച പുരുഷാൎത്ഥം പ്രകൃതധനങ്ങളായിരുന്നു എന്നും കാണും.

മീതെ ഭാഷാന്തരം ചെയ്തു പ്രസ്താവിച്ച പ്രാൎത്ഥനകളിൽനിന്നു പ്രാചീനആൎയ്യർ, ധനം, സ്വൎണ്ണം, വൎഷം, രിപുജയം, ഗോബാഹുല്യം, പുത്രസമ്പത്തു, ശരീരസൌഖ്യം ഇത്യാദി ഐഹികസമ്പത്തുകളെ പ്രാപിപ്പാനായി ദേവന്മാരോടു പ്രാൎത്ഥിച്ചു എന്നു കാണുന്നു. ആത്മികകൃപാവരങ്ങൾക്കായുള്ള അപേക്ഷകൾ കേവലം ഇല്ലെന്നു തന്നേ പറയാം. ഗായത്രി എന്ന കീൎത്തിപ്പെട്ട മന്ത്രം സാക്ഷാൽ ആത്മിക കൃപാവരങ്ങൾക്കായുള്ളതാകുന്നു എന്നു ചിലർ വാദിച്ചുവരുന്നെങ്കിലും അതിൽ അപേക്ഷിക്കുന്ന ആത്മിക കൃപാവരം എന്തെന്നു ആൎക്കും പറവാൻ സാധിക്കുന്നതല്ല. ഇങ്ങിനെ പ്രാചീന ആൎയ്യന്മാർ ദേവന്മാ

രിൽനിന്നു ആവശ്യപ്പെട്ട പുരുഷാൎത്ഥം അധികവും പ്രാകൃതമായിരുന്നു എന്നു തെളിയുന്നു.

ആത്മികപുരുഷാൎത്ഥവാഞ്ഛ അവൎക്കു കേവലം ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. പക്ഷെ ആത്മികപുരുഷാൎത്ഥം പ്രഥമസംഗതിയായി വിചാരിച്ചിരുന്നില്ല എന്നും പ്രാകൃതധനലബ്ധിക്കു സഹായകമായിരിക്കുന്ന ആത്മികധനത്തെ മാത്രം അവർ അൎത്ഥിച്ചിരുന്നു എന്നും പറയാം. മീതെ ഋഗ്വേദം ഏഴാം മണ്ഡലത്തിൽ നിന്നെടുത്തു പ്രസ്താവിച്ച ഭാഗം നോക്കിയാൽ പാപനിവാരണത്തിന്നായി ആൎയ്യർ ആവശ്യപ്പെട്ടിരുന്നു എന്നു കാണും. അങ്ങിനെ ദൃഷ്ടാന്തങ്ങൾ വേറെയും പലതുണ്ടു. അതുകൊണ്ടു പ്രാചീന ആൎയ്യൎക്കു വിശേഷവിധിയായ പാപബോധവും അനുതാപവും ഉണ്ടായിരുന്നു എന്നും അതാകുന്നു ഋഗ്വേദസംഹിതയുടെ ഒരു മുഖ്യ വിശേഷത എന്നും ചിലർ വിചാരിക്കുന്നു. നാം വിചാരിക്കുംപ്രകാരം പാപത്തെക്കുറിച്ചു അവർ കരുതിയിരുന്നില്ല. പാപമെന്നതു ഭാരമാണെന്നും അന്ധകാരമാണെന്നും ബന്ധനമാണെന്നും അശുദ്ധിയാണെന്നും പ്രയാസേന കടക്കേണ്ടുന്ന സാഗരമാണെന്നും മറ്റും പറഞ്ഞിരിക്കുന്നു. ചാരിത്രശുദ്ധിക്കു ഭംഗം വരുത്തുന്നവ പാപമാണെന്നു അവർ കരുതിയിരിക്കുന്നു. പാപനിവാരണം മനുഷ്യന്നു അസാദ്ധ്യമാണെന്നും ദേവന്മാൎക്കു മാത്രമെ പാപത്തിന്നു നിവാരണം വരുത്തുവാൻ കഴിവുള്ളു എന്നും അവർ വിചാരിച്ചിരുന്നു എന്നതിന്നു അവർ ദേവന്മാരോടു അതിന്നായി അപേക്ഷിച്ചതിൽനിന്നു സ്പഷ്ടമാണെ

ല്ലോ. സ്വന്തപാപങ്ങളാൽ മാത്രമല്ല പിതാക്കന്മാരുടെ പാപങ്ങളാൽ കൂടെ സന്താനങ്ങൾക്കു കഷ്ടനഷ്ടങ്ങൾ വരുമെന്നും അവർ വിചാരിച്ചിരുന്നു. ശത്രുനിഗ്രഹം, സ്വാൎത്ഥപ്രതിപത്തി, പ്രപഞ്ചാസക്തി എന്നിവ അവർ പാപങ്ങളായി കരുതിയിരുന്നില്ല. ഒന്നു നിശ്ചയമായി പറയാം. പൌരാണികമതത്തിലും തത്വജ്ഞാനസിദ്ധാന്തങ്ങളിലും കാണുന്നതിനേക്കാൾ ഉയൎന്നതരം പാപബോധം ഋഗ്വേദമന്ത്രങ്ങളിൽ കാണുന്നുണ്ടു. അവർ യാഗാരാധനകളിലെ അബദ്ധങ്ങൾ കുലദൈവതങ്ങളിലുള്ള അഭക്തി എന്നിവറ്റെ ഉഗ്രപാപങ്ങളായി കരുതിയിരുന്നു. "ഇങ്ങിനെ അവർ പാപമോചനത്തിന്നായി യാചിച്ചിരുന്നെങ്കിലും പാപമോചനം എന്നതു ഹൃദയത്തിന്റെ ദാഹത്തിന്നു പൂൎത്തിയും നിൎമ്മലജീവനിലേക്കുള്ള പ്രവേശനവും ആകുന്നു എന്നു അവർ ഗണിച്ചിരുന്നില്ല. പാപമോചനത്തിന്നായി യാചിക്കുന്ന സംഗതി വേറെ. പാപഭാരം തങ്ങളുടെ മേൽ തൂങ്ങുന്നേടത്തോളം ദേവന്മാരുടെ സഹായത്താൽ മേല്പറഞ്ഞ ഐഹികസമ്പത്തുകളെ പ്രാപിച്ചനുഭവിപ്പാൻ പാടില്ലെന്നു ബോധിച്ചിരുന്നതുകൊണ്ടാകുന്നു അവർ പാപക്ഷമെക്കായി യാചിച്ചതു."

പാരത്രിക പുരുഷാൎത്ഥം കൂടെ അവൎക്കു വേണമെന്നാഗ്രഹമുണ്ടായിരുന്നു. മരണഭയം ഹേതുവായി അവർ ദീൎഘായുസ്സിന്നായി അപേക്ഷിച്ചു. ദീൎഘായുസ്സിനാൽ അവരുടെ ജീവാഗ്രഹത്തിന്നു തൃപ്തിവരായ്കയാൽ അമൎത്ത്യതക്കായുള്ള വാഞ്ഛയും ഉണ്ടായിരുന്നു. എന്നാൽ അമൎത്ത്യതയെ കുറിച്ചുള്ള പ്രസ്താവങ്ങൾ

ഋഗ്വേദമന്ത്രങ്ങളിൽ ദുല്ലഭമാകുന്നു. ഒന്നാമതു അമൎത്യത പ്രാപിച്ചതു കരകൌശലവിദ്യയിൽ അതിവിശ്രുതന്മാരായിരുന്ന ഋഭുക്കളായിരുന്നു. അവർ ഇന്ദ്രന്നു അതിവിശേഷമായ ചില സാധനങ്ങളുണ്ടാക്കി കൊടുത്തതിന്നു പ്രതിഫലമായി ഇന്ദ്രൻ അവൎക്കു അമൎത്ത്യത നല്കി. ഭക്തന്മാർ ഔദാൎയ്യതയിൽ ശ്രേഷ്ഠന്മാരായ്തീൎന്നാൽ ദേവന്മാർ അവൎക്കു അമൎത്ത്യത നല്കും. മനുഷ്യന്നു അമൎത്ത്യത വരുത്തിയ മുഖ്യ ദൈവം അഗ്നിയാകുന്നു.

അധികം നൂതനമായ ഒമ്പതും പത്തും മണ്ഡലങ്ങളിൽ അമൎത്ത്യതയെ കുറിച്ചു കുറെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. മരിക്കുന്നവർ യമരാജാവിന്റെ ലോകത്തിൽ പോയി പിതൃക്കളും യമന്റെ പ്രജകളുമായ്തീരും. അവരവരുടെ കൃത്യാനുസാരം ഉത്തമന്മാരായോ മദ്ധ്യമന്മാരായോ അധമന്മാരായോ ഭവിക്കും.

പരലോകത്തിലെ അനുഭവം കേവലം പ്രാകൃതമാകുന്നു എന്നും അവിടത്തെ നിവാസികൾ നിത്യം ഭക്ഷണപാനാദികളിൽ രസിക്കും എന്നുമല്ലാതെ മറെറാന്നും പറഞ്ഞു കാണുന്നില്ല. പരലോകത്തിൽ ഭക്തന്മാൎക്കു ദേഹംകൂടെ വേണ്ടതാണെന്നു അവർ ആഗ്രഹിച്ചിരുന്നു. അവരുടെ ദേഹം നശിക്കാതിരിക്കേണ്ടതിന്നു അഗ്നി ദേഹത്തെ ശുദ്ധീകരിച്ചു പരലോകത്തിലെത്തിക്കുമെന്നും അഗ്നി തന്നെ ആത്മാക്കളുടെ ദേഹമായിരിക്കുമെന്നും അവർ വിചാരിച്ചു. ദുഷ്ടന്മാരുടെ ഗതിയെ കുറിച്ചും നരകത്തെക്കുറിച്ചും പ്രത്യേകം ഒന്നും പറഞ്ഞിട്ടില്ല. യമൻ ദുഷ്ടന്മാരെ കഠിനമായി ശിക്ഷിക്കുമെന്നും അവർ അന്ധകാര

ത്തിൽ പ്രവേശിച്ചു നശിച്ചുപോകുമെന്നും അവർ ഊഹിച്ചിരുന്നു. ഋഗ്വേ. X. 14; I. 125; I. 154, 5 — VIII. 38, 7.

ഈ കാൎയ്യങ്ങളെ കുറിച്ചുള്ള നിരൂപണം ബ്രാഹ്മണങ്ങളിലാകുന്നു അധികം വികസിച്ചു കാണുന്നതു.

യജുൎവ്വേദത്തിലും സാമവേദത്തിലും കാണുന്ന മന്ത്രങ്ങളുടെ അധികഭാഗവും ഋഗ്വേദത്തിൽ തന്നെയുള്ളവയാകകൊണ്ടു അവയിൽ കാണുന്ന പുരുഷാൎത്ഥനിരൂപണം നാം മീതെ പ്രസ്താവിച്ചതിൽനിന്നു വളരെ വ്യത്യാസപ്പെട്ടതല്ല. അഥൎവ്വണവേദത്തിന്റെ അവസ്ഥ കുറെ ഭേദിച്ചിട്ടാകുന്നു.

അഥൎവ്വണവേദത്തിലെ പുരുഷാൎത്ഥനിരൂപണസംക്ഷേപം:

ഹിന്തുദേശത്തിലെ പ്രാചീന നിവാസികൾ നിരന്തരം മന്ത്രം പ്രയോഗിച്ചിരുന്നു എന്നും അവൎക്കുണ്ടായിരുന്ന പലവിധകഷ്ടനഷ്ടങ്ങളും രോഗങ്ങളും ദുൎഭൂതങ്ങളിൽനിന്നോ മനുഷ്യരായ മന്ത്രവാദികളിൽനിന്നോ വന്നതായി അവർ വിചാരിച്ചിരുന്നു എന്നും നിസ്സംശയം തെളിയിക്കാം. ദുൎഭൂതഭയം അവൎക്കുണ്ടായിരുന്നു എന്നു ഋഗ്വേദത്തിൽനിന്നു തന്നെ കാണുന്നു. അവററിന്റെ നിവാരണത്തിന്നായി മന്ത്രവാദം ധാരാളം പ്രയോഗിച്ചിരിക്കുന്നു. അഥൎവ്വണവേദത്തിലെ മുഖ്യ സംഗതി മന്ത്രവാദമാകുന്നു. മന്ത്രവാദത്താൽ പ്രാകൃതനന്മകളെ മാത്രമെ സാധിപ്പിപ്പാൻ കഴികയുള്ളൂ. ക്ഷയരോഗം, അംഗഭംഗം, അതിസാരം, ജ്വരം, കുഷ്ഠം, ഭ്രാന്തു, ഭൂതബാധ, ദുസ്സ്വപ്നം എന്നിവയുടെ നിവാരണമാകുന്ന മന്ത്രവാദത്താൽ

അവർ ആഗ്രഹിച്ചിരുന്നതു. കൃഷിയുടെ വൎദ്ധന, കുഡുംബജീവന്റെ ശുഭത എന്നിവക്കായും മന്ത്രവാദം നടത്തിയിരുന്നു.— ഇതെല്ലാം വിചാരിച്ചാൽ ഋഗ്വേദസംഹിതയിലെപോലെ പ്രാകൃത നന്മകളെ തന്നെയാകുന്നു അഥൎവ്വണവേദത്തിലും അൎത്ഥിച്ചു കാണുന്നതു. അഥൎവ്വണം VI. 14; VII. 116; I. 23; VII. 100; VI. 111; III. 17; IV. 36.

---

## 2. ബ്രാഹ്മണങ്ങളിൽ കാണുന്ന പുരുഷാൎത്ഥ നിരൂപണം.

ഋഗ്വേദസംഹിതയിൽ കാണുന്നപ്രകാരം പാപനിവാരണത്തിന്നായുള്ള ആഗ്രഹം ബ്രാഹ്മണങ്ങളിലും കാണുന്നുണ്ടു. പാപികളെ വരുണൻ ബന്ധിക്കുമെന്നും അതിൽനിന്നു വിമോചനം പ്രാപിക്കേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. വിമോചനമാൎഗ്ഗം യാഗമാകുന്നു. പാപങ്ങളിൽ മുഖ്യമായതു യാഗാരാധനയിൽ വരുത്തുന്ന അബദ്ധങ്ങളാകുന്നു. അവയുടെ നിവാരണമെന്തെന്നു ഐതരേയ ബ്രാഹ്മണത്തിൽ പറഞ്ഞിരിക്കുന്നു. സദാചാരലംഘനങ്ങളായ പാപങ്ങൾക്കു ശുനഃശേഫന്റെ കഥ കേൾക്കുന്നതിനാൽ നിവാരണം വരും. പ്രത്യേകം രാജാക്കന്മാർ ആ കഥ പറഞ്ഞു കേൾക്കയും കഥപറയുന്നവന്നു ആയിരം പശുക്കളെ ദാനം ചെയ്കയും വേണ്ടതാകുന്നു.

മനുഷ്യന്റെ ഭാവിഅവസ്ഥയെ കുറിച്ചു പ്രത്യേകം പറഞ്ഞു കാണുന്നതു ബ്രാഹ്മണങ്ങളിലാകുന്നു. മരണത്താൽ മനുഷ്യന്റെ അവസ്ഥ അവസാനിച്ചു

പോകയില്ല എന്നു ഋഗ്വേദസംഹിത ഉത്ഭവിച്ചകാലത്തു തന്നെ വിചാരിച്ചിരുന്നു എന്നതിന്നു പിതൃക്കളുടെ ആരാധന മതിയായ സാക്ഷ്യമാകുന്നു.

മനുഷ്യന്റെ അമൎത്ത്യതയെ കുറിച്ചു ക്ലിപ്തമായി ബ്രാഹ്മണങ്ങളിലാകുന്നു പറഞ്ഞിരിക്കുന്നതു. ഒന്നാമതു അമൎത്ത്യത പ്രാപിച്ചതു ദേവന്മാരാകുന്നു.

“ആദിയിൽ ദേവന്മാർ മൎത്ത്യന്മാരായിരുന്നു. എങ്കിലും പ്രാൎത്ഥനാശക്തി എന്നു അൎത്ഥമുള്ള ബ്രഹ്മത്താൽ അവർ പ്രാപ്തന്മാരായിത്തീൎന്നപ്പോൾ അമൃതന്മാരായി ഭവിച്ചു.”

ദേവന്മാർ അമൎത്ത്യത പ്രാപിച്ചതെങ്ങിനെ എന്നതിന്നു വേറൊരു ദൃഷ്ടാന്തം പറയുന്നു.

“ഒരിക്കൽ ദേവന്മാർ യാഗം കഴിക്കുമ്പോൾ അസുരന്മാരാലുപദ്രവമുണ്ടായി. ദേവന്മാരുടെ യാഗത്തെ ഒക്കയും അസുരന്മാർ നശിപ്പിക്കയും അഗ്നീധ്ര എന്ന അഗ്നിയിലേക്കു ഓടിക്കയും ചെയ്തു. അവിടെ നിന്നു അവർ അമൎത്ത്യത പ്രാപിച്ചു.” ശതപത ബ്രാഹ്മണം III. 6, 1. 8. (കചന്റെ കഥ.)

ദേവന്മാർ യാഗത്താൽ അമൎത്ത്യത പ്രാപിച്ചപ്പോൾ മൃത്യു, ഇനി മനുഷ്യരും അമൎത്ത്യത പ്രാപിക്കും എന്നും അതിനാൽ തനിക്കു ആരെയും കിട്ടുകയില്ലെന്നും സങ്കടം പറഞ്ഞപ്പോൾ ദേവന്മാർ, മൎത്ത്യതയിലൂടെ അല്ലാതെ ഇനി ആരും അമൎത്ത്യത പ്രാപിക്കയില്ല എന്നു വാഗ്ദാനം ചെയ്തു. അതുകൊണ്ടു മനുഷ്യൻ മരണശേഷം മാത്രമേ അമൎത്ത്യത പ്രാപിക്കയുള്ളൂ. അസാധാരണ സുകൃതത്താൽ ചിലൎക്കു മരണം കൂടാതെ അമൎത്ത്യത പ്രാപിക്കാം. ശതപത X.

മനുഷ്യനെ മരണശേഷം പരലോകത്തിലെത്തിക്കുന്നതു അഗ്നിയാകുന്നു. അതുകൊണ്ടു ശവദഹനസമയത്തു അഗ്നി മരിച്ചവന്റെ ദേഹത്തെ യാതൊന്നും കേടുവരുത്താതെ പിതൃക്കളുടെ ദേശത്തെത്തിക്കേണമെ എന്നു അപേക്ഷിച്ചിരുന്നു. ദേഹത്തിന്റെ വിവിധഭാഗങ്ങളെ (പ്രത്യേകം പഞ്ചേന്ദ്രിയങ്ങളെ) സൂൎയ്യൻ വായു ആകാശം ഭൂമി വെള്ളം എന്നിവയിലേക്കു അഗ്നി എത്തിക്കുന്നു. ദേഹത്തിലെ ജനിക്കാത്ത വസ്തുവിനെ (ദേഹിയെ) അഗ്നി തന്നോടുകൂടെ ജ്വലിപ്പിച്ചു സുകൃതന്മാരുടെ ലോകത്തിലെത്തിക്കും. അതുകൊണ്ടു മനുഷ്യന്നു മൂന്നു ജനനം ഉണ്ടെന്നു പറയുന്നു. മാതാപിതാക്കന്മാരിൽനിന്നും യാഗത്തിൽനിന്നും മരണശേഷം പരലോകത്തിൽനിന്നും മനുഷ്യൻ ജനിക്കുന്നു. ഇതല്ലാതെ പുരോഹിതന്മാർ, ഭക്തന്മാരെ മരണം കൂടാതെ പരലോകത്തിലെത്തിപ്പാൻ കഴിയുമെന്നു പറഞ്ഞിരിക്കുന്നു.

പ്രാചീന ആൎയ്യരുടെ അഭിപ്രായപ്രകാരം മരണത്തിൽ ദേഹി ദേഹത്തിൽനിന്നു വേർപ്പെട്ടുപോയശേഷം വായുവിലൂടെ സ്വൎഗ്ഗത്തിലേക്കു കയറുന്നു. എന്നാൽ മനുഷ്യൻ ഏതൊരു ദൈവത്തെ ആരാധിക്കുന്നുവോ ആ ദേവങ്കലേക്കു തന്നെ ചെല്ലും. അതുകൊണ്ടു ഭക്തന്മാർ സൂൎയ്യരശ്മികളായ്ത്തീരുമെന്നും നക്ഷത്രങ്ങൾ ഭക്തന്മാരുടെ പ്രഭയാണെന്നുംകൂടെ പറഞ്ഞു കാണുന്നു. ഇങ്ങിനെ ഭക്തന്മാർ പരലോകത്തിലേക്കു ചെല്ലുന്നതു അവരവരുടെ പ്രവൃത്തിക്കനുസരിച്ചു പ്രതിഫലം വരേണ്ടതിന്നാകുന്നു. പ്രതിഫലം അനുഭവിക്കത്തക്ക പ്രവൃത്തികൾ പ്രത്യേകം യാഗങ്ങ

ളാകുന്നു. മനുഷ്യൻ എത്ര അധികം യാഗംചെയ്യുന്നുവോ അത്ര അധികം ഭാഗ്യം പരലോകത്തിൽ പ്രാപിക്കുന്നതാകുന്നു. എന്നുതന്നെയല്ല പരലോകത്തിൽ ദേഹത്തോടുകൂടിയ അനുഭവത്തിന്നു യാഗം ഏകവഴിയാകുന്നു. അതല്ലാതെ യാഗമാകുന്നു പരലോകത്തിൽ പ്രവേശിക്കുന്നവരുടെ ദേഹിയായ്ത്തീരുന്നതു എന്നുംകൂടെ പറഞ്ഞിരിക്കുന്നു. എന്നാൽ വെറും യാഗം മനുഷ്യന്നു സ്വൎഗ്ഗപ്രാപ്തി വരുത്തുന്നതല്ല. ജ്ഞാനവുംകൂടെ വേണം. ഈ ജ്ഞാനം വേദാന്തിയുടെ ജ്ഞാനമല്ല. ഞാൻ ഇന്നിന്ന ദേവന്മാരെ ഇന്നിന്ന വിധത്തിൽ ആരാധിച്ചാൽ ഫലം എന്തു എന്നു അറിയുന്നതാകുന്നു സ്വൎഗ്ഗപ്രാപ്തിക്കാവശ്യമായ ജ്ഞാനം തൈത്ത. III. 10.

സ്വൎഗ്ഗത്തിലെ അനുഭവം എന്തു എന്നുംകൂടെ പറഞ്ഞിരിക്കുന്നു. അവിടെ വസിക്കുന്ന പിതൃക്കൾ ഈ ലോകത്തിലെ മഹാഭാഗ്യവാന്മാരെക്കാൾ നൂറു പ്രാവശ്യം അധികം ഭാഗ്യമനുഭവിക്കുന്നു. അവർ രാജാക്കന്മാരെപോലെ ഇഹത്തിലെ സകല ഭാഗ്യങ്ങളെയും പ്രാപിക്കുന്നു. കൎമ്മംകൊണ്ടു ദേവന്മാരായ്ത്തീൎന്ന മനുഷ്യർ (കൎമ്മദേവന്മാർ) പിതൃക്കളെക്കാൾ നൂറിരട്ടി അധികം ഭാഗ്യവാന്മാരാകുന്നു. ഏറ്റവും വലിയ ഭാഗ്യം മനുഷ്യൻ ദേവന്മാരോടും ബ്രഹ്മത്തോടും ഒന്നായ്ത്തീരുന്നതത്രെ. പക്ഷെ അതു നിൎബ്ബാധലയമല്ല. സ്വൎഗ്ഗത്തിലേക്കു ചെല്ലുവാൻ വാതിലുകൾ പലതാകുന്നു. സ്വൎഗ്ഗവും പലതരങ്ങളാകുന്നു.

ബ്രാഹ്മണങ്ങളിൽ കാണുന്ന അമൎത്ത്യതാനിരൂപണവും സ്വൎഗ്ഗഭാഗ്യവിവരണവും ആകപ്പാടെ സം

ക്ഷേപിച്ചു പറയാം. മനുഷ്യൻ ഇവിടെ പ്രവൃത്തിക്കുന്നതിന്നനുസാരമായി ഭാഗ്യനിർഭാഗ്യങ്ങൾ പരത്തിലനുഭവിക്കും. മനുഷ്യന്റെ സൽക്കർമ്മദുഷ്കർമ്മങ്ങൾ മരണശേഷം ദേവന്മാർ ഒരു തുലാസ്സിലിട്ടു തൂക്കുമ്പോൾ ഏതൊന്നു അധികം തൂങ്ങുന്നുവോ അതിന്നു അനുസാരമായി ഭാഗ്യനിർഭാഗ്യങ്ങൾ ഉണ്ടാകും (ശതപഥബ്രാഹ്മണം XI. 2, 7. 33). ഭക്തന്മാക്കു സ്വർഗ്ഗഭാഗ്യമുണ്ടാകും. എല്ലാ പ്രാകൃതസന്തോഷങ്ങൾക്കും അവിടെ തഞ്ചം വരും. അവനവന്നു ഇഷ്ടാനുസാരം തടസ്ഥം കൂടാതെ പ്രവൃത്തിക്കാവുന്നതാകുന്നു. ദേഹത്തോടു കൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതു മഹാഭാഗ്യമാകുന്നു. അവരുടെ ദേഹി ഭൂമിയിൽ വെച്ചു അവർ ചെയ്ത യാഗമാകുന്നു. ചില യാഗങ്ങളാൽ മരണം കൂടാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം. തന്നെത്താൻ യാഗമാക്കുന്നവൻ സ്വർഗ്ഗത്തിൽ അതിശ്രേഷ്ഠനായ്വിളങ്ങും. എല്ലാ മനുഷ്യരും ദേഹത്തോടുകൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. പുണ്യവിശിഷ്ടത കുറഞ്ഞിരിക്കുന്നവരുടെ ദേഹി മാത്രമേ സ്വർഗ്ഗത്തിൽ ചെല്ലുകയുള്ളൂ. അവരുടെ ദേഹം മൃത്യുവിന്നുള്ളതാകുന്നു. അങ്ങിനേത്തവരുടെ പഞ്ചേന്ദ്രിയങ്ങൾ സൂര്യൻ ചന്ദ്രൻ വായു ആകാശം വെള്ളം എന്നിവയിലേക്കു പോകും. അവരുടെ ദേഹം ഭൂമിയിലേക്കും രോമങ്ങൾ വൃക്ഷങ്ങളിലേക്കും ചെല്ലും. മനുഷ്യൻ ഏതു ദൈവത്തെ ആരാധിക്കുന്നുവോ ആ ദൈവത്തിന്റെ അടുക്കലേക്കാകുന്നു മരണശേഷം ചെല്ലുന്നതു. വിശ്വദേവയാഗം ചെയ്യുന്നവൻ വിശ്വദേവകളെ പ്രാപിക്കും. ആദിത്യഭക്തൻ ആദിത്യനെ പ്രാ

പിക്കും. വേദപാരഗൻ ബ്രഹ്മത്തെ പ്രാപിക്കും. ഇവ ഒക്കയും സാധിക്കേണ്ടതിന്നു യാഗവും ജ്ഞാനവും ആവശ്യമാകുന്നു. ദൃഷ്ടാന്തം ബ്രഹ്മത്തിലേക്കു ആറു വാതിലുണ്ടു. അഗ്നി വായു വെള്ളം ചന്ദ്രൻ മിന്നൽ സൂൎയ്യൻ എന്നിവയത്രെ. ഇതു അറിയുന്നവൻ ആ വാതിലുകളൂടെ ബ്രഹ്മത്തെ പ്രാപിക്കും. സൂൎയ്യൻ ഒരിക്കലും അസ്തമിക്കുന്നില്ലെന്നറിയുന്നവൻ സൂൎയ്യനെ പ്രാപിക്കയും സൂൎയ്യനോടുകൂടെ വസിക്കയും അവൻെറ സ്വഭാവതുല്യത പ്രാപിക്കയും ചെയ്യുന്നു.

ദുഷ്ടന്മാരുടെ ഗതി എന്തെന്നുംകൂടെ പറഞ്ഞിട്ടുണ്ടു. ദുഷ്ടന്മാൎക്കു ശിക്ഷവരുമെന്നതു നിശ്ചയമാണെങ്കിലും ഏതുവിധം ശിക്ഷ എന്നു സ്പഷ്ടമായി പറഞ്ഞു കാണുന്നില്ല നരകവൎണ്ണനയുമില്ല. യമനെ കുറിച്ചു പറഞ്ഞു കാണുന്നതിൽനിന്നു യമലോകം ഭയങ്കരമാണെന്നു ഊഹിക്കാം. എന്നാൽ ദുഷ്ടന്മാർ കേവലം ഇല്ലാതെ പോകും എന്നും ഭക്തന്മാരും കൂടെ ആഗ്രഹത്തിൽനിന്നും വിഷയങ്ങളിൽനിന്നും നിവൎത്തന്മാരാകുമെന്നും പറഞ്ഞിരിക്കുന്നതു നിൎവ്വാണോപദേശത്തിൻെറ അങ്കുരങ്ങളാകുന്നു. അവ്വണ്ണം തന്നെ ജന്മാന്തരോപദേശത്തിൻെറ ആരംഭസൂചനകളും ബ്രാഹ്മണങ്ങളിൽ കാണും.

മനുഷ്യൻെറ ഭാവിഅവസ്ഥയെ കുറിച്ചു ബ്രാഹ്മണങ്ങളിൽ പറഞ്ഞിരിക്കുന്നവറ്റെ തെളിയിക്കുന്ന ഒരു കഥ താഴെ ചേൎക്കുന്നു. തൈത്തരീയ III. 118; കഠോപനിഷത്ത് I.

പ്രതിഫലകാംക്ഷയോടുകൂടെ വാജശ്രവസൻ തൻെറ ധനമെല്ലാം യാഗം ചെയ്തു. അതിനാൽ

അവന്നു നചികേതസ് എന്ന പുത്രൻ ജനിച്ചു. നചികേതസ് ചെറുപ്പത്തിൽ തന്നെ ഭക്തി വൈരാഗ്യത്തോടു കൂടിയവനായിരുന്നതിനാൽ "എന്നെ ആൎക്കുകൊടുക്കും" (യാഗം കഴിക്കും) എന്നു അച്ഛനോടു കൂടെക്കൂടെ ചോദിച്ചു. അച്ഛന്നു ഈ ചോദ്യം കേട്ടു വെറുപ്പുവന്നപ്പോൾ അവനോടു "ഞാൻ നിന്നെ മൃത്യുവിന്നു കൊടുക്കും" എന്നു പറഞ്ഞു. ഉടനെ ഒരു അശരീരിവാക്യം ഉണ്ടായി നചികേതസിനോടു പറഞ്ഞു. "നീ മൃത്യുവിന്റെ അടുക്കലേക്കു പോക, ഞാൻ നിന്നെ മൃത്യുവിന്നു കൊടുത്തിരിക്കുന്നു എന്നു അച്ഛൻ നിന്നോടു പറഞ്ഞുവല്ലോ. അതുകൊണ്ടു നീ മൃത്യുവില്ലാത്തപ്പോൾ അവന്റെ ഗൃഹത്തിൽ ചെന്നു മൂന്നു ദിവസം നിരാഹാരനായി താമസിക്കു. അവൻ മടങ്ങിവന്നു നിന്നോടു നീ എത്രനാളായി ഇവിടെ ഇരിക്കുന്നു എന്നും നീ എന്തു ഭക്ഷിച്ചു എന്നും ചോദിച്ചാൽ ഞാൻ മൂന്നു ദിവസങ്ങളായി ഇവിടെ വസിക്കുന്നു എന്നും ഒന്നാം ദിവസം നിന്റെ പുത്രന്മാരെയും രണ്ടാം ദിവസം നിന്റെ കന്നുകാലികളെയും മൂന്നാം ദിവസം നിന്റെ സല്ക്രിയകളെയും ഭക്ഷിച്ചു എന്നും പറക" എന്നു കല്പിച്ചു. അവ്വണ്ണം തന്നെ നചികേതസ് പോകയും മൃത്യുവിന്റെ ചോദ്യത്തിന്നുത്തരം പറകയും ചെയ്തപ്പോൾ "നീ ആവശ്യമുള്ള വരം ചോദിക്ക" എന്നു നചികേതസിനോടു പറഞ്ഞു. ഒന്നാമതു "വീണ്ടും അച്ഛന്റെ അടുക്കലേക്കു മടങ്ങിപോകട്ടെ" എന്നും രണ്ടാം വരം ചോദിപ്പാൻ അനുവദിച്ചപ്പോൾ "എന്റെ യാഗം അനശ്വരമായിരിക്കട്ടെ" എന്നും മൂന്നാം വരം അനുവദിച്ചപ്പോൾ

"മരണത്തെ ജയിപ്പാൻ വരം തരേണം എന്നും" നചികേതസ് പറഞ്ഞു. മൃത്യു അതെല്ലാം നല്കി.

തൈത്തരീയ ബ്രാഹ്മണത്തിൽ കഥ ഇവിടെ അവസാനിക്കുന്നു എങ്കിലും കഠോപനിഷത്തിൽ ഈ കഥയെ തത്വജ്ഞാനാനുസാരം തുടൎന്നു പറഞ്ഞിരിക്കുന്നതു താഴെ ചേൎക്കുന്നു.

മൂന്നാം വരത്തിന്നായി യാചിപ്പാൻ മൃത്യു അനുവദിച്ചപ്പോൾ നചികേതസ് "മരണശേഷം മനുഷ്യൻ ജീവിക്കുന്നു എന്നു ചിലർ പറയുന്നെങ്കിലും മറ്റു ചിലർ മനുഷ്യൻ മരണശേഷം ഇല്ലാതെ പോകുന്നു എന്നു പറയുന്നു. ഈ കാൎയ്യത്തിന്റെ വാസ്തവമെന്തു" എന്നുചോദിച്ചു. മൃത്യു ഉത്തരം പറഞ്ഞു. "ഈ കാൎയ്യത്തെക്കുറിച്ചു ദേവന്മാൎക്കു തന്നെ മുമ്പുവളരെ സംശയമുണ്ടായിരുന്നു. ഇതു അറിവാൻ പ്രയാസമായ കാൎയ്യമാകുന്നു. അതുകൊണ്ടു നചികേതസെ നീ മറ്റു വല്ലവരവും ചോദിക്ക." നചികേതസ്: "ദേവന്മാൎക്കു തന്നെ സംശയമുള്ളതും അറിവാൻ പ്രയാസമുള്ളതും ആകകൊണ്ടു തന്നെ ഇതറിവാൻ അത്യാവശ്യമാകുന്നു. ഇതു തെളിയിച്ചു തരുവാൻ നിണക്കല്ലാതെ മററാൎക്കും സാധിക്കുന്നതല്ല" എന്നു പറഞ്ഞു. മൃത്യുപറയുന്നു: "നീ പുത്രസമ്പത്തു ധനം സുഖഭോഗം രാജ്യം ദീൎഘായുസ്സു സ്വൎണ്ണം എന്നിവ ഒക്കെയും യാചിച്ചു കൊൾക. മേല്പറഞ്ഞ വരം മാത്രം ചോദിക്കേണ്ട". നചികേതസ് പറയുന്നു. "ഇവ ഒക്കെയും നാളെക്കു മാത്രം നില്ക്കുന്നു. അവ ഒക്കെയും നിണക്കു തന്നെ ഇരിക്കട്ടെ. മനുഷ്യന്നു ധനത്താൽ പൂൎണ്ണ തൃപ്തിവരികയില്ല. അതുകൊണ്ടു എന്റെ

ചോദ്യത്തിന്നു ഉത്തരം ലഭിക്കുന്നതിനേക്കാൾ വലിയ വരം മറെറാന്നുമില്ല."

മൃത്യു പറയുന്നു: "ഒരു തരം വിഷയങ്ങൾ നല്ലതും മറെറാരു തരം വിഷയങ്ങൾ താല്ക്കാലികസന്തോഷകരങ്ങളുമാകുന്നു." ഈ രണ്ടു തരം വിഷയങ്ങളാലും മനുഷ്യൻ ബന്ധിക്കപ്പെടുന്നു. ആ വിഷയങ്ങളിൽ നന്മയായതിനെ തെരിഞ്ഞെടുക്കുന്നവന്നു നല്ലതു ഭവിക്കും. എന്നാൽ താല്ക്കാലിക സന്തോഷകരമായവറെറ തെരിഞ്ഞെടുക്കുന്നവൻ ഉത്തമലാക്കിൽനിന്നു തെററിപ്പോകുന്നു. ജ്ഞാനി നന്മയായവറെറ എടുത്തു വെറും സന്തോഷകരങ്ങളെ ത്യജിക്കയും ആലോചനക്കുറവുള്ളവൻ സന്തോഷകരങ്ങളെ എടുത്തു നന്മയായവറെറ ത്യജിക്കയും ചെയ്യുന്നു. നചികേതസേ നീ ആ കാൎയ്യങ്ങളെക്കുറിച്ചു ആലോചിക്കുന്നവനാകയാൽ തല്ക്കാലസന്തോഷത്തെ ത്യജിച്ചിരിക്കുന്നു. അനേകമനുഷ്യർ നശിപ്പാൻ കാരണമായ ധനത്തിലേക്കുള്ള മാൎഗ്ഗത്തെ നീ വിട്ടിരിക്കുന്നു. അനേകസന്തോഷവിഷയങ്ങൾ നിന്നെ വശീകരിച്ചിട്ടും നീ അവററിന്നു വശനാസ്ത്തീരായ്ക്കയാൽ ജ്ഞാനിയാകുന്നു. മൂഢന്മാർ അജ്ഞാനത്താലും ബുദ്ധിമാന്മാർ എന്നു പറയപ്പെടുന്നവർ ഗൎവ്വത്താലും ബാധിക്കപ്പെട്ടു കുരുടരെ നടത്തുന്ന കുരുടരാകുന്നു. സമ്പത്തുകളാൽ വശീകരിക്കപ്പെടുന്നവർ ഭാവിയിലെ ഭാഗ്യമെന്തെന്നു അതിന്നുള്ള മാൎഗ്ഗം എന്തെന്നും അറിയുന്നില്ല. ഈ ലോകം അല്ലാതെ മറെറാന്നുമില്ല എന്നു വിചാരിച്ചുകൊണ്ടു അവർ വീണ്ടും വീണ്ടും എൻെറ കൈയിൽ പെടുന്നു. യോഗ്യനായ ഗുരുവിനാൽ അഭ്യസിക്ക

പ്പെട്ടവനും ആത്മാവിനെ ഗ്രഹിപ്പാൻ പ്രയാസമാണെന്നറിയുന്നവനും ആരോ അവനാകുന്നു അതിശയിക്കത്തക്കവൻ. അണുവിനെക്കാൾ ചെറുതായ ആത്മാവു ബുദ്ധിക്കതീതനാകുന്നു. ആത്മാവിനെ അദൃശ്യൻ ഗുപ്തൻ ഹൃദയത്തിൽ വസിക്കുന്നവൻ എന്നു ആത്മധ്യാനത്താൽ ഗ്രഹിക്കുന്നവൻ സുഖദുഃഖങ്ങളെ ത്യജിക്കുന്നു. സർവ്വജ്ഞാതാവായ ആത്മാവിന്നു ജനനമരണങ്ങളില്ല. ദേഹം മരിക്കുമ്പോൾ അതു മരിക്കുന്നില്ല. സർവ്വത്തെക്കാൾ ചെറുതും സർവ്വത്തിലും വലുതുമായ ആത്മാവു ജീവിക്കുന്നവൻെറ ഹൃദയത്തിൽ വസിക്കുന്നു. ആഗ്രഹനിവൃത്തനും ദുഃഖരഹിതനുമായവൻ ആത്മമാഹാത്മ്യത്തെ അറിയുന്നു. ദേഹങ്ങളിൽ ദേഹമില്ലാത്തതായും മാറുന്നവററിൽ മാററമില്ലാത്തതായും ആത്മാവിരിക്കുന്നു എന്നറിയുന്നവൻ ദുഃഖിക്കുന്നില്ല.

---

## 3. ഉപനിഷത്തുകളിലും തത്വജ്ഞാനത്തിലും വ്യവഹരിച്ചുകാണുന്ന ശ്രേഷ്ഠപുരുഷാർത്ഥം.

ഉപനിഷത്തുകളിലും തത്വജ്ഞാനസിദ്ധാന്തങ്ങളിലും ബ്രഹ്മോപദേശമാണല്ലോ മുഖ്യം. മനുഷ്യൻ ബ്രഹ്മത്തേയും സ്വന്ത ആത്മാവിനേയും അറിഞ്ഞു സ്ഥൂലവസ്തുവിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നതാകുന്നു മോക്ഷം. (ബ്രഹ്മലയം ആകുന്നു അവയിൽ പറയുന്ന ശ്രേഷ്ഠപുരുഷാർത്ഥം.)

ബ്രഹ്മത്തെക്കുറിച്ചുള്ള പ്രസ്താവങ്ങൾ ഉപനിഷത്തുകളുടെ മുഖ്യസാരമാകുന്നു. ഇവിടെ ഒരു ദൃഷ്ടാ

ന്നം മാത്രം ചേൎക്കുന്നു. കാശിയിലെ രാജാവായ അ ജാതശത്രുവിന്നും ഒരു ബ്രാഹ്മണന്നും തമ്മിലുണ്ടായ വാദം, ബൃഹദാരണ്യകോപനിഷത്തിൽനിന്നു എടുത്തു പ്രസ്താവിക്കുന്നു. ബ്രഹ്മോപദേശം ഗ്രഹിപ്പിച്ചു തരാമെന്നു ബ്രാഹ്മണൻ പറഞ്ഞപ്പോൾ രാജാവു ആയിരം പശുക്കളെ വാഗ്ദാനംചെയ്തു. സൂൎയ്യൻ മിന്നൽ ചന്ദ്രൻ വെള്ളം ആകാശം നാലുദിക്കുകൾ എന്നിവറ്റിലൊക്കെയും വ്യാപിക്കുന്ന പുരുഷനെ ഞാൻ ബ്രഹ്മമായി ആരാധിക്കുന്നു എന്നു ബ്രാഹ്മണൻ പറഞ്ഞപ്പോൾ അവ്വണ്ണം ഞാനും ചെയ്യുന്നു എന്നു രാജാവു മറുവടിപറഞ്ഞു. പിന്നെ ബ്രാഹ്മണൻ നടക്കുന്ന ഒരു മനുഷ്യന്റെ പിമ്പിൽ കേൾക്കുന്ന ശബ്ദം ബ്രഹ്മമാണെന്നു പറഞ്ഞതിന്നു, രാജാവു അതു ജീവനാകുന്നു, അതിനെ ഞാനും ബ്രഹ്മമായി അറിയുന്നു എന്നു പ്രത്യുത്തരം പറഞ്ഞു. ഒടുക്കം ബ്രാഹ്മണൻ ഞാൻ ആത്മാവിലെ പുരുഷനെ ബ്രഹ്മമായി ആരാധിക്കുന്നു എന്നു പറഞ്ഞപ്പോൾ രാജാവു അതാകുന്നു ആത്മബ്രഹ്മം, അതിനെ ഞാനറിയുന്നു എന്നു പറഞ്ഞു. ബ്രാഹ്മണന്നു ഇതിൽപരമൊന്നും പറവാനില്ലായ്കയാൽ മൌനമായിരുന്നു. അപ്പോൾ രാജാവു ബ്രാഹ്മണന്റെ അപേക്ഷപ്രകാരം ബ്രഹ്മോപദേശം ബ്രാഹ്മണനോടു പറഞ്ഞു. രാജാവു അവനെ ഉറങ്ങുന്ന ഒരാളുടെ അടുക്കെ കൂട്ടിക്കൊണ്ടു ചെന്നു ഉറങ്ങുന്നവനോടു മഹാരാജാവെ എഴുന്നീല്ക്ക എന്നു പറഞ്ഞു. ഉറങ്ങുന്നവനുണരായ്കകൊണ്ടു രാജാവു അവനെ തൊട്ടു ഉടനെ അവൻ ഉണൎന്നു. അപ്പോൾ രാജാവു ബ്രാഹ്മണനോടു അവൻ ഉറങ്ങുമ്പോൾ അവന്റെ ജ്ഞാന

മാകുന്ന പുരുഷനെവിടെയായിരുന്നു എന്നു ചോദിച്ചതിന്നു ബ്രാഹ്മണന്നു ഉത്തരം പറവാൻ കഴിഞ്ഞില്ല. അപ്പോൾ രാജാവു, പുരുഷൻ തന്റെ ജ്ഞാനത്തെ ജീവകരണങ്ങളിലെ ജ്ഞാനത്തോട്ടു ചേൎത്തു ഹൃദയത്തിൽ ശ്വാസമായി സ്വസ്ഥത അനുഭവിച്ചു എന്നും അവൻ ഉറങ്ങുമ്പോൾ ആത്മാവു സ്വപ്നാവസ്ഥയിൽ സഞ്ചരിക്കയോ താൻ രാജാവാണെന്നു ഊഹിക്കയോ ചെയ്തു എന്നും പറഞ്ഞു. അതേസമയത്തു അവന്റെ ദേഹത്തിൽ അതു യഥേഷ്ടം പെരുമാറിക്കൊണ്ടിരുന്നു. സ്വപ്നമില്ലാത്ത ഗാഢനിദ്രയിലോ ആത്മാവു ശരീരത്തിന്റെ എഴുപത്തീരായിരം നാഡികളിൽ കൂടെ വ്യാപരിച്ചു ഹൃദയത്തിൽനിന്നു അതിന്റെ സ്വന്ത.കോശത്തിൽ ചെന്നു വസിക്കും. ഈ ജീവകരണങ്ങളെയും കാണുന്ന സൎവ്വത്തേയും തന്നിലേക്കതന്നെ ചേൎത്തശേഷം ആത്മാവു സുഷുപ്തിയിൽ പ്രവേശിക്കും.

മീതെ പ്രസ്താവിച്ചതിൽനിന്നു ബ്രഹ്മത്തിന്റെ ജാഗ്രത, സ്വപ്നം, സുഷുപ്തി എന്നീ മൂന്നു അവസ്ഥകളിൽ ഉള്ള അനുഭവം എന്തെന്നു കാണുന്നു. ബ്രഹ്മത്തിന്റെ നാലാമത്തെ അവസ്ഥ തുൎയ്യമാകുന്നു. വേദാന്തികളിൽ ചിലർ "ഉണ്മാണി (തുൎയ്യാതീതം)" എന്നൊരു അഞ്ചാം അവസ്ഥയുണ്ടെന്നു പറയുന്നു. അജ്ഞാനത്താൽ മനുഷ്യൻ ബാധിതനായി നില്ക്കുന്നതു ജാഗ്രത് ആകുന്നു. സ്ഥൂലദേഹത്തിന്റെ നാശം പ്രാപിക്കുന്നതു സ്വപ്നാവസ്ഥയും സൂക്ഷ്മദേഹത്തിന്റെ നാശം വരുന്ന സ്ഥിതി സുഷുപ്തിയുമാകുന്നു. ഈ മൂന്നു സ്ഥിതികൾ മാത്രം പ്രാപിക്കുന്ന

വർ ജന്മങ്ങൾക്കധീനമാകുന്നു. തുൎയ്യാവസ്ഥയിലോ കാരണശരീരത്തിന്നു കൂടെ നാശം വരുന്നതുകൊണ്ടു ആ അവസ്ഥയിലെത്തുന്നവർ ജന്മങ്ങളിൽനിന്നും എല്ലാ അനുഭവങ്ങളിൽനിന്നും വിമുക്തരായിത്തീരുന്നു. ഈ സ്ഥിതിയിലാകുന്നു അജ്ഞാനം കേവലം നശിക്കുന്നതു. തുൎയ്യാവസ്ഥയിൽ തന്നെയാകുന്നു പരമാത്മാവിരിക്കുന്നതു. നിൎബ്ബാധമായും നിൎഗ്ഗുണമായും ഇരിക്കുന്ന ആ പരമാത്മാവോടു ചേൎന്നു ലയിച്ചുപോകയും ജന്മങ്ങളിൽനിന്നു മുക്തനാകയും ചെയ്യുന്നതാകുന്നു ശ്രേഷ്ഠപുരുഷാൎത്ഥം. അഞ്ചാം അവസ്ഥയെ എല്ലാവരും സമ്മതിക്കുന്നില്ല. എന്തായാലും മനുഷ്യന്റെ വ്യക്തിത്വവും സ്വയബോധവും നശിക്കുന്നതാകുന്നു ഭാഗ്യമെന്നു വേദാന്തവും ഉപനിഷത്തുകളും സ്പഷ്ടമായുറയുന്നു. മററുള്ള സിദ്ധാന്തങ്ങളിൽ ബ്രഹ്മലയം എന്നതിനെക്കുറിച്ചല്ല ആത്മാവു ജന്മങ്ങളിൽനിന്നു വിമുക്തി പ്രാപിക്കുന്നതാകുന്നു ശ്രേഷ്ഠപുരുഷാൎത്ഥം എന്നതിനെക്കുറിച്ചാകുന്നു പറയുന്നതു. ഇതാകുന്നു മുക്തി അല്ലെങ്കിൽ ഹിന്തുക്കളുടെ ശ്രേഷ്ഠപുരുഷാൎത്ഥമായ മോക്ഷം.

മോക്ഷം കേവലം പാരത്രികമാകുന്നു. പാരത്രികമായ മോക്ഷത്തെ പ്രാപിപ്പാനുള്ള മാൎഗ്ഗം ജ്ഞാനമാകുന്നു. ജീവാത്മാവിന്റെയും പരമാത്മാവിന്റെയും തത്വമറിഞ്ഞു ജീവാത്മാവും പരമാത്മാവും ഒന്നു തന്നെ എന്നു ഗ്രഹിക്കുന്നതാകുന്നു മോക്ഷസാധനമായ ജ്ഞാനം. ജ്ഞാനി പാരത്രികമോക്ഷം പ്രാപിക്കുമ്മുമ്പു തന്നെ ജ്ഞാനിയായിത്തീൎന്ന ഉടനെ പുരുഷാൎത്ഥപ്രാപ്തനായിരിക്കുന്നു എന്നു പറയാം.

ജ്ഞാനി ഈ ലോകത്തിൽ ജീവന്മുക്തനാകുന്നു. അജ്ഞാനനിവാരണത്താൽ സ്വന്ത തത്വമായ അഖണ്ഡബ്രഹ്മത്തെ ശരിയായി ഗ്രഹിക്കുന്നവനാകുന്നു ജീവന്മുക്തൻ. അവനിൽനിന്നു അജ്ഞാനം നീങ്ങിയിരിക്കകൊണ്ടു സഞ്ചിതക്രിയാമാനം എന്നീ കൎമ്മങ്ങളിൽനിന്നും ബന്ധനത്തിൽനിന്നും മോചിക്കപ്പെട്ടവൻ അവനാകുന്നു. ബ്രഹ്മനിഷ്ഠയാൽ അവൻ പരാപരവസ്തുവെ പരിഗ്രഹിക്കുന്നു. എങ്കിലും പ്രാരബ്ധാനുഭവം അവന്നു മരണംവരെ ഉണ്ടാകും. എന്നാൽ ഇനി അവന്നു ജന്മമുണ്ടാകയില്ല. അവന്റെ ജീവിതാവസ്ഥകളൊക്കയും മുമ്പേത്ത വിധത്തിൽ തന്നെ നടന്നാലും അവനെ യാതൊന്നും ബാധിക്കുന്നതല്ല. മരണത്തിങ്കൽ അവൻ ബ്രഹ്മത്തെ പ്രാപിക്കും. അതാകുന്നു പരമാനന്ദമാകുന്ന മോക്ഷം.

നൂതന തത്വജ്ഞാനികളിൽ അധികം പേരും ഉപനിഷത്തുകളിലെ പുരുഷാൎത്ഥത്തെ തന്നെയാകുന്നു കാംക്ഷിച്ചിരിക്കുന്നതു. രാമാനുജൻ മാത്രമെ ഇതിൽനിന്നു കുറെ ഭേദമായുപദേശിച്ചിട്ടുള്ളു. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം മൂന്നു നിത്യസത്വങ്ങളുണ്ടു (ചിത് അചിത് ഈശ്വരൻ). മാനുഷാത്മാവും പരമാത്മാവും ഒന്നല്ല വെവ്വേറെ അസ്തിത്വത്തോടുകൂടിയവ ആകുന്നു. അവന്റെ പുരുഷാൎത്ഥം വേദാന്തിയുടെ മോക്ഷമല്ല, സായൂജ്യമാകുന്നു. അവന്റെ അഭിപ്രായപ്രകാരം ജീവാത്മാവു പരമാത്മാവിനോടു സായൂജ്യം പ്രാപിക്കുന്നെങ്കിലും അതു സ്വയബോധത്തോടുകൂടിയ അനുഭവമാകുന്നു. നിൎബ്ബോധലയമല്ല.

## 4. പൌരാണിക മതത്തിലെ പുരുഷാൎത്ഥം.

തത്വജ്ഞാനികളുടെ ദൈവനിരൂപണവും പുരുഷാൎത്ഥനിരൂപണവും സാമാന്യ ജനങ്ങൾക്കു അഗ്രാഹ്യമായിരിക്കയാലും ജീവവാഞ്ഛയ്ക്കു തൃപ്തിവരാത്തതിനാലും പൌരാണിക മതത്തിൽ പുരുഷാൎത്ഥനിരൂപണം മാറി ബ്രാഹ്മണങ്ങളിലെ പുരുഷാൎത്ഥനിരൂപണം പുനൎജ്ജീവിച്ചു എന്നു പറയാം. പൌരാണിക മതത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥം സ്വൎഗ്ഗമാകുന്നു. പുരാണങ്ങളിൽ കാണുന്ന ചിലസ്വൎഗ്ഗങ്ങളുടെ വൎണ്ണന താഴെ ചേൎക്കുന്നു.

ഇന്ദ്രന്റെ സ്വൎഗ്ഗം. മഹാമേരുപൎവ്വതത്തിന്റെ കിഴക്കെ ഭാഗത്തു ഇന്ദ്രപുരി അല്ലെങ്കിൽ അമരാവതി എന്നു അനിതരസാധാരണമായ ഒരെടുപ്പുണ്ടു. അവിടെ വസിക്കുന്ന ദേവന്മാൎക്കു ദേവേന്ദ്രനാകുന്നു രാജാവു. അമരാവതി രത്നക്കല്ലുകളാൽ ഉണ്ടാക്കപ്പെട്ടതും നാനാവിധ ചിത്രങ്ങൾ പതിച്ചതും വളരെ ഉന്നതവും പാൎപ്പാൻ സുഖകരവും ഋതുദോഷങ്ങൾ ബാധിക്കാത്തതും അതിരസകരമായ ഭക്ഷ്യങ്ങൾ നിറഞ്ഞതും വേണ്ടപ്പെട്ട സൎവ്വസുഖസാധനങ്ങളാൽ പരിപൂൎണ്ണവുമാകുന്നു. പാലാഴി കടയുമ്പോൾ ഉണ്ടായതും ആഗ്രഹ വിഷയങ്ങളെ പ്രദാനം ചെയ്യുന്നതുമായ കല്പകവൃക്ഷം അവിടെ ഉണ്ടു. പാലാഴി കടയുമ്പോൾ ഉണ്ടായ ഐരാവതവും അവിടെ ഉണ്ടു. വെളുപ്പുനിറമുള്ളതും നാലുകൊമ്പുള്ളതും ദേവേന്ദ്രന്റെ വാഹനവും ശത്രുനിഗ്രഹത്തിൽ സാമൎത്ഥ്യമുള്ളതും വളരെ ബുദ്ധിയുള്ളതുമായ ആനയാകുന്നു ഐരാവതം. മൈഥുനതൃപ്തിക്കായി അവിടെ അന

വധി അപ്സരസ്ത്രീകൾ വസിക്കുന്നു. അവർ അതിസുന്ദരിമാരും സംഗീത നാട്യാദികളിൽ അതിനിപുണമാരുമാകുന്നു. സുകൃതജീവികളായ മനുഷ്യർ മരണശേഷം സ്വർഗ്ഗത്തിലേക്കു ചെല്ലുമ്പോൾ അപ്സരസ്ത്രീകളാകുന്നു അവരെ എതിരേററു കൊണ്ടുപോകുന്നതു അവിടെ വസിക്കുന്ന ദേവന്മാർ ആമൃതന്മാരും പലതരം വിദ്യാഭ്യാസമുള്ളവരും യക്ഷന്മാർ, കിന്നരന്മാർ, ഗന്ധർവ്വന്മാർ വിദ്യാധരന്മാർ എന്നീ ശാഖകളായി വ്യത്യസ്തപ്പെട്ടവരുമാകുന്നു. ആദിത്യന്മാരും വിശ്വദേവകളും വസുക്കളും തുഷിതന്മാരും ആഭാസ്വരന്മാർ മഹാരാജികന്മാർ അനിലന്മാർ സാദ്ധ്യന്മാർ രുദ്രന്മാർ എന്നിവരും അവിടെയാകുന്നു വസിക്കുന്നതു. ഇവർക്കൊക്കെയും ഇന്ദ്രൻ തന്നെയാകുന്നു രാജാവു. ഇന്ദ്രസ്ഥാനം മനുഷ്യർക്കും പ്രാപിക്കാം. വളരെ സുകൃതത്തോടു ജീവിച്ചു ശതയാഗം കഴിച്ചാൽ മനുഷ്യനു ഇന്ദ്രനാവാം. നഹുഷൻ വീരസേനൻ എന്നിവർ സ്വയകൃത്യംകൊണ്ടു ഇന്ദ്രൻെറ അദ്ധ്യാസനം വാങ്ങിയിരിക്കുന്നു.

ദേവേന്ദ്രൻെറ മകനായ അർജ്ജുനൻ വില്ലാളികളിൽ അതിസമർത്ഥനായിരുന്നു. സ്വർഗ്ഗത്തിൽകാലകേയന്മാർ മുതലായ രാക്ഷസന്മാരുടെ ഉപദ്രവനിവാരണം ഇന്ദ്രനാൽ അസാദ്ധ്യമായ്വന്നപ്പോൾ ഇന്ദ്രൻ തൻെറ സാരഥിയായ മാതലിയെ വിളിച്ചു നീ ഭൂമിയിൽപോയി വില്ലാളികളിൽ അഗ്രഗണ്യനും നമ്മുടെ മകനുമായ അർജ്ജുനനെ കൂട്ടിക്കൊണ്ടു വരേണമെന്നു കല്പിച്ചു. അവ്വണ്ണം ചെയ്തു, അർജ്ജുനൻ സ്വർഗ്ഗത്തിൽ ചെന്നു ശത്രുക്കളെ നിഗ്രഹിച്ചു മടങ്ങുമ്പോൾ

അവിടത്തെ പരമ മോഹിനികളിൽ ഒരുത്തിയായ ഉൎവ്വശി അൎജ്ജുനനെ വശീകരിച്ചു ഭൎത്താവായിരിപ്പാൻ ആവശ്യപ്പെട്ടതിന്നു അവൻ വഴിപ്പെടാഞ്ഞപ്പോൾ അവൾ നീ ആണും പെണ്ണുമല്ലാതെയായ്പൂവിക്കുക എന്നു ശപിച്ചു കളഞ്ഞു.

## ബ്രഹ്മാവിൻെറ വാസസ്ഥാനമാകുന്ന സത്യലോകം.

മഹാമേരുവിൻെറ മുകൾപരപ്പിൽ വളരെ വിശാലമായ ഒരു സ്ഥലമുണ്ടു അതിന്നു സത്യലോകമെന്നാകുന്നു പേർ. അവിടെ സ്ഥിരവാസം ചെയ്യുന്നവർ ഋഷികൾക്കു വല്ല വേദസംശയവും വരുമ്പോൾ അവയെ പററി ബ്രഹ്മാവോടു ചോദിക്കയും അദ്ദേഹം അവയുടെ ഗൂഢാൎത്ഥം വിവരിക്കയും സംശയനിവാരണം വന്നാൽ എല്ലാവരും സമാധിയിലിരിക്കയും ചെയ്യും. ലോകോപദ്രവം നിമിത്തം വല്ല ഋഷികളൊ ദേവന്മാരൊ അപേക്ഷിച്ചാൽ നിവാരണമാൎഗ്ഗം ബ്രഹ്മാവു അരുളിച്ചെയ്യും സത്യലോകത്തിരുന്നുംകൊണ്ടു ബ്രഹ്മാവു തൻെറ ഭക്തന്മാൎക്ക വരം നല്കുകയും ശിവൻ, വിഷ്ണു എന്നവരോടുകൂടെ എല്ലാ കാൎയ്യങ്ങളും ആലോചിച്ചു നടത്തുകയും ചെയ്യും. ഭാൎയ്യയുടെ പേർ സരസ്വതി എന്നായിരുന്നു.

മഹാഭിഷക് എന്ന രാജാവു ഇഹലോകകൃത്യം കഴിഞ്ഞതിൽ പിന്നെ സത്യലോകത്തിൽ പ്രവേശിച്ചു. ഒരു ദിവസം ഗംഗാദേവി സങ്കടം പറയേണ്ടതിന്നു സത്യലോകത്തിൽ ചെന്നപ്പോൾ കാററിൻെറ ഉഗ്രതകൊണ്ടു വിവസ്ത്രയായി. മഹാഭിഷക്

ആ ഗംഗാദേവിയെ മോഹിച്ച കാരണത്താൽ വീണ്ടും ഭൂമിയിലേക്ക പോവാൻ ബ്രഹ്മാവിൻെറ കല്പനയുണ്ടായി.

## വിഷ്ണുവിൻെറ വാസസ്ഥലമായ വൈകുണ്ഠം.

ഇതു പാലാഴിയിലെ അതിവിശിഷ്ടമായ ഗൃഹമാകുന്നു. അതു ദ്വീപിന്മേൽ കെട്ടിയുണ്ടാക്കിയതും മനോഹരമായ മന്ദസമീരണനാൽ എപ്പോഴും വ്യാപിക്കപ്പെട്ടതും ഭിത്തികളുള്ള രത്നപ്രഭയാലും ശേഷൻെറ ഫണമണിപ്രഭയാലും രാവു പകൽ തിരിയാതെ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നതും ഇന്ദ്രസ്വൎഗ്ഗത്തിലെ സ്ത്രീകളെക്കാൾ സുഭഗമാരായ ഒരു കൂട്ടം സ്ത്രീകളെ കൊണ്ടു നിറഞ്ഞിരിക്കുന്നതും അവരുടെ അതിമനോഹരമായ ഗാനവിദ്യകൊണ്ടും നൃത്തഭേദങ്ങളെക്കൊണ്ടും സ്ഥാവരങ്ങൾക്കു കൂടി രോമാഞ്ചം ജനിപ്പിക്കുമോ എന്നു തോന്നിപ്പോകുന്നതും പാല്ക്കടലിൽനിന്നു നിത്യം അലച്ചുവരുന്ന തിരമാലകളുടെ ദൎശനത്താലും ഭക്തന്മാരുടെ സ്തുതികളാലും നിത്യം പരമാനന്ദ സംയുതമായതുമാകുന്നു. വൈകുണ്ഠലോകത്തിൽ ആയിരം ഫണമുള്ള ശേഷനാഗത്തിൻെറ മേൽ വിഷ്ണു ഇരുപാടും ലക്ഷ്മിഭൂമി എന്നീ ഭാൎയ്യമാരോടു കൂടെ ശയിച്ചുകൊണ്ടിരിക്കയും ഋഷികളുടെയും മററും അപേക്ഷകൾക്കു അപ്പഴപ്പോൾ നിവൃത്തി വരുത്തിക്കൊടുക്കയും ഭാൎയ്യാശുശ്രൂഷാസുഖമനുഭവിക്കയും അവരുടെ നേരമ്പോക്കിൽ സശ്രദ്ധനായിരിക്കയും ചെയ്യുന്നു. ഇവിടെ അത്രെ വിഷ്ണുഭക്തന്മാർ മരണശേഷം ചെന്നെത്തേണ്ടുന്നതു.

പണ്ടൊരിക്കൽ സനകാദികൾ സംഗതിവശാൽ ഇവിടെ ചെന്നിരുന്നു. അന്നു വൈകുണ്ഠത്തിലെ ജയവിജയന്മാർ എന്ന കാവല്ക്കാർ അവരെ വേളപിടിച്ചു ഉന്തിക്കളഞ്ഞതുനിമിത്തം ഋഷികൾ അവരെ ശപിച്ചു.

## ശിവന്റെ വാസസ്ഥാനമായ കൈലാസം.

കൈലാസം ഹിമാലയശിഖരങ്ങളിൽ ഒന്നാകുന്നു. പരമശിവൻ ഭാൎയ്യാമക്കളോടു കൂടെ വസിക്കുന്നതു കൈലാസത്തിന്മേലാകുന്നു. ശിവന്റെ സൈന്യങ്ങളായ ഭൂതഗണങ്ങൾ അവിടെ ഉണ്ടു. ശിവഭക്തന്മാർ മരണശേഷം അവിടേക്കാകുന്നു ചെല്ലുന്നതു. ശിവൻ അധികസമയവും സമാധിയിലിരിക്കുന്നു എന്നാണ് പൌരാണികന്മാർ വിചാരിക്കുന്നതു.

ഈ കൈലാസപൎവ്വതത്തിൽനിന്നു ഒരു കാലം പ്രണയകലഹത്താൽ കുപിതയായ പാൎവ്വതിയെ പ്രസാദിപ്പിപ്പാൻ ശിവന്നു സാധിക്കാതെ വിഷാദിച്ചിരിക്കുമ്പോൾ രാക്ഷസരാജാവായ ദശമുഖൻ ആ വഴിയായി പോകുംസമയം വിനോദത്തിന്നായോ ശക്തിപരീക്ഷാൎത്ഥമായോ ഈ പൎവ്വതത്തെ ഇരുപതു ഭുജങ്ങളെക്കൊണ്ടും അടത്തെടുത്തു (പ്രതികരം മാറി മാറി) അമ്മാനമാടി കളിക്കുമ്പോൾ പാൎവ്വതി ഭയപ്പെട്ടു ഓടി ശിവനെ ചെന്നു കെട്ടിപ്പിടിച്ചു. അവൾ ഭയനിവാരണത്തിന്നായപേക്ഷിച്ചപ്പോൾ അംഗുഷ്ഠംകൊണ്ടു പൎവ്വതത്തെ അമൎത്തിയതിനാൽ രാവണന്റെ കരപങ്ക്തികൾ പൎവ്വതത്തിന്റെ അടിയിൽ കുടുങ്ങിപ്പോയി. പിന്നെ രാവണൻ അപേക്ഷിക്കയാൽ വിമോചിച്ചു കൊടുത്തു. മേല്പറഞ്ഞ ദേവലോകങ്ങ

ളിലെ അനുഭവം അമൎത്ത്യതയാണെന്നും പ്രാകൃതസുഖ ഭോഗങ്ങൾ അവിടെ അനന്തമായുണ്ടാകുമെന്നും അ ത്തരം ഭക്തന്മാർ വിചാരിച്ചുവരുന്നു. ശിവഭ ക്തന്മാരുടെ സ്വൎഗ്ഗാനുഭവത്തിൽ മുഖ്യം ശിവസായൂജ്യ മാകുന്നു. അതുപോലെ വൈഷ്ണവന്മാൎക്കു വൈഷ്ണവസാ യൂജ്യമാകുന്നു മുഖ്യം.

ശിവസിദ്ധാന്തം എന്നൊരു തത്വജ്ഞാനമുണ്ടു. അതു ദ്രാവിഡതത്വജ്ഞാനമാകുന്നു. പക്ഷെ അതിൽ കുറയൊക്കെ വേദാന്താഭിപ്രായം കടന്നു കൂടിയിരി ക്കുന്നു. ശിവസിദ്ധാന്തത്തിലെ പുരുഷാൎത്ഥം താഴെ പറയുന്നു.

മനുഷ്യൻ പലവിധമായ ബന്ധനങ്ങളാൽ (അനവാ, മായാ, കൎമ്മ) ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ബന്ധനങ്ങളാൽ മനുഷ്യൻ ജന്മത്തിന്നു അധീ നമായിത്തീരുന്നു. ചരിയ എന്ന മാൎഗ്ഗകൎമ്മാനു ഷ്ഠാനങ്ങളാൽ മനുഷ്യൻ മരണശേഷം ശിവലോക ത്തിൽ ശിവനോടുകൂടെ സാലോക്യം പ്രാപിക്കും. ശിവാരാധനയാകുന്ന കൎമ്മങ്ങളാൽ സാമീപ്യവും യോ ഗത്താൽ സാരൂപ്യവും ജ്ഞാനത്താൽ സായൂജ്യവും പ്രാപിക്കും. സായൂജ്യമാകുന്നു ഉത്തമപുരുഷാൎത്ഥ മായ മുക്തി.

ജ്ഞാനം സായൂജ്യം എന്നിവയെ കുറിച്ചു ശിവസി ദ്ധാന്തത്തിൽ കാണുന്നതും വേദാന്താഭിപ്രായവും ഒന്നല്ല. എന്റെ ക്രിയകൾ ഒക്കയും ദൈവത്തിന്റെ വയാണെന്നറിയുന്നതു ആകുന്നു ഈ സിദ്ധാന്തത്തി ലെ ജ്ഞാനം. ഈ സായൂജ്യം നിൎവ്വാണലയം അല്ല. സായൂജ്യപദവിയിൽ മനുഷ്യന്നു സ്വയബോധം

ഉണ്ടാകും. ഈ അഭിപ്രായം പിൻകാലത്തു രാമാനുജൻ വല്ലഭാചാൎയ്യൻ എന്നി വൈഷ്ണവന്മാരും അവലംബിക്കുകയും വിഷ്ണുവോടുള്ള സായൂജ്യമാകുന്നു പുരുഷാൎത്ഥമെന്നു ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

മനുഷ്യന്റെ മരണശേഷമുള്ള അവസ്ഥയെ കുറിച്ചു പൌരാണികമതത്തിൽ നടപ്പായ അഭിപ്രായം തെളിയിക്കേണ്ടതിന്നു നാം താഴെ ഗരുഡപുരാണത്തിൽ അതിനെപ്പററി പറഞ്ഞിരിക്കുന്നതു സംക്ഷേപിച്ചെഴുതുന്നു.

ഈ സംഗതി ശരിയായി ഗ്രഹിക്കേണ്ടതിന്നു യമനെക്കുറിച്ചുള്ള അഭിപ്രായവികാസത്തെ പററി അല്പം വല്ലതും പറയേണ്ടതാകുന്നു. യമൻ യമി എന്നവർ വിശ്വവത്തിന്റെ ഇരട്ടക്കുട്ടികളായിരുന്നു. ഈ ഭൂമിയിൽ പിറന്നവരിൽ ഒന്നാമതു മരിച്ചു പരലോകം പ്രാപിച്ചതു അവരായിരുന്നു എന്നു ഋഗ്വേദത്തിൽ തന്നെ പറഞ്ഞിരിക്കുന്നു. അതിൽപിന്നെ മരിച്ചവരുടെ ആത്മാക്കളെ പരലോകത്തിലേക്കു കൊണ്ടുപോകുന്ന പ്രവൃത്തിയായിരുന്നു യമന്നുണ്ടായിരുന്നതു. പിൻകാലത്തു യമൻ പിതൃപതിയായി ഉന്നത ലോകത്തിലിരിക്കുന്നു എന്നു വിചാരിച്ചുവന്നു. മരിച്ചുപോകുന്ന ഭക്തന്മാർ ആകാശവിമാനങ്ങളിൽ കയറീട്ടോ വായുവിനാൽ നടത്തപ്പെട്ടിട്ടോ യമന്റെ അടുക്കൽ ചെല്ലുകയും അവിടെ അവർ യമവരുണാദികളുടെ സംസൎഗ്ഗത്തിൽ വസിക്കുകയും പിതൃക്കളായിത്തീരുകയും ചെയ്യും. യമലോക കാവല്ക്കാരായിരുന്നതു നാലു കണ്ണുകളോടുകൂടിയ സബലൻ സാമ്യൻ എന്നീ ശ്വാക്കളായിരുന്നു. അഗ്നി മൃത്യു എന്നീ രണ്ടു യമ

ഭൃത്യന്മാരായിരുന്നു മരിക്കുന്നവരുടെ ആത്മാക്കളെ യമലോകത്തിലേക്കെത്തിച്ചിരുന്നതു. ഈ അഭിപ്രായങ്ങൾ നടപ്പായിരുന്നകാലത്തു ജനങ്ങൾ യമനെ വളരെ ബഹുമാനത്തോടെ സ്മരിച്ചിരുന്നെങ്കിലും ശിക്ഷിതാവാണെന്നു നിരൂപിച്ചിരുന്നില്ല.

രാമായണ മഹാഭാരതങ്ങളിലും പുരാണങ്ങളിലും യമൻ ഭയങ്കരനും ശിക്ഷിതാവുമായ്തീൎന്നതുകൊണ്ടു ജനങ്ങൾക്കു ഭയകാരണനായ്ഭവിച്ചു. അവൻ സ്വൎഗ്ഗനരകങ്ങളുടെ താക്കോലും പിടിച്ചു മനുഷ്യരെ വിധിക്കുന്ന ദേവനായ്തീൎന്നു. അതുകൊണ്ടു അവനു ദണ്ഡധരനെന്നും ധൎമ്മരാജാവെന്നും പേരുണ്ടായ്വന്നു. അവൻ അഷ്ടദിക്പാലകന്മാരിലൊരുവനായിരുന്നു. അതിൽ തെക്കുവശമാകുന്നു യമപുരി. യമപുരിക്കും ഭൂമിക്കും മദ്ധ്യേയാകുന്നു വൈതരണി എന്നനദി. മൃതന്മാരൊക്കെയും ആ പുഴകടന്നിട്ടാകുന്നു യമപുരിയിലേക്കു ചെല്ലേണ്ടുന്നതു. അവൻ മനുഷ്യരുടെ ക്രിയകൾക്കനുസാരമായ ശിക്ഷാരക്ഷകൾ നടത്തുന്നവനാണെങ്കിലും ശിവഭക്തന്മാരുടെയും വൈഷ്ണവഭക്തന്മാരുടെയും കൃഷ്ണഭക്തന്മാരുടെയും മേൽ അവനു അധികാരമില്ല. അവ്വണ്ണം തന്നെ മരണകാലത്തു നിയമിക്കപ്പെട്ട മാൎഗ്ഗകൎമ്മങ്ങളെ അനുഷ്ഠിക്കുന്നവരും അവന്റെ അടുക്കൽ ചെല്ലുവാനാവശ്യമില്ല. അല്ലാത്തവരുടെ ജീവൻ മലദ്വാരത്തൂടെ മരണസമയത്തു പുറപ്പെട്ടു പോകുന്നു. മരണശേഷം മഹാഘാതകന്മാരെപോലെയുള്ള രണ്ടു യമദൂതന്മാർ സൂക്ഷ്മശരീരത്തോടുകൂടിയ ആത്മാവിനെ (ദുഷ്ടന്മാരുടെ) ഭയപ്പെടുത്തുകയും യാതനകൾ വരുത്തുകയും ചെയ്യും.

മഹാഭാരതത്തിൽ യമൻ താൻ തന്നെ വന്നു ദേഹിയെ ദേഹത്തിൽനിന്നു വേൎപ്പെടുത്തി കെട്ടിക്കൊണ്ടുപോകും എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ സാധാരണ വിശ്വാസം യമദൂതന്മാർ ആപ്രവൃത്തി ചെയ്യുന്നു എന്നാകുന്നു. യമപുരിയിൽ എത്തിയാൽ ചിത്രഗുപ്തൻ തന്റെ പുസ്തകം തുറന്നു (അവനാകുന്നു യമന്റെ ഗുമസ്തൻ) ആമനുഷ്യൻ ചെയ്ത പുണ്യപാപങ്ങളുടെ കണക്കുനോക്കുകയും പാപം അധികം തൂങ്ങുന്നതായാൽ കഠിനശിക്ഷ യമൻ വിധിക്കുകയും ചെയ്യും. എന്നാൽ പുണ്യപാപങ്ങളുടെ ഫലമനുഭവിപ്പാനും ബന്ധുജനങ്ങളുടെ സല്ക്കാരങ്ങളെ അനുഭവിപ്പാനും (മരിച്ചശേഷം പത്തു ദിവസം നടക്കുന്ന ശേഷക്രിയകളിലെ സാധനങ്ങളെ അനുഭവിപ്പാൻ) പററിയ ദേഹം മൃതന്മാൎക്കു യമൻ നല്കും. മരിച്ചയാളുടെ പ്രഥമപുത്രൻ ഒന്നാം ദിവസം വെക്കുന്ന പിണ്ഡം ഭക്ഷിക്കുന്നതിനാൽ മരിച്ചവന്റെ ആത്മാവിന്നു ദേഹത്തിലെ ഉത്തമാംഗമായ തലയും രണ്ടാം ദിവസത്തെ പിണ്ഡത്താൽ കഴുത്തും തോളും മൂന്നാം പിണ്ഡത്താൽ ഹൃദയവും നാലാമത്തേതിനാൽ പുറവും അഞ്ചാമത്തേതിനാൽ നാഭിയും ആറാമത്തു ഗുഹ്യസ്ഥാനവും ഏഴാമത്തു ഊരുക്കളും ഒമ്പതും പത്തും ദിവസങ്ങളിലെ പിണ്ഡത്താൽ കാലും പാദങ്ങളും ഉണ്ടായ്വരും ഈ ദേഹം ഉണ്ടെങ്കിൽ മാത്രമേ സ്വൎഗ്ഗനരകങ്ങളിലെ ഭാഗ്യ നിൎഭാഗ്യങ്ങൾ അനുഭവിപ്പാൻ കഴികയുള്ളു. പതിനൊന്നും പന്ത്രണ്ടും ദിവസങ്ങളിൽ കിട്ടുന്ന പിണ്ഡത്താൽ, മരിച്ചവൻ തന്റെ ഭാവിവാസസ്ഥാനത്തേക്കു നടപ്പാൻ ശക്തിപ്രാപി

ക്കുന്നു. മരിച്ചിട്ടു പതിമൂന്നാം ദിവസം അവനെ സ്വൎഗ്ഗത്തിലേക്കൊ നരകത്തിലേക്കൊ നടത്തിക്കൊണ്ടു പോകുന്നു.

നരകത്തിലേക്കു പോകുന്നവരുടെ സഞ്ചാരത്തെക്കുറിച്ചു ഗരുഡപുരാണത്തിൽ വിശാലമായ്പറഞ്ഞിരിക്കുന്നു. വഴിയുടെ ദീൎഘത 86,000 യോജനയാകുന്നു. ഇങ്ങിനെപോകുന്നവൻ ഭക്ഷണപാനാദികളില്ലാതെയും മഹാഉഷ്ണം സഹിച്ചുകൊണ്ടും ദിവസത്തിൽ 200 യോജനവീതം നടക്കേണം. മുള്ളുകളാലും ദുഷ്ടമൃഗങ്ങളാലും വിഷജന്തുക്കളാലും നിറഞ്ഞ വഴിയിൽകൂടെ സഞ്ചരിക്കുമ്പോൾ ഒരു മഹാവനാന്തരത്തിലെത്തും. അതിലെ വൃക്ഷങ്ങളുടെ ഇലകൾ വാളുപോലെ മൂൎച്ചയുള്ളതാകുന്നു. ചിലപ്പോൾ അവൻ മഹാ അഗാധങ്ങളിൽ വീണു ബുദ്ധിമുട്ടും. കത്തുന്ന മണലിൽകൂടെ നടന്നു കാലുകൾ വെന്തുപൊകും. ഇങ്ങിനെ നടന്നുപോകുമ്പോൾ വൈതരണി നദിയ്ക്കൽ എത്തും. അതിലെ ഒഴുക്കു അതിശീഘ്രമാകുന്നു. ആ നദി രക്തം മാംസാസ്ഥികൾ മുതലകൾ എന്നിവററാൽ നിറഞ്ഞിരിക്കും. നിരവധി മനുഷ്യാത്മാക്കൾ അതിന്റെ തീരത്തുനിന്നു തങ്ങളുടെ ഭയങ്കരാവസ്ഥ കണ്ടുവിറെക്കുന്നു. ദാഹം സഹിപ്പാൻ കഴിയാതെയാകുമ്പോൾ അവർ നദിയിലെ രക്തം കുടിപ്പാൻ ഭാവിക്കും. ഉടനെ പുഴയിൽ മറിഞ്ഞു വീണു ഒഴുകിപോകും അങ്ങിനെ ഒഴുകി ചെന്നെത്തുന്നതു നരകത്തിന്റെ അടിയിലായിരിക്കും.

ഇതൊട്ടു കൂടെ നാം ഹിന്തുമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥവിവരണം സമാപിക്കുന്നു. നാം ഇതു

വരെ പ്രസ്താവിച്ചതെല്ലാം സംക്ഷേപിച്ചു പറയാം. പുരുഷാൎത്ഥം മൂന്നുവിധമായിരിക്കുന്നു. ഏററവും പ്രാചീന രചനകളിൽ ഭക്തന്മാർ അൎത്ഥിച്ചുവന്ന പുരുഷാൎത്ഥം പ്രാകൃതധനങ്ങളായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. പക്ഷെ ആ പ്രാകൃതധനലബ്ധിക്കു തടസ്ഥം വരുത്തുന്ന പാപത്തിന്നു നിവാരണം വരേണമെന്നുംകൂടെ അവൎക്കു ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ആ കാലത്തു തന്നെ പാരത്രികമായവററയും അവർ ആഗ്രഹിച്ചിരുന്നു. മനുഷ്യൻ മരണശേഷമുണ്ടെന്നും യമലോകത്തിൽ സുഖം അനുഭവിക്കുമെന്നും അവർ വിചാരിച്ചു. എന്നാൽ യമലോകത്തിലെ അനുഭവം കേവലം പ്രാകൃതനന്മകൾ തന്നെയായിരുന്നു. ബ്രാഹ്മണങ്ങളിൽ അമൎത്ത്യത എന്നതാകുന്നു ശ്രേഷ്ഠപുരുഷാൎത്ഥം. സ്വൎഗ്ഗത്തിലെ അമൎത്ത്യതയെ തന്നെയാകുന്നു പുരാണങ്ങളിലും മുഖ്യമായി ഭക്തന്മാരാഗ്രഹിച്ചിരുന്നതു. എന്നാൽ ഇന്ദ്രസ്വൎഗ്ഗം കൈലാസം വൈകുണ്ഠം എന്നിസ്ഥലങ്ങളിലെ അനുഭവങ്ങൾ പ്രാകൃതനന്മകൾ തന്നെയാകുന്നു. പരലോകത്തിൽ ദുഷ്ടന്മാൎക്കു ശിക്ഷയും ശിഷ്ടന്മാൎക്കു ഭാഗ്യവുമുണ്ടാകും. ഉപനിഷത്തുകളിലും തത്വജ്ഞാനസിദ്ധാന്തങ്ങളിലും പറഞ്ഞിരിക്കുന്ന പുരുഷാൎത്ഥം മോക്ഷമാകുന്നു. ഉപനിഷത്തുകളെയും വേദാന്തത്തേയും (അദ്വൈതത്തെയും) വിചാരിച്ചാൽ ആത്മാവു ജന്മാന്തരത്തിൽനിന്നു കേവലം വിട്ടുവിക്കപ്പെട്ടു ബ്രഹ്മത്തിൽ നിശ്ശേഷലയം പ്രാപിക്കുന്നതാകുന്നു ശ്രേഷ്ഠപുരുഷാൎത്ഥം. അതാകുന്നു മോക്ഷാനന്ദം. ഈ പുരുഷാൎത്ഥങ്ങളെ പ്രാപിപ്പാ

നുള്ള മാൎഗ്ഗവും മൂന്നു വിധമാകുന്നു. ഒന്നാമത്തു യാഗാദി മാൎഗ്ഗാചാരങ്ങളാകുന്ന കൎമ്മമാൎഗ്ഗം. രണ്ടാമത്തു പരമാത്മാവിന്റെയും ജീവാത്മാവിന്റെയും തത്വം ഗ്രഹിച്ചറിഞ്ഞു മായയെ ഹനിക്കുന്ന ജ്ഞാനം. മൂന്നാമത്തു മൂൎത്തിത്വമുള്ള ഏകദൈവത്തിൽ ഭക്തിപൂണ്ടു സന്ന്യാസം തപസ്സ് ലോകത്യാഗം എന്നിവ അടങ്ങിയിരിക്കുന്ന ഭക്തി.

**സൂചകം:** ഉപനിഷത്തുകളിൽ സ്വൎല്ലോകത്തിലെ അമൎത്ത്യതയെക്കുറിച്ചു ധാരാളം പറഞ്ഞു കാണുന്നെങ്കിലും (നചികേതസിന്റെ കഥയുടെ അവസാനഭാഗം ഓൎക്ക) ബ്രഹ്മജ്ഞാനം അവയിൽ മുഖ്യവിഷയമാകകൊണ്ടു ഉപനിഷത്തുകളിലെ മുഖ്യ പുരുഷാൎത്ഥമായ്വിചാരിക്കേണ്ടതു മോക്ഷം തന്നെയാകുന്നു. വേദാന്തം ഒഴികെയുള്ള അഞ്ചു സിദ്ധാന്തങ്ങളിൽ നിൎവ്വാധലയത്തെക്കുറിച്ചു ഒന്നും പറഞ്ഞിട്ടില്ല. ആ സിദ്ധാന്തങ്ങളെ പരിശോധിച്ചാൽ ആത്മാവു സ്ഥൂലവസ്ഥവെ വിട്ടു ജന്മങ്ങളിൽനിന്നു വിടുതൽ പ്രാപിക്കുന്നതാകുന്നു പുരുഷാൎത്ഥം.

ശിവസിദ്ധാന്തത്തിലും രാമാനുജൻ വല്ലഭാചാൎയ്യൻ എന്നിവരുടെ ഉപദേശത്തിലും മൂൎത്തിത്വത്തോടുകൂടിയ ദൈവത്തിൽ സ്വയബോധസംയുക്തമായ സായൂജ്യം പ്രാപിക്കുന്നതാകുന്നു പുരുഷാൎത്ഥം എന്നു പറഞ്ഞിരിക്കുന്നു.

## II. ക്രിസ്തീയമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥം.

### 1. പഴയനിയമത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യം.

ക്രിസ്തീയവേദം പഴയതു പുതിയതു എന്ന രണ്ടു നിയമങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നെങ്കിലും അവയിൽ പറഞ്ഞിരിക്കുന്ന പുരുഷാൎത്ഥം ദൈവരാജ്യം എന്നതു തന്നെ.

പഴയനിയമത്തിലെ ദൈവരാജ്യം അധികവും ഐഹിക സ്വഭാവത്തോടു കൂടിയതായിരുന്നു. അന്നത്തെ ദൈവരാജ്യത്തിന്നു പലസ്തീനാദേശം കേന്ദ്രസ്ഥാനമായിരുന്നു. ആ ദേശത്തിലെ എല്ലാവിധമായ സുഖാനുഭവങ്ങൾ ഇസ്രയേൽജനത്തിന്നു ലഭിക്കുന്നതായിരുന്നു അന്നു അവർ കരുതിയിരുന്ന ഭാഗ്യം. അതുകൊണ്ടു അന്നത്തെ ഭക്തന്മാർ ദീൎഘായുസ്സ, പുത്രസന്താനം, പലസ്തീനയിലെ സുഖകരമായ ജീവനം എന്നിവയെ ധാരാളമായി അൎത്ഥിച്ചിരുന്നു. എന്നാൽ ഈ ധനങ്ങളൊക്കയും ലഭിപ്പാൻ ദൈവസംസൎഗ്ഗം കൂടാതെ സാധിക്കുന്നതല്ല. നേരെ മറിച്ചു ദൈവം അവരുടെ രാജാവാകകൊണ്ടു അവനും ജനവുമായിയുള്ള ഉററസംസൎഗ്ഗത്തിൽനിന്നു മാത്രമെ അതു സിദ്ധിപ്പാൻ പാടുണ്ടായിരുന്നുള്ളു. അതുകൊണ്ടു പഴയനിയമത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥത്തിന്റെ അനുഭവം ദൈവകൂട്ടായ്മയാകുന്നു. അതു അബ്രഹാമിനോടു തന്നെ ദൈവം പറഞ്ഞിരുന്നു. ദൈവം അവന്നു വാ

ദത്തം കൊടുത്തപ്പോൾ അതിൻെറ നിവൃത്തി ഭാവിയിലുണ്ടാവാനിരുന്നതുകൊണ്ടും അതിലെ മുഖ്യ അനുഭവം ദൈവസംസൎഗ്ഗമാകകൊണ്ടും സദാ ആശ്രയിച്ചനുഭവിക്കത്തക്ക പുരുഷാൎത്ഥം തന്നോടുള്ള കൂട്ടായ്മയാണെന്നു തന്നെ പറഞ്ഞിരിക്കുന്നു. ആദ്യപുസ്തകം 15; 1. മോശെമുഖാന്തരം ദൈവം നിയമിച്ച നിയമത്തിൻെറയും ഉദ്ദേശം അതു തന്നെയായിരുന്നു. ലേവ്യ 26, 12; യറ. 7, 23; ഹെസക്യേൽ 36, 2[illegible]. ഇസ്രയേല്യരുടെ ദൈവമായ യഹോവ അന്യദൈവങ്ങളെക്കാൾ ഉന്നതനും സൎവ്വശക്തനും സ്രഷ്ടാവുമാകകൊണ്ടു അവൻെറ സംസൎഗ്ഗത്തിൽ വേണ്ടുന്ന ഭാഗ്യവും അവൎക്കു സിദ്ധിച്ചിരുന്നു. അവൻെറ സാമീപ്യതയും സംസൎഗ്ഗവും ഇല്ലാത്ത സ്ഥിതി ജനത്തിന്നും ഓരോരുത്തന്നും ഏററവും വലിയ നിൎഭാഗ്യാവസ്ഥയായിരുന്നു. പുറപ്പാടു 33, 12—23; 1 ശമുവേൽ 4, 1—7. ഇസ്രയേൽജാതി പലിസ്ത്യനയിൽ സ്ഥിരവാസം ചെയ്തതിൽ പിന്നെ അവരുടെ ദൈവസംസൎഗ്ഗത്തിന്നു യരുശലെംദൈവാലയം കേന്ദ്രസ്ഥാനമായിരുന്നു. അതുകൊണ്ടു ഭക്തന്മാർ ദൈവാലയത്തിൽ പോയിരിപ്പാനാഗ്രഹിക്കയും അതിൽനിന്നു അകന്നിരിപ്പാനിടവരുന്നതു ഏററവും വലിയ അരിഷ്ടതയായി അനുഭവിക്കയും ചെയ്തു. സങ്കീ. 26, 7. 8; 27, 4—6; 61, 3—5. ഈ ദൈവസംസൎഗ്ഗത്താൽ അവർ ദൈവത്തിന്നു ആചാൎയ്യരാജത്വമായിത്തീരേണ്ടതായിരുന്നു.

നാം മീതെ പ്രസ്താവിച്ചതോൎത്താൽ പഴയനിയമത്തിലെ പുരുഷാൎത്ഥം ഐഹികമെങ്കിലും മുഖ്യമായ അനുഭവം ഐഹികധനങ്ങളല്ല. ഈ ലോക

ത്തിൽ ദൈവം സ്ഥാപിച്ച തന്റെ രാജ്യത്തിൽ പ്രജകളായിരിക്കുന്നവൎക്കു രാജാക്കന്മാർ പുരോഹിതന്മാർ പ്രവാചകന്മാർ എന്നിവരാൽ തന്റെ കൂട്ടായ്മ എന്ന ആത്മികാനുഭവം തന്നെ വരുത്തുവാൻ പരിശ്രമിച്ചിരിക്കുന്നു. എന്നാൽ മനുഷ്യന്റെ ആത്മിക പ്രാപ്തികൾ വികസിക്കുന്നേടത്തോളം മാത്രമെ ആത്മികവും പാരത്രികവുമായ വിഷയങ്ങളെ ഗ്രഹിപ്പാനും അനുഭവിപ്പാനും കഴികയുള്ളു. മാനുഷവൎഗ്ഗത്തിന്റെ അവസ്ഥയും അവ്വണ്ണം തന്നെയാകുന്നു. അതുകൊണ്ടു ചരിത്രത്തിലെ വെളിപ്പാടിന്റെ വികാസതയിൽ ദൈവരാജ്യത്തെക്കുറിച്ചും അതിലെ ആത്മിക അനുഭവങ്ങളെക്കുറിച്ചും ഉള്ള നിരൂപണം വികസിച്ചു വന്നു. ഐഹികധനത്തിന്റെ താല്ക്കാലികത്വത്തെയും ഐഹികകഷ്ടങ്ങളെയും അധികം അനുഭവിക്കുന്തോറും ആത്മികധനങ്ങളെ ഭക്തർ അൎത്ഥിക്കയും ദൈവം അവറ്റെ നല്കുകയും ചെയ്യുന്നതു വളരെ നടപ്പായ്വന്നു. അതുകൊണ്ടു പിൻകാലത്തു ധൎമ്മവാഗ്ദത്തങ്ങൾക്കു ഒക്കുന്നില്ലെന്നു തോന്നിയ കഷ്ടങ്ങൾ വന്നപ്പോൾ ഭക്തന്മാൎക്കു വിശ്വാസത്യാഗത്തിന്നായുള്ള ആപത്തുണ്ടായി എങ്കിലും ദൈവസംസൎഗ്ഗം ഉത്തമഭാഗ്യം എന്നു കരുതി ഉറച്ചുനിന്നു. യോബിന്റെ പുസ്തകം; സങ്കീ. 73, 20—22; 42, 2—6; 63, 2—9; പ്രസംഗി 12, 13. 14.

ദൈവസംസൎഗ്ഗത്തിന്നും അതിൽനിന്നുണ്ടായ്വരുന്ന സകല ഭാഗ്യാനുഭവങ്ങൾക്കും വിഘ്നം വരുത്തിയതു ജനത്തിന്റെ പാപമായിരുന്നു. അതുകൊണ്ടു ഭക്തന്മാർ അനവധി യാഗങ്ങൾ അൎപ്പിക്കയും പാപമോ

ചനത്തിന്നായി അപേക്ഷിക്കയും ചെയ്തു. സങ്കീ. 32; 51. എന്നാൽ പാപനിവാരണം കൎമ്മാനുഷ്ഠാനത്താലല്ല ദൈവത്തിന്റെ ദയയാൽ മാത്രമെ സാധിക്കയുള്ളൂ. അതുകൊണ്ടു പുരുഷാൎത്ഥലബ്ധിക്കും അതിന്നു തടസ്ഥം വരുത്തുന്ന പാപത്തിന്നു നിവാരണം വരുത്തേണ്ടതിന്നും മാനുഷപ്രവൃത്തിയല്ല ദൈവത്തിന്റെ ദയ തന്നെ കാരണമായിരിക്കുന്നു എന്നു പഴയ നിയമത്തിൽ കൂടെ പറഞ്ഞു കാണുന്നു. സങ്കീ. 32, 1. 2; 51, 3—8. മനുഷ്യന്റെ സ്വഭാവം മുഴുവനും പാപമാകകൊണ്ടു ദൈവസംസൎഗ്ഗവും ദൈവരാജ്യത്തിലെ മറ്റുള്ള ഭാഗ്യാനുഭവവും വേണമെങ്കിൽ അവറ്റെ അംഗീകരിക്കത്തക്ക ഹൃദയമാവശ്യമായിരുന്നു. സങ്കീ. 51, 12—14. ഇങ്ങിനെ മനുഷ്യൻ ദൈവരാജ്യത്തിൽ നിലനിന്നു പോരുവാൻ രണ്ടു സംഗതികൾ വേണം. ഒന്നാമത്തു ദൈവരാജ്യത്തിലെ മുഖ്യ അനുഭവമായ ദൈവസംസൎഗ്ഗം ദൈവത്തിന്റെ ദയയാൽ സാധിക്കുന്നതുകൊണ്ടു കൎമ്മാനുഷ്ഠാനത്താൽ അല്ല അനുസരണത്തോടു കൂടിയ ആശ്രയത്താൽ മാത്രമെ സാദ്ധ്യമായ്വരൂ എന്ന വിശ്വാസം. ഇതുകൊണ്ടാകുന്നു സങ്കീൎത്തനങ്ങളിൽ ദൈവാശ്രയത്തെക്കുറിച്ചു വളരെ പറഞ്ഞിരിക്കുന്നതു. രണ്ടാമത്തു സാദ്ധ്യമായ്വരുന്ന ദൈവരാജ്യാനുഭവം നിലനിന്നു പോരേണ്ടതിന്നു ആ രാജ്യത്തിലെ പ്രജകൾ അന്യോന്യം സഹോദരത്വം ആചരിക്കേണം. അതാകുന്നു സദാചാരനീതി.

മേല്പറഞ്ഞതൊക്കെ വിചാരിച്ചാൽ ദൈവരാജ്യമെന്ന പുരുഷാൎത്ഥത്തെ പ്രാപിപ്പാനായി മനുഷ്യൻ പുരുഷാൎത്ഥദാതാവായ ദൈവത്തിന്റെ ഹിതത്തി

ന്നനുസരിച്ചു ജീവിക്കേണ്ടതാകുന്നു. ദൈവഹിതം ധൎമ്മത്താലാകുന്നു അവർ ഗ്രഹിച്ചതു. ധൎമ്മത്തിൽ രണ്ടു ഭാഗം അടങ്ങിയിരിക്കുന്നു. ഒന്നാമത്തു ആരാധനാധൎമ്മം. രണ്ടാമത്തു സദാചാരധൎമ്മം. ഇവ രണ്ടു സമാധികരണങ്ങളാകുന്നു. പക്ഷെ ഇസ്രയേല്യർ ക്രമേണ ആരാധനാധൎമ്മത്തെ അത്യന്തം ഉയൎത്തികളഞ്ഞു. അതുകൊണ്ടു ശമുവേൽ തുടങ്ങിയുള്ള പ്രവാചകന്മാർ ഈ ഭാവത്തെ കഠിനമായി ശാസിച്ചുകററുവാൻ പരിശ്രമിക്കയും സദാചാര രഹിതമായ ആരാധന നിഷ്പ്രയോജനമാണെന്നു വ്യക്തമായി പ്രസ്താവിക്കയും ചെയ്തു. 1 ശമു. 15, 22. 23; സങ്കീൎത്ത. 51, 16. 17. 19; യശായ 1, 10–20. അതുകൊണ്ടു പഴയനിയമത്തിലെ പുരുഷാൎത്ഥം സദാചാര സംയുക്തമാകുന്നു എന്നു തെളിഞ്ഞുവരുന്നു. ഇങ്ങിനെ പഴയനിയമത്തിലെ മാൎഗ്ഗത്തിൽ സദാചാരവും ഭക്തിയും വേൎപ്പെടുത്തുവാൻ പാടില്ലാത്ത വിധത്തിൽ തമ്മിൽ ഉററു യോജിച്ചിരിക്കുന്നു. കാരണം സദാചാരത്താലും ഭക്തിയാലും പുരുഷാൎത്ഥലബ്ധിക്ക (ദൈവസംസൎഗ്ഗം പ്രാപിക്കേണ്ടതിന്നു) മനുഷ്യനിൽ അത്യാവശ്യമായ വിശുദ്ധി എന്ന ഗുണം ഉണ്ടായ്വരേണ്ടതാകുന്നു. "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ" എന്നു ദൈവം തന്നെ ജനത്തോടു പല പ്രാവശ്യം പറഞ്ഞിരിക്കുന്നു. അതിപരിശുദ്ധനായ ദൈവം സംസൎഗ്ഗം ചെയ്യേണമെങ്കിൽ മനുഷ്യനിലും വിശുദ്ധി അത്യാവശ്യമാകുന്നുവല്ലോ.

ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യത്തിലെ മുഖ്യമായ അനുഭവം ദൈവസംസൎഗ്ഗമാണെന്നും അതിന്നു

മനുഷ്യനിൽ ധൎമ്മാനുഷ്ഠാനത്താലുളവായ്വരേണ്ടുന്ന ശുദ്ധി ഉപാധിയാണെന്നും നാം പ്രസ്താവിച്ചു. എന്നാൽ സ്വയശക്തിയാൽ മനുഷ്യന്നു അതു അസാദ്ധ്യമാണെന്നു ഇസ്രയേല്യർ ഗ്രഹിക്കുന്നതാവശ്യമായ സംഗതി അകുന്നു എന്നു മാത്രമല്ല അതു അധികം ആത്മികവും പാരത്രികവുമായവറെറ പരിഗ്രഹിപ്പാനുള്ള ഒരുക്കവും കൂടെയായിരുന്നു. അതു ജനത്തിൽ സാധിച്ചുവരുന്നേടത്തോളം തികഞ്ഞ ദൈവരാജ്യത്തെക്കുറിച്ചുള്ള വെളിപ്പാടും വികസിച്ചു വന്നു. തികഞ്ഞ ദൈവരാജ്യസ്ഥാപകൻ മശീഹയാകുന്നു. അതു പിൻകാലത്തു മശീഹയാൽ സ്ഥാപിക്കപ്പെടേണ്ടിയിരുന്നതുകൊണ്ടു വാഗ്ദത്തങ്ങളാൽ ഇസ്രയേല്യർ അതിന്നായി വാഞ്ഛിക്കയും ഇസ്രയേല്യരുടെ മാൎഗ്ഗം പ്രത്യാശയുടെ മാൎഗ്ഗമായ്ത്തീരുകയും ചെയ്തു.

മശീഹയാൽ സ്ഥാപിതമായ്വരുന്ന രാജ്യം ദാവീദിൻെറ രാജത്വത്തിന്നും ശലമോൻെറ സമാധാനവാഴ്ചക്കും തുല്യമായിരിക്കുമെങ്കിലും അവരുടെ വാഴ്ചയേക്കാൾ അത്യന്തം ശ്രേഷ്ഠമായിരിക്കും. അവൻ നിത്യരാജാവാകകൊണ്ടു ദാവീദിൻെറ രാജ്യത്തിന്നു യഥാസ്ഥാനം വരുത്തുമെന്നു മാത്രമല്ല നിത്യമായ രാജ്യം സ്ഥാപിക്കയും ചെയ്യും. ദാവീദ് പോലും അവനെ കൎത്താവെന്നു വിളിക്കുന്നതുകൊണ്ടും അവന്നു നിത്യപിതാവു വീരദേവൻ എന്നിത്യാദി പേരുകൾ ഉള്ളതുകൊണ്ടും മശീഹദിവ്യനായിരിക്കും. എന്നാൽ അവൻെറ സ്വഭാവത്തിന്നനുസാരമായി രാജ്യത്തിന്നും ആത്മിക സ്വഭാവം അധികരിച്ചിരിക്കും. അവൻെറ രാജ്യത്തിൻെറ കേന്ദ്രസ്ഥാനം ചീയോനായിരി

കളമെങ്കിലും അവൻെറ വാഴ്ച സൎവ്വലോകത്തിലും വ്യാ
പിച്ചും ഇരിക്കും. അവൻ ദാവീദ് വംശക്കാരനാണെ
ങ്കിലും അന്യജാതികൾക്കും അവൻെറ രാജ്യത്തിൽ അവ
കാശം ഉണ്ടാകും. ഇങ്ങിനെ മശീഹയാൽ സ്ഥാപി
തമായ്വരുന്ന ദൈവരാജ്യം എന്ന പുരുഷാൎത്ഥം സാ
ൎവ്വത്രികത്വത്തോടു കൂടെയായിരിക്കും. 2 ശമു. 7, 12—14;
സങ്കീ. 110; മീഖ. 5, 2; യശായ 9, സഖറിയ 9,
യശായ 61. എന്നാൽ അന്നത്തെ ദൈവരാജ്യത്തി
ൻെറ സ്വഭാവത്തിന്നു അനുസാരമായി മശീഹരാജ്യ
ത്തിന്നു ഐഹികവും ആത്മികവുമായ രണ്ടു സ്വഭാ
വങ്ങളുണ്ടാകും. പഴയനിയമരാജ്യത്തിൽ ഐഹി
കസ്വഭാവം അധികരിച്ചിരിക്കുന്നതിന്നെതിരെ മശീ
ഹരാജ്യത്തിൽ ആത്മികസ്വഭാവം അധികമായി
രിക്കും. പക്ഷെ ജനങ്ങൾ മശീഹരാജ്യത്തിലും ഐഹി
കധനങ്ങൾ മുഖ്യമാണെന്നു കരുതിയിരുന്നു. എങ്കി
ലും വെളിപ്പാടിൻെറ വികാസതയിൽ പ്രവാചക
ന്മാർ അധികം സ്പഷ്ടമായി മശീഹരാജ്യത്തിൻെറ
ആത്മിക സ്വഭാവത്തെ ജനങ്ങളോടു ഘോഷിച്ചു.

മശീഹരാജ്യത്തിന്നു ആത്മികസ്വഭാവമുള്ളതു
കൊണ്ടു അത്തുഭവിക്കുമ്പോൾ അതിലെ അനുഭവ
ങ്ങൾ പരിഗ്രഹിക്കത്തക്ക ഹൃദയഭാവം ജനങ്ങളിൽ
ഉണ്ടായ്വരേണ്ടതാകുന്നു. സത്യദൈവാരാധനയിൽ
നിന്നും സദാചാരാനുഷ്ഠാനത്തിൽനിന്നും നിത്യം
തെററി പ്രപഞ്ചഭോഗികളും അഭക്തരുമായ്തീൎന്ന ഇസ്ര
യേല്യരെ പ്രവാചകന്മാർ എപ്പോഴും മശീഹരാജ്യ
ത്തിന്നായി ഒരുക്കി. ജനത്തിൽ സല്ഗുണനവീകര
ണം വരുത്തുവാൻ പ്രവാചകന്മാർ പ്രയത്നിച്ചു

പോന്നു. ഉപദേശത്താലും ശാസനയാലും ജനം മാനസാന്തരപ്പെടാഞ്ഞതിനാൽ ദൈവശിക്ഷകൾ വേണ്ടിവന്നു. എന്നാൽ ഉത്തമ നവീകരണം മശീഹ താൻ തന്നെ വരുത്തുന്നതാകുന്നു.

മശീഹസ്ഥാപിക്കുന്ന ദൈവരാജ്യത്തിന്റെ സ്വഭാവം അധികംറും ആത്മികമാകകൊണ്ടു രാജ്യസ്ഥാപനം യുദ്ധബലത്താലല്ല ആത്മികബലത്താൽ തന്നെ നടക്കേണ്ടതാകുന്നു. ആ രാജ്യത്തിൽ മനുഷ്യൻ പാപസംയുക്തനായി പ്രവേശിച്ചു കൂടായ്കയാൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗം തന്റെ രാജ്യസ്ഥാപനത്തിന്നാവശ്യമായ്വരുന്നു. യശായ 53. ആ സ്വയത്യാഗം തന്നെയാകുന്നു അവന്റെ രാജ്യത്തിലെ എല്ലാ ഭാഗ്യാനുഭവങ്ങൾക്കും ആധാരം. ആ ആത്മികരാജ്യത്തിന്നനുസാരമായി മശീഹ പുതിയനിയമത്തേയും സ്ഥാപിക്കും. യറമിയ 31, 33; ഹെസക്യേൽ 36. ഈ നിയമം ഹൃദയത്തിൽ സ്ഥാപിക്കപ്പെടുന്നതുകൊണ്ടു പുതിയനിയമത്താലും മശീഹയുടെ രാജ്യത്താലും വരുന്ന ഭാഗ്യങ്ങൾ ആത്മികമായിരിക്കും. പുതിയനിയമത്താൽ ജനം ദൈവത്തോടുള്ള കൂട്ടായ്മയിൽ പുതുതായി പ്രവേശിക്കയും ഇനി വേപാടു വരാതവണ്ണം അതിൽ വസിക്കയും ചെയ്യും.

ഇങ്ങിനെസ്ഥാപിതമായ്വരുന്ന ദൈവരാജ്യത്തിലെ അനുഭവങ്ങൾ മൂന്നാകുന്നു. ഉദ്ധാരണം സമാധാനം നീതി എന്നിവതന്നെ. മശീഹയാൽ സ്ഥാപിതമായ്വരുന്ന രാജ്യത്തിന്നു പഴയനിയമപ്രകാരം ഐഹികവും ആത്മികവുമായ രണ്ടു സ്വഭാവങ്ങളുള്ളതുകൊണ്ടു മേല്പറഞ്ഞ മൂന്നുകാര്യങ്ങൾക്കും രണ്ടു

വിധമായ അൎത്ഥമുണ്ടാകും. എന്നാൽ മശിഹരാജ്യത്തിന്നു ആത്മികസ്വഭാവം അധികരിച്ചു നില്ക്കുന്നതുകൊണ്ടു ഉദ്ധാരണം സമാധാനം നീതി എന്നിവയിലും ആത്മിക സാരമാകുന്നു മുഖ്യം.

മശിഹയാൽ ഉണ്ടായ്വരുന്ന ഉദ്ധാരണം രണ്ടുവിധം. ഒന്നാമതു ശത്രുക്കളുടെയും അന്യജാതികളുടെയും അധീനതയിൽനിന്നു ഇസ്രയേലിനെ വിടുവിക്കുന്നതു. രണ്ടാമതു ദൈവസംസൎഗ്ഗത്തിന്നു തടസ്ഥമായ്നില്ക്കുന്ന പാപത്തെ നീക്കുന്നതിനാൽ ഉണ്ടാകുന്ന ആത്മിക ഉദ്ധാരണം. ഈ ആത്മിക ഉദ്ധാരണത്തിന്റെ അനുഭവം ഓരോരുത്തന്റെ ഉള്ളിൽ ഉണ്ടാകുന്ന പാപമോചനത്തിന്റെ നിശ്ചയം തന്നെയാകുന്നു. സമാധാനം എന്നതും രണ്ടു വിധമാകുന്നു. ഒന്നാമതു മശിഹ ശത്രുക്കളെ ഒക്കെയും ജയിച്ചടക്കി ഇസ്രയേലിന്നു വാഴ്ച നല്കുന്നതിനാലുണ്ടാകുന്ന ഐഹിക സമാധാനം. മേലാൽ അന്യജാതികളോടു യുദ്ധമുണ്ടാകയില്ല. മശിഹതന്നെയാകുന്നു സമാധാന പ്രഭു. രണ്ടാമതു ഭക്തരുടെ പാപങ്ങൾക്കു മോചനം വരുന്നതുകൊണ്ടു ജനത്തിന്നും ദൈവത്തിന്നും തമ്മിൽ ഇനി അകല്ചയൊ ശത്രുതയൊ ഇല്ല. മേലാൽ ശത്രുത വരാതിരിക്കേണ്ടതിന്നു ഹേതുവായി മാകുന്ന പുതിയനിയമത്തെ മദ്ധ്യസ്ഥനായ മശിഹമുഖാന്തരം സ്ഥാപിക്കുന്നതിനാൽ സന്തോഷത്തോടെ ജനം ദൈവധൎമ്മത്തെ അനുഷ്ഠിക്കും. നീതി എന്നതും രണ്ടുവിധം: ഒന്നാമതു ദൈവം തന്റെ വാഗ്ദത്തങ്ങളെ നിവൃത്തിക്കുന്നതിലും ധൎമ്മലംഘനത്തിന്നു മശിഹ പ്രായശ്ചിത്തം ചെയ്യുന്നതിലും ദൈ

വത്തിന്റെ നീതി വെളിപ്പെടുന്നു. അതാകുന്നു മനുഷ്യന്നു രക്ഷ. രണ്ടാമത്തു ദൈവഹിതപ്രകാരം മനുഷ്യൻ ജീവിക്കുന്ന അവസ്ഥയാകുന്നു നീതി. ഇതു മനുഷ്യന്റെ ഭാഗത്തുണ്ടാകേണ്ടതാണെങ്കിലും അതിന്നാവശ്യമായ ജീവനും ശക്തിയും ദൈവത്തിൽനിന്നു കിട്ടേണ്ടതാകകൊണ്ടു അതുകൂടെ മശീഹയാൽ സ്ഥാപിതമായ്വരുന്ന ദൈവരാജ്യത്തിലെ അനുഭവമാകുന്നു.

മേല്പറഞ്ഞ അനുഭവങ്ങൾ ദൈവരാജ്യത്തിലെ പ്രജകൾക്കു ഉണ്ടാകേണ്ടതിന്നും ദൈവസംസൎഗ്ഗം നിലനിന്നുപോരേണ്ടതിന്നുമായി ദൈവം തന്റെ ആത്മാവിനെ പ്രായഭേദം ലിംഗഭേദം സ്ഥിതിഭേദം എന്നിവ നോക്കാതെ ഭക്തിയുള്ള എല്ലാവൎക്കും അയച്ചുകൊടുക്കും. യോവേൽ 3; ഇങ്ങിനെ നിരന്തരമായി നടക്കുന്ന ദൈവസംസൎഗ്ഗത്താൽ മനുഷ്യൻ ജീവൻ പ്രാപിക്കുന്നു. ജീവനെന്നതു വെറും ഐഹികമല്ല. മശീഹരാജ്യത്തിലെ അനുഭവമായ ജീവൻ നിത്യജീവൻ തന്നെയാകുന്നു. മശീഹയുടെ രാജ്യം നിത്യരാജ്യമാണല്ലോ. നിത്യജീവനെന്നതു മശീഹയാൽ സ്ഥാപിതമായ്വരുന്ന ദൈവരാജ്യത്തിന്റെ പരിപൂൎണ്ണസ്ഥിതിയിലാകുന്നു മനുഷ്യന്നു ലഭിക്കുന്നതു.

ദാന്യേൽ മുതലായ ആവിഷ്കരണഗ്രന്ഥങ്ങളിൽ മശീഹയുടെ ദൈവരാജ്യം ലോകാവസാനത്തിങ്കൽ തികഞ്ഞതായ്ഭവിക്കുമെന്നു പറഞ്ഞിരിക്കുന്നു. ഈ വക പ്രസ്താവത്തിൽനിന്നു ദൈവരാജ്യം ഈലോകത്തോടുകൂടെ അവസാനിക്കുന്നതല്ലെന്നും പാരത്രികരാജ്യമായ്ത്തീരുന്നുഎന്നും സ്പഷ്ടമായി അനുമിക്കാം.

പാരത്രിക ദൈവരാജ്യത്തിൽ മനുഷ്യൻ പ്രവേശിക്കുന്ന തെങ്ങിനെ എന്നതിനെപ്പററി പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്നേടത്തോളം വ്യക്തമായി പഴയനിയമത്തിൽ പറഞ്ഞിട്ടില്ല. വെളിപ്പാടിൻെറ വികാസതയിൽ മനുഷ്യശേഷമുള്ള അവസ്ഥയെക്കുറിച്ചും പാരത്രിക ദൈവരാജ്യത്തെക്കുറിച്ചും ഉള്ള നിരൂപണത്തിന്നു വികാസത വന്നിരിക്കുന്നു. എന്നാൽ പാരത്രികഭാഗ്യം മശീഹപ്രദാനം ചെയ്യുന്നതാകകൊണ്ടു അതിനെപ്പററി മശീഹതാൻ തന്നെയാകുന്നു അധികം ക്ലിപ്തമായ്പറഞ്ഞുകൊടുത്തിരിക്കുന്നതു.

പഴയനിയമദൈവരാജ്യത്തിലെ പ്രജകളുടെ വളത്തലിൽ പ്രവൃത്തികളുടെ ഫലാഫലങ്ങൾ താല്ക്കാലികവും ഐഹികവുമായിരുന്നു. കുട്ടികളുടെ സദാചാരവളത്തലിൽ താല്ക്കാലിക ശിക്ഷാരക്ഷകൾ അത്യാവശ്യമായിരിക്കുന്നതുപോലേ തന്നെ മാനുഷസമുദായത്തിൻെറ ശൈശവകാലത്തിലും അവരവരുടെ പ്രവൃത്തികളുടെ ഫലം താല്ക്കാലികവും ഐഹികവുമായിരുന്നു. എന്നാൽ ധൎമ്മാനുഷ്ഠാനത്തിൽ നിഷ്ഠയോടെ ഇരുന്ന ഭക്തന്മാൎക്കു പലവിധ കഷ്ടങ്ങളും ദുഷ്ടന്മാൎക്കു ഐഹികസുഖവും ഉണ്ടാകുന്നു എന്നു കണ്ടപ്പോൾ ഭക്തന്മാൎക്കു കുറെ ഇടച്ചുവന്നു. മോശെ ധൎമ്മത്തിലെ വാഗ്ദത്തങ്ങൾക്കു അതൊക്കുന്നില്ലല്ലൊ എന്നു അവർ വിചാരിച്ചു ദുഃഖിക്കയും മേല്പറഞ്ഞ വൈഷമ്യസംഗതിയെപ്പററി ആലോചിക്കയും ചെയ്തു. അതിനാൽ തന്നെ പാരത്രികജീവന്നായുള്ള ദാഹം അവരിൽ ഉണ്ടായ്വന്നതുകൊണ്ടു മരണത്തിൽപ്പിന്നെയുള്ള ഭാഗ്യനിർഭാഗ്യങ്ങളെ കുറിച്ചു അവർ ആലോ

ചിക്കയും വെളിപ്പാടിന്റെ വാഗ്ഘകന്മാർ അതിനെ ക്കുറിച്ചു പലതും പറകയും ചെയ്തു.

പ്രാചീനകാലത്തു തന്നെ ഇസ്രയേല്യർ മരിച്ചു പോയ തങ്ങളുടെ ബന്ധുജനങ്ങളെ സ്വന്തശ്മശാന ത്തിലും വാഗ്ദത്തദേശത്തിലും അടക്കം ചെയ്തിരുന്നു. മരിച്ചുപോകുന്നവരുടെ കാൎയ്യം മരണത്തോടെ അവ സാനിച്ചുപോകുമെന്നു അവർ വിചാരിച്ചിരുന്നെ ങ്കിൽ അങ്ങിനെ ചെയ്കയില്ലായിരുന്നു.

എന്നു തന്നെയുമല്ല യാക്കോബിന്റെ മരണസ മയത്തു അവൻ ഭാവിയിലെ രക്ഷയെ വാഞ്ഛിച്ചിരു ന്നതു ഓൎത്താൽ മരണത്തോടുകൂടെ തന്റെ കാൎയ്യം അവസാനിച്ചുപോകുന്നതായി അവൻ കരുതീട്ടില്ല എന്നു തെളിയുന്നു. ആദ്യപുസ്തകം 49, 18. മരിച്ച വരോടു ചോദിക്കുക എന്ന പാപകരമായ പ്രവൃത്തി യിൽ ഇസ്രയേല്യരും പലപ്പോഴും അകപ്പെട്ടുപോയി രുന്നതുകൊണ്ടു അവരൊക്കയും മരണശേഷം മനു ഷ്യന്നു അസ്തിത്വമുള്ളപ്രകാരം വിശ്വസിച്ചിരുന്നെ ന്നു സ്പഷ്ടം. എന്നാൽ മരണശേഷം മനുഷ്യൻ ചെ ല്ലുന്ന പാതാളം എന്ന സ്ഥലം സുഖകരമല്ലെന്നു അവർ ഗണിച്ചിരുന്നു. പാതാളം ദുഷ്ടന്മാരുടെ ശി ക്ഷാസ്ഥലം ആകുന്നു. യശാ. 14, 9; സങ്കീ. 6, 5; 88, 10—12; 115, 17. 18; 49, 14—16; ആവൎത്തനം 32, 22; രണ്ടു ശമു. 22, 6; സങ്കീ. 9, 17; സുഭാ. 5, 5; 7, 27; 9, 18; യെഹെസ്ക്കേൽ 31, 16; ആമോസ് 9, 2; യോന 2, 2. മീതെ കാണിച്ച വാക്യങ്ങളിൽനിന്നു പാതാളം (നര കം) എന്ന സ്ഥലം ശിക്ഷയും ദൈവകോപവും അനു ഭവമായ്വരുന്ന ദിക്കാകുന്നു എന്നു കാണാം.

മീതെ പറഞ്ഞപോലെ ഇഹലോകസുഖദുഃഖങ്ങളുടെ അതുല്യവിഭാഗം, നീതിയുടെ കൃത്യമായ വ്യാപാരം, എന്നീസംഗതികളെ പററിയുള്ള വിഷമചോദ്യങ്ങളാൽ ഭക്തർ ബുദ്ധിമുട്ടുന്തോറും വെളിപ്പാടിന്റെ ആത്മാവിനാൽ അവർ മനുഷ്യന്റെ ഐഹികവാസം അഭ്യാസകാലമാണെന്നും പിന്നീടു ഇവകൾക്കനുസാരമായി ഭാഗ്യാനുഭവം വരുമെന്നും ആശിച്ചിരുന്നു. എന്നാൽ പഴയനിയമവെളിപ്പാടു അവസാനിക്കാറായ കാലത്തു പുനരുത്ഥാനോപദേശത്തിന്റെ അങ്കുരങ്ങളും പ്രത്യക്ഷമാവുന്നു. ഹോശയ 6, 2; യശയ 26, 19; ഹെസക്യേൽ 37. ഈ സ്ഥലങ്ങളിലൊക്കയും ജനത്തിന്റെ യഥാസ്ഥാപനം മുഖ്യസംഗതിയാണെന്നു വാദിക്കാമെങ്കിലും ഈ ഉപദേശം തന്നെയാകുന്നു പുനരുത്ഥാനോപദേശത്തിന്റെ ഉത്ഭവകാരണമായിരിക്കുന്നതു. പിൻ കാലത്തു പരീശർ സ്പഷ്ടമായി പുനരുത്ഥാനോപദേശം വിശ്വസിച്ചിരുന്നു. എന്നാൽ പ്രാചീനകാലത്തു തന്നെ യോബ് തന്റെ അവസ്ഥ മറുലോകത്തിൽ തെളിഞ്ഞുവരും എന്നു ആശിച്ചിരുന്നു. യോബ് 19, 26. ഈ ഉപദേശങ്ങളൊക്കയും പുതുനിയമത്തിൽ യേശുവും അപ്പോസ്തലന്മാരും സ്പഷ്ടമായ്പ്പറഞ്ഞിരിക്കുന്നു.

---

## 2. പുതിയനിയമത്തിലെ ശ്രേഷ്ഠപുരുഷാർത്ഥമായ ദൈവരാജ്യം.

a. പഴയനിയമത്തിൽ വാഗ്ദത്തം ചെയ്തതും എല്ലാഭക്തന്മാരും പ്രതീക്ഷിച്ചിരുന്നതുമായ ദൈവരാജ്യം വന്നിരിക്കുന്നു എന്ന പ്രസംഗത്തോടുകൂടെ യേശു

തന്റെ പ്രവൎത്തനം ആരംഭിച്ചു. മത്തായി 3, 17; മാൎക്ക് 1, 14. 15. പഴയനിയമത്തിലെ പ്രവാചകന്മാരെപ്പോലെ ഭാവിയിൽ ദൈവരാജ്യം വരുമെന്നു വാഗ്ദത്തം ചെയ്വാൻ മാത്രമല്ല വൎത്തമാനകാലത്തിൽ ദൈവരാജ്യത്തെ മനുഷ്യരിൽ സ്ഥാപിപ്പാൻ താൻ വന്നിരിക്കുന്നു എന്നു യേശു തന്നെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്നു. (ദൈവരാജ്യം എന്നപദം പുതുനിയമത്തിൽ വിശ്വാസികളുടെ സമുദായം, ഹൃദയത്തിൽ അനുഭവമായ്വരുന്ന ദൈവസംസൎഗ്ഗം, ഭാവിയിലെ പാരത്രികരാജ്യം എന്നീ അൎത്ഥങ്ങളോടുകൂടെ പ്രയോഗിച്ചിരിക്കുന്നു.) പൎവ്വതപ്രസംഗത്തിൽ ദൈവരാജ്യം നീതി എന്നീ രണ്ടു കാൎയ്യങ്ങളെ ഒന്നിച്ചു പറഞ്ഞു കാണുന്നു. നീതി എന്നതു ദൈവരാജ്യവരവിന്നായി മനുഷ്യനിൽ ഉണ്ടാകേണ്ടുന്ന ഒരു സംഗതിയാണെന്നു മാത്രമല്ല ദൈവരാജ്യത്തിലെ ഒരു ദിവ്യാനുഗ്രഹം കൂടെയാകുന്നു. ദൈവരാജ്യം യേശുവിനാൽ ഈ ഭൂമിയിൽ വന്നു എങ്കിലും അവന്റെ പ്രസംഗപ്രകാരം ഭാവികാലത്തു മാത്രമേ അതിന്നു തികവു വരികയുള്ളൂ. ഇങ്ങിനെ ഇഹത്തിലാരംഭിക്കുന്ന ദൈവരാജ്യം പാരത്രികമായ്ഭവിക്കുന്നതുകൊണ്ടു മത്തായി അതിന്നു സ്വൎഗ്ഗരാജ്യം എന്നപേര് പ്രയോഗിച്ചിരിക്കുന്നു.

ഈ ദൈവരാജ്യത്തിന്റെ തത്വം എന്തെന്നു നാം പരിശോധിക്കുന്നു. ദൈവരാജ്യം ഈ ലോകത്തിലെ സല്ഗുണനീതിയുടെ രാജ്യമെന്നും തികഞ്ഞ സല്ഗുണം നടക്കുന്ന സമുദായമെന്നും പറഞ്ഞാൽ പോരാ. ഇതിൽ സത്യമുണ്ടെങ്കിലും അതു ദൈവരാജ്യത്തി

ന്റെ മുഴുവൻ തത്വമല്ല. ആ അഭിപ്രായം ശരിയാണെങ്കിൽ ദൈവരാജ്യമെന്നതു പുരുഷാൎത്ഥമോ സല്ഗുണപ്രാമാണ്യമോ അല്ല. മനുഷ്യൻ അനുഷ്ഠിക്കേണ്ടുന്ന ഉത്തമധൎമ്മം എന്നുമാത്രമേ വരികയുള്ളു. എന്നാൽ യേശു, ദൈവരാജ്യം പരമധനമാണെന്നും ദൈവദാനമാണെന്നും പ്രസ്താവിച്ചിരിക്കുന്നു. "ആത്മാവിൽ ദരിദ്രരായവർ ധന്യർ ദൈവരാജ്യം അവൎക്കുള്ളതാകുന്നു" എന്ന ധന്യവാദത്തിൽനിന്നു അതൊരു ദാനവും ഭാഗ്യാവസ്ഥയുമാണെന്നു സ്പഷ്ടമായ്വരുന്നു. ദൈവരാജ്യത്തിലാകുന്നു ഖേദിക്കുന്നവൎക്കാശ്വാസവും വിശന്നു ദാഹിക്കുന്നവൎക്കു നീതിയാലുള്ള തൃപ്തിയും ദൈവപുത്രത്വവും ദൈവത്തെ കാണ്മാനുള്ള സൌകൎയ്യവും ഉള്ളതു. നിലത്തു മറഞ്ഞു കിടന്ന നിക്ഷേപം, വിലയേറിയ മുത്തു രാജപുത്രന്റെ കല്യാണം എന്നീ ഉപമകളിൽ യേശു ദൈവരാജ്യം പരമധനമാണെന്നു നന്നായി പ്രസ്താവിച്ചിരിക്കുന്നു. "ദൈവരാജ്യം നിങ്ങളിൽനിന്നു എടുക്കപ്പെട്ടു ജാതികൾക്കു കൊടുക്കപ്പെടും" എന്ന വാക്കിൽനിന്നും മേല്പറഞ്ഞ സംഗതി തെളിയുന്നു. ഈ വിഷയത്തെപ്പററി മാൎക്ക് 8, 36ൽനിന്നു വിശേഷമായൊരുപദേശം എടുക്കാം "ഒരു മനുഷ്യൻ സൎവ്വലോകം നേടിയാലും തന്റെ ദേഹി ചേതംവന്നാൽ അവന്നു എന്തു പ്രയോജനമുള്ളു." ഈ വാക്യത്തിൽ സ്പഷ്ടമായി ദൈവരാജ്യത്തെക്കുറിച്ചു ഒന്നും പറഞ്ഞു കാണുന്നില്ലെങ്കിലും ആദായം ചേതം എന്നീ പദങ്ങളെ പ്രത്യേകം കുറിക്കൊള്ളേണ്ടതാകുന്നു. ദൈവരാജ്യത്തിൽനിന്നു മനുഷ്യൻ നീങ്ങിപ്പോകുന്നതാകുന്നു ചേ

തം. ആദായമോ ദൈവരാജ്യത്തിന്റെ അനുഭവമാകുന്നു. അതല്ലാതെ എല്ലാ ഐഹിക ധനങ്ങളെക്കാൾ അത്യന്തം വിലയേറിയ ധനമാകുന്നു ദൈവരാജ്യം. ദൈവരാജ്യം ഐഹിക ധനമല്ല എന്നും സ്വൎഗ്ഗീയവും പാരത്രികവും ആകുന്നു എന്നുംകൂടെ ആ വാക്യത്തിൽനിന്നു തെളിയുന്നു. അതുകൊണ്ടു യേശുതന്നെ തന്റെ രാജ്യം ഇഹത്തിൽനിന്നുള്ളതല്ല എന്നു യോഹ. 18, 36ൽ പറയുന്നു.

ദൈവരാജ്യം ഭൂമിയിലെ എല്ലാ നശ്വരവസ്തുക്കൾക്കും എതിരായിരിക്കുന്നതും സ്വൎഗ്ഗത്തിലെ നിക്ഷേപവുമാകുന്നു. അതു പരമധനവും ദൈവദാനവുമാകയാൽ ദൈവം ന്യായവിധിദിവസത്തിൽ മനുഷ്യനു നല്കുകയോ നല്കാതിരിക്കയോ ചെയ്യും. മത്തായി 25, 31—46. അതുകൊണ്ടു മനുഷ്യൻ അതു പ്രാപിപ്പാൻ അത്യന്തം പരിശ്രമിക്കേണ്ടതാകുന്നു. ലൂക്ക് 10, 36. 37; മത്തായി 6, 33. ദൈവരാജ്യാനുഭവത്തിന്നു എതിരായി നില്ക്കുന്ന എല്ലാ ഐഹികധനങ്ങളെയും ത്യജിക്കേണ്ടതാകുന്നു. മത്തായി 10, 37. 38; ലൂക്ക് 14, 26. 27; മത്തായി 8, 19—23. ഈ ശ്രേഷ്ഠപുരുഷാൎത്ഥം മനുഷ്യനു നഷ്ടമായ്പോകാതിരിപ്പാൻ അവൻ കണ്ണു കൈകാൽ എന്നിവറ്റെയും ഐഹികജീവനെയും ത്യജിപ്പാൻ ഒരുക്കമായിരിക്കേണം. മത്തായി 5, 29. 30; മാൎക്ക് 8, 34. 35. ഈ പ്രസ്താവങ്ങളെ ഒക്കയും വിചാരിച്ചാൽ ദൈവരാജ്യമെന്നതു യേശുവിന്റെ പ്രസംഗങ്ങളിലെ മുഖ്യവിഷയമായ ശ്രേഷ്ഠപുരുഷാൎത്ഥമാകുന്നു എന്നു നിസ്സംശയം തെളിയുന്നു. ഈ പുരുഷാൎത്ഥം **സദാചാരസംയുക്തമാണ്** എന്നു നാം മീതെ പറഞ്ഞതിൽനിന്നു സ്പഷ്ടം.

മേല്പറഞ്ഞ ദൈവരാജ്യത്തിന്നും സല്ഗുണധൎമ്മത്തിന്നും തമ്മിൽ ഉററസംബന്ധമുണ്ടു. നീതി എന്നതു ദൈവരാജ്യത്തിലുൾപ്പെട്ട കാൎയ്യമാണെന്നു മുമ്പെ തന്നെ പറഞ്ഞുവല്ലോ. ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യം സദാചാരസംയുക്തമാണ് എന്നു മാത്രമല്ല അതു **സദാചാരപ്രാമാണ്യവും** കൂടെയാകുന്നു. ദൈവരാജ്യം മനുഷ്യന്നു ഹിതംപോലെ കരസ്ഥമാക്കുവാനോ പ്രയോഗിപ്പാനോ പാടുള്ളതല്ല. എന്നിട്ടും യേശുവിൻെറ ശിഷ്യർ ഉൾപ്പെട്ടിരിക്കുന്നതും വസിക്കുന്നതുമായ ഈ രാജ്യത്തിൽ നില്ക്കയോ നീങ്ങിപ്പോകയോ ചെയ്വാൻ മനുഷ്യന്നു സ്വാതന്ത്ര്യമുണ്ടു. മനുഷ്യൻ അതിൽ നില്ക്കുന്നതും നീങ്ങിപ്പോകുന്നതും അവനവൻെറ സല്ഗുണവ്യവസ്ഥക്കൊത്തവണ്ണമായിരിക്കും. അതുകൊണ്ടു ദൈവരാജ്യം ചെറുതായി ആരംഭിച്ചു കാലക്രമേണ വളൎന്നുവരും. മത്തായി 13, 31. 32. അതു ഐഹികധനങ്ങളിലൊക്കയും വ്യാപിച്ചുവരേണ്ടതുമാകുന്നു. മത്തായി 13, 33. അതിന്നായിട്ടു ദൈവരാജ്യത്തിൻെറ അംഗങ്ങൾ സദാചാരനീതി അനുഷ്ഠിക്കേണ്ടതാകുന്നു. ദൈവരാജ്യത്തിൽ അതിശയപ്രവൃത്തികളെ ചെയ്യുന്നതല്ല ദൈവഹിതത്തെ അനുസരിക്കുന്നതാകുന്നു പ്രധാനം. ദൈവഹിതത്തെ അനുസരിക്കുന്നതിന്നനുസാരമായി മനുഷ്യൻ ദൈവരാജ്യത്തിൽ പങ്കാളികളായ്ത്തീരുകയോ അനുസരിക്കാഞ്ഞാൽ അതിൽനിന്നു തള്ളപ്പെടുകയോ ചെയ്യും. മത്തായി 7, 21—23.

ദൈവരാജ്യത്തിൻെറ മുഖ്യധൎമ്മം സ്നേഹം തന്നെയാകുന്നു. പുതിയനിയമത്തിലും പ്രധാനമായിരി

കുന്ന ഏററവും വലിയ കല്പന "നിന്റെ കൎത്താവായ ദൈവത്തെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണമനസ്സോടും നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെയും സ്നേഹിക്ക" എന്നതാകുന്നു. ദൈവത്തോടുള്ള സ്നേഹത്തേയും കൂട്ടുകാരനോടുള്ള സ്നേഹത്തേയും അന്യോന്യം വേൎപ്പെടുത്തിക്കൂടാ. പല്ലിന്നു പകരം പല്ലു കണ്ണിന്നു പകരം കണ്ണു് എന്ന പഴയനിയമത്തിലെ പ്രതികാരധൎമ്മത്തിന്നു എതിരെ പുതിയനിയമത്തിൽ ക്ഷമയും സഹിഷ്ണുതയും ഇണക്കവുമാകുന്നു മുഖ്യം. മത്തായി 5, 23—26; 38—48. ദൈവം നീതിയിലും ശുദ്ധിയിലും സ്നേഹത്തിലും തികഞ്ഞവനായിരിക്കുന്നതുപോലെ ദൈവരാജ്യത്തിലെ അംഗങ്ങൾ എല്ലാ സല്ഗുണത്തിലും തികഞ്ഞവരാകേണം. അതിന്നായി മനുഷ്യൻ സ്വന്തഹൃദയത്തിലെ മോഹങ്ങളെയും ദുൎവ്വിചാരങ്ങളെയും ജയിച്ചടക്കേണം. മത്തായി 5, 23; 15, 11. 18. 19. യേശുവിന്റെ ശിഷ്യന്മാർ ദൈവരാജ്യം പ്രാപിക്കേണ്ടതിന്നു മാതാപിതാക്കളെയും ബന്ധുജനങ്ങളെയും വിടേണ്ടതാകുന്നെങ്കിലും ദൈവരാജ്യത്തിലെ നീതിയെ കുറിച്ചു യേശു പറയുമ്പോൾ സമുദായസംബന്ധമായും കുഡുംബസംബന്ധമായുമുള്ള മുറകളെ നിഷ്കൎഷിച്ചാജ്ഞാപിച്ചിരിക്കുന്നു. സല്ഗുണധൎമ്മത്തെ ത്യജിച്ചു ആരാധനാധൎമ്മത്തെ മാത്രം പ്രമാണിക്കുന്ന പരീശഭാവത്തെയും യേശു വിലക്കിയിരിക്കുന്നു. മാൎക്ക് 7, 10—12. യേശുവിനെ പോലെ അവന്റെ ശിഷ്യന്മാരും സമുദായത്തിൽ ജീവിച്ചു ദൈവരാജ്യപ്രസംഗത്താലും സല്ക്രിയകളാലും ദൈവരാജ്യവൎദ്ധനക്കായി ഉത്സാഹിക്കേണ്ടതാണ്. മത്താ. 25, 31-36.

ദൈവരാജ്യമെന്നതു ശ്രേഷ്ഠപുരുഷാൎത്ഥവും സല്ഗുണപ്രാമാണ്യവുമായിരിക്കുന്നതു പരസ്പരവിരുദ്ധമല്ല. അവ അന്യോന്യം എത്രയും യോജിച്ചു നില്ക്കുന്നു. ദൈവരാജ്യമെന്ന ശ്രേഷ്ഠപുരുഷാൎത്ഥം പാരത്രികവും ഭാവിയിൽ മാത്രം തികഞ്ഞുവരുന്നതുമാണെങ്കിലും ഇപ്പോൾ തന്നെ മാനസാന്തരം ചെയ്തു സുവിശേഷത്തിൽ വിശ്വസിക്കുന്നവൎക്കു അനുഭവമായിവരുന്നു. ദൈവരാജ്യത്തിലെ പ്രജകൾക്കു യേശുവിനോടുള്ള സംസൎഗ്ഗത്താൽ ദൈവസംസൎഗ്ഗവും നിത്യജീവനും അനുഭവമാസ്സരും. മത്തായി 10, 37; ലൂക്ക് 14, 26; മാൎക്ക് 2, 19. യേശുവിനോടുള്ള കൂട്ടായ്മയാകുന്നു ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നു ആധാരം. എന്നാൽ ദൈവരാജ്യം ലോകത്തിൽ തികഞ്ഞുവരേണമെങ്കിൽ സല്ഗുണവും നീതിയും മനുഷ്യനിൽ തികഞ്ഞുവരേണം. അതുകൊണ്ടു മനുഷ്യന്റെ പ്രവൃത്തിക്കനുസാരമായി കൂലി ദൈവരാജ്യത്തിൽനിന്നു കിട്ടും. എന്നാൽ ദൈവരാജ്യം മനുഷ്യന്റെ പ്രവൃത്തിയുടെ പ്രതിഫലമല്ല.

ദൈവരാജ്യത്തിൽ ദൈവകൂട്ടായ്മ സാധിച്ചുവരുന്നതുകൊണ്ടു പാപസംയുക്തമായ ഐഹികധനങ്ങളെ ത്യജിപ്പാനും നീതി അനുഷ്ഠിപ്പാനും ഉള്ള പ്രാപ്തിയും ലഭിക്കും. അതുകൊണ്ടു ദൈവരാജ്യം **സൽഗുണഹേതുവുമാകുന്നു.** ഈ ദൈവരാജ്യം യേശുവിൽതന്നെ വന്നിരിക്കയാൽ ക്രിസ്തീയമാൎഗ്ഗത്തിന്നും യേശുവിന്നും തമ്മിൽ വേർപെടുത്തിക്കൂടാത്ത സംബന്ധമുണ്ടു. അവൻ ദൈവപുത്രനാകയാൽ അവൻ ദൈവരാജ്യത്തെ ഈ ലോകത്തിലേക്കു കൊണ്ടുവന്നിരിക്കുന്നു. അവനോടുള്ള കൂട്ടായ്മയിൽ മനുഷ്യൻ ശ്രേഷ്ഠപുരു

ഷാത്ഥം പ്രാപിക്കും. ഇതു അവന്റെ ശിഷ്യരൊന്നാമതു അനുഭവിച്ചിരിക്കുന്നു. യേശു സ്വന്തശിഷ്യരുമായി ചെയ്ത സംസൎഗ്ഗത്തിൽ ദൈവത്തോടുള്ള ജീവകൂട്ടായ്മ സിദ്ധിച്ചിട്ടുണ്ടെങ്കിൽ അവൻ സ്വൎഗ്ഗത്തേക്കു പോയതിന്റെ ശേഷം ആ സംസൎഗ്ഗത്തിന്നു പ്രകാരം എന്താകുന്നു ഉള്ളതെന്നും അല്ലെങ്കിൽ മേൽപറഞ്ഞ പ്രകാരം യേശുവിന്റെ ദൃശ്യസംസൎഗ്ഗം ഇല്ലാതിരിക്കെ ഈ കാലത്തിൽ ദൈവരാജ്യം ക്രിസ്തുവിശ്വാസികൾക്കു എങ്ങിനെ അനുഭവമായും വാസ്തവമായും വരുന്നു എന്നും ചോദിക്കേണ്ടതാകുന്നു. ഇതിന്നു അപ്പോസ്തലരുടെ എഴുത്തുകളിൽനിന്നു ഉത്തരം കിട്ടും.

b. യേശുവിന്റെ ദൈവരാജ്യഘോഷണത്തിന്നും അപ്പോസ്തലന്മാരുടെ ഘോഷണത്തിന്നും മദ്ധ്യേ യേശുവിന്റെ മരണവും പുനരുത്ഥാനവും സംഭവിച്ചു. ക്രിസ്തുവിന്റെ പ്രവൃത്തിക്കും വെളിപ്പാടിന്നും തികവു വന്നതു ആ രണ്ടു സംഭവങ്ങളാലാണെന്നു അപ്പോസ്തലന്മാർ പ്രത്യേകം എണ്ണിയിരിക്കുന്നതുകൊണ്ടു അവരുടെ ഘോഷണത്തിലും എഴുത്തുകളിലും ദൈവരാജ്യം എന്നതല്ല. യേശുവിന്റെ കഷ്ടമരണപുനരുത്ഥാനങ്ങളും അവയുടെ രക്ഷാഫലവുമാകുന്നു മുഖ്യ സംഗതികളായി കാണുന്നതു. അതു വിചാരിച്ചാലവരുടെ ഘോഷണം യേശുവിന്റെ മരണപുനരുത്ഥാനങ്ങളുടെ സാക്ഷ്യമായി ഭവിച്ചതു ഗ്രഹിക്കാം. ഈ സംബന്ധത്തിൽ യേശുവിന്റെ മരണപുനരുത്ഥാനങ്ങൾക്കും ദൈവരാജ്യത്തിന്നും എന്തു സംബന്ധം എന്നുള്ള ചോദ്യമാകുന്നു മുഖ്യം. യേശു താൻ തന്നെ പഴയനിയമവാഗ്ദത്തങ്ങൾക്കനുസാരമായി തന്റെ മര

ണം മനുഷ്യന്റെ പാപമോചനത്തിന്നാവശ്യമായ സംഗതിയാണെന്നു പറഞ്ഞിരിക്കുന്നു. മാൎക്ക് 10, 45; യോഹ. 10, 11. അവന്റെ മരണത്താൽ സാദ്ധ്യമാ യ്തീരുന്ന പാപമോചനം എന്നതു ദൈവരാജ്യത്തിലെ അനുഭവത്തിന്റെ ഒരു ഭാഗമാകുന്നു. അവന്റെ പുനരുത്ഥാനത്താൽ വിശ്വാസിയുടെ ഹൃദയത്തിൽ പുതിയ ജീവനും ഉത്ഭവിച്ചുവരുന്നു. റോമർ 4, 24. 25. ഈ രണ്ടു പ്രവൃത്തികളുടെ ഫലം പാപമോചനവും പുതിയ ജീവനുമാണെന്നു ശിഷ്യർ തന്നെ അനുഭ വിച്ചു. യേശു തന്റെ മരണത്തിന്നു മുമ്പെ പല പ്പോഴും മരണത്തെക്കുറിച്ചു ശിഷ്യന്മാരോടു പറഞ്ഞി രുന്നെങ്കിലും അതു അവർ അശേഷം ഗ്രഹിച്ചിരു ന്നില്ല. അവരുടെ ധാരണെക്കും പ്രതീക്ഷെക്കും യേശു വിന്റെ മരണം നേരെ വിപരീതമായിരുന്നു. അവ ന്റെ മരണശേഷം അവർ നിരാശപ്പെട്ടുകയും നിരാധാരന്മാരെപോലെ ഇരിക്കയും ചെയ്തു. എങ്കി ലും യേശു പുനരുത്ഥാനം ചെയ്തു എന്നു അവർ കണ്ടപ്പോൾ അധൈൎയ്യവും ഭയവും നിരാശയും നീങ്ങി പുതിയ ജീവചൈതന്യങ്ങളോടെ പ്രവൃത്തിപ്പാനാരം ഭിച്ചു. കാരണം അവൎക്കു വീണ്ടും യേശുവിനോടു സംസൎഗ്ഗം ചെയ്വാൻ സാധിച്ചു. ഇങ്ങിനെ ജീവി ച്ചെഴുനീററും തേജസ്കരിക്കപ്പെട്ടുമിരിക്കുന്ന യേശുവി ന്റെ കൂട്ടായ്മയിൽ ദൈവരാജ്യം തങ്ങൾക്കു ലഭിക്കു മെന്ന പ്രത്യാശ അവൎക്കുണ്ടായ്വന്നു. ഇതിന്നെല്ലാം യേശുവിന്റെ പുനരുത്ഥാനവും അതിനാൽ തങ്ങ ൾക്കനുഭവമായ്വന്ന പുതിയ ജീവനും ആധാരമാക്കീട്ടിട ക്കുന്നതുകൊണ്ടു അപ്പോസ്തലരുടെ രചനകളിൽ

ദൈവരാജ്യത്തിലെ അനുഭവങ്ങളെക്കുറിച്ചും യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ചും ധാരാളം പറഞ്ഞിരിക്കുന്നു. ദൈവരാജ്യം എന്ന പദം പൌൽ അപ്പോസ്തലന്റെ ലേഖനങ്ങളിൽ ദുല്ലഭം ചിലപ്പോൾ കാണുന്നുണ്ടെങ്കിലും ആ സ്ഥലങ്ങളിലും പാരത്രികമായ ഭാവിയിലെ ദൈവരാജ്യം എന്നൎത്ഥം വരും. ഈ ലോകത്തിലെ ആത്മികരക്ഷാനുഭവത്തിന്നു ദൈവരാജ്യം എന്ന പദം വളരെ ദുല്ലഭമായി മാത്രം പറയുന്നു. റോമർ 14, 17. മറ്റുള്ള അപ്പോസ്തലരുടെ ലേഖനങ്ങളിൽ ആ പദം കാണുന്നില്ല. കാരണം മാനസാന്തരപ്പെട്ടു വിശ്വസിക്കുന്നവർ യേശുവിന്റെ സംസൎഗ്ഗത്താൽ ദൈവസംസൎഗ്ഗത്തിൽ പ്രവേശിക്കുന്നു എന്നും അവന്റെ പുനരുത്ഥാനത്താൽ ദൈവരാജ്യം ജീവൻ എന്നിവ ലഭിക്കും എന്നും അവർ വിശ്വസിച്ചിരുന്നു. ഇതൊക്കയും ക്രിസ്തുവിനാൽ സാദ്ധ്യമായ്വരുന്നതുകൊണ്ടു ദൈവരാജ്യഘോഷണം ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യമായിത്തീൎന്നു. സ്നാനത്താൽ യേശുവിന്റെ ജീവസംസൎഗ്ഗത്തിൽ പ്രവേശിക്കുന്നവർ ദൈവരാജ്യത്തിന്നവകാശികളായിത്തീരും. ക്രിസ്തുവിന്റെ പുനരാഗമനത്തിൽ അവർ അതു തികവായി അനുഭവിക്കും. ഇഹത്തിലെ സഹോദരപ്രീതിയാൽ അന്യോന്യക്കൂട്ടായ്മയിലിരുന്നു ലോകത്തിന്റെ മാലിന്യതയിൽനിന്നു തങ്ങളെ തന്നെ കാത്തു ക്രിസ്തുവിന്റെ പുനരാഗമനത്തിന്നായി ഒരുങ്ങിനില്ക്കേണ്ടതാകുന്നു യേശുവിന്റെ ശിഷ്യന്മാരുടെമുറ.

അപ്പോസ്തലരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിലും മേല്പറഞ്ഞ കാരണങ്ങളാൽ യേശുവിന്റെ

പുനരുത്ഥാനം മുഖ്യസംഗതിയായി പറഞ്ഞിരിക്കുന്നു. പേത്രൻ അപ്പോസ്തലൻ ക്രിസ്തുവിൻെറ പുനരുത്ഥാനത്താൽ ദൈവം നമ്മെ ജീവനുള്ള പ്രത്യാശെക്കായി ജനിപ്പിച്ചിരിക്കുന്നു എന്നു പറയുന്നു. 1 പേത്രൻ 1, 3. ജീവനുള്ള പ്രത്യാശയാൽ കേടു മാലിന്യം വാട്ടം എന്നിവയില്ലാത്തതും സ്വൎഗ്ഗത്തിൽ സൂക്ഷിച്ചുവെച്ചതുമായ അവകാശത്തിന്നായി ഭക്തന്മാർ കാത്തുനില്ക്കുന്നു. അതിന്നായി ഭക്തന്മാർ സഹോദരപ്രീതിയോടും സദാചാരത്തോടുംകൂടെ ജീവിക്കേണ്ടതാകുന്നു. യാക്കോബ് അപ്പോസ്തലൻ ഉള്ളിലെ പുനൎജ്ജനനം ദൈവരാജ്യത്തിന്നായിട്ടു ആവശ്യമെന്നു പറയുന്നു. പുനൎജ്ജനനം എന്നതോ ഹൃദയത്തിൻെറ പരിണാമവും ദൈവജീവൻെറ അനുഭവവും ആകുന്നു. അതാകുന്നു ദൈവരാജ്യത്തിന്നായുള്ള ലോകനവീകരണത്തിൻെറ ആരംഭം.

c. പൌൽ അപ്പോസ്തലൻെറ എഴുത്തുകളിൽ വിശ്വാസത്താലുള്ള നീതീകരണം എന്നതാകുന്നു മുഖ്യവിഷയം. ദൈവത്തിൻെറ മുമ്പാകെയുള്ള നീതി മനുഷ്യൻെറ അന്ത്യലാക്കല്ല. അന്ത്യലാക്കാകുന്ന ശ്രേഷ്ഠപുരുഷാൎത്ഥം പ്രാപിപ്പാനുള്ള സാഹിത്യം മാത്രമാകുന്നു. പൌലിൻെറ എഴുത്തുകൾപ്രകാരം ശ്രേഷ്ഠപുരുഷാൎത്ഥം യേശുക്രിസ്തുവിനാലാകുന്നു നമുക്കു ലഭിക്കുന്നതു. ഇതിനെപ്പററി നാം അദ്ദേഹത്തിൻെറ എഴുത്തുകളിൽ മൂന്നുവിധം ആലോചന കാണും. ഒന്നാമതു ക്രിസ്തുവിൽ വിശ്വസിക്കുന്നവരൊക്കയും അവനിൽ ഏകം എന്നും അവൻെറ സംസൎഗ്ഗത്തിൽ മനുഷ്യൻ സ്നാനത്താൽ ചേരുന്നു എന്നും

പറയുന്നു. സ്നാനപ്പെട്ടവർ ക്രിസ്തുവിനെ ഉടുത്തിരിക്കുന്നു. ഗലാ. 3, 27. 28. വിശ്വാസികൾ ഒരു ശരീരമായി അവനോടു ബന്ധിച്ചിരിക്കുന്നു. ക്രിസ്തു തലയും വിശ്വാസികൾ ശരീരത്തിലെ അവയവങ്ങളുമാകുന്നു. 1 കൊരി. 12, 13; കൊലൊ. 2, 19. ക്രിസ്തുവിനോടുള്ള കൂട്ടായ്മയാൽ മനുഷ്യന്നുണ്ടാവുന്ന ആത്മികജീവൻ തല്കാലം തികവായി വെളിപ്പെട്ടവരായ്കയാൽ ദൈവത്തിൽ ഒളിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ തേജസ്സുള്ള പുനരാഗമനത്തിൽ വിശ്വാസികളുടെ ജീവസമ്പൂൎണ്ണതയും പ്രത്യക്ഷമായ്വരും. ഇവയുടെ സാരമോ ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ സ്ഥാപിതമായ്വന്ന അദൃശ്യമായ ദൈവരാജ്യത്തിൽ വിശ്വാസികൾ സ്നാനമുഖേന പങ്കാളികളായ്തീരുന്നു എന്നും അതിന്റെ സമ്പൂൎണ്ണത ക്രിസ്തുവിന്റെ പുനരാഗമനത്തിൽ വരാതിരിക്കുന്നതുകൊണ്ടു ദൈവരാജ്യം തികവോടെ പ്രത്യക്ഷമാവാനിരിക്കുന്നു എന്നും തന്നെ. എന്നാൽ ക്രിസ്തുവിന്റെ കൂട്ടായ്മയിൽ വിശ്വാസികൾ അനുഭവിക്കുന്ന ജീവൻ അവരുടെ പുതിയ ജീവന്നു ആധാരവും നടപ്പിന്റെ ശക്തിയുമായ്തീരുന്നു. വിശ്വാസികൾ ക്രിസ്തുവിന്റെ കൂട്ടായ്മയാൽ അന്യോന്യ സംബന്ധമുള്ളവരാകകൊണ്ടു അന്യോന്യം സ്നേഹത്തിൽ പെരുമാറുവാൻ കടമ്പെട്ടിരിക്കുന്നു. രണ്ടാമതു വിശ്വാസികൾ സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ മരിക്കയും കുഴിച്ചിടപ്പെടുകയും ഉണൎത്തപ്പെടുകയും ചെയ്തു എന്നു അപ്പോസ്തലൻ പറയുന്നു. ക്രിസ്തു പാപത്തിന്നു മരിച്ചപ്രകാരം മാനസാന്തരപ്പെടുന്ന ഓരോരുത്തൻ പാപത്തിന്നു മരിക്കുന്നു എന്നു പാ

ഞ്ഞാൽ ഇതുവരെ പാപത്തിന്നു ദാസനായിരുന്നവന്റെ മേൽ, അവൻ മാനസാന്തരപ്പെടുകകൊണ്ടു ഇനി പാപത്തിന്നു അധികാരമില്ല. അവൻ പാപത്തിൽനിന്നു വിടുവിക്കപ്പെടുന്നു. ഇതിന്നു ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം ആധാരമാകുന്നു. വിശ്വസിക്കുന്നവൻ പാപത്തിൽനിന്നു ഉദ്ധാരണം പ്രാപിക്കുന്നതിനാൽ ക്രിസ്തുവിന്റെ ജീവസംസൎഗ്ഗത്തിൽ പ്രവേശിക്കുന്നതുകൊണ്ടു പുതിയ ജീവൻ പ്രാപിക്കുന്നു. മേലാൽ നീതിയിലും ശുദ്ധിയിലും ജീവിക്കുന്നു. അതിന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം ആധാരം. മേല്പറഞ്ഞതെല്ലാം ദൈവത്തിന്റെ ദാനമാകുന്നു. എന്നാൽ മനുഷ്യന്റെ പ്രവൃത്തിയും അതോടു ചേൎന്നിരിക്കുന്നു. ഞാൻ പാപത്തിന്നു മരിച്ചു എന്നു മനുഷ്യൻ വിശ്വസിക്കയും ക്രിസ്തുവിൽനിന്നു ലഭിക്കുന്ന പുതിയ ജീവന്നു അനുസാരമാന്നടക്കുകയും വേണം. മൂന്നാമതു മേല്പറഞ്ഞ പുതിയ ജീവനും കൂട്ടായ്മയും നമുക്കു അനുഭവമാക്കിത്തരുന്നതു വിശുദ്ധാത്മാവാകുന്നു. വിശുദ്ധാത്മാവാകുന്നു മനുഷ്യനെ ക്രിസ്തുവിന്റെയും ദൈവത്തിന്റെയും സംസൎഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതു. എന്നാൽ പാരത്രിക ദൈവരാജ്യത്തിൽ മനുഷ്യൻ പ്രവേശിക്കുമെന്നതിന്നും അതിലെ ഭാഗ്യം അനുഭവിക്കും എന്നതിന്നും വിശുദ്ധാത്മാവാകുന്നു ഉറപ്പു.

പാരത്രിക ദൈവരാജ്യത്തിൽ മനുഷ്യൻ മരണശേഷം പ്രവേശിക്കും. വിശ്വാസികളെ പാരത്രിക ദൈവരാജ്യത്തിൽ അല്ലെങ്കിൽ സ്വൎഗ്ഗത്തിൽ പ്രവേശിപ്പിക്കേണ്ടതിന്നും അവിശ്വാസികളെ ശിക്ഷിക്കേ

ണ്ടതിന്നുമായി ക്രിസ്തു രണ്ടാമത്തും വരും. അന്നു, മരിച്ചുപോയവരും ജീവനോടെയുള്ളവരുമായ വിശ്വാസികളെ ക്രിസ്തു സ്വൎഗ്ഗത്തിൽ കൊണ്ടുപോകും. മരിച്ചുപോയവൎക്കു പുനരുത്ഥാനവും ജീവനോടുള്ളവൎക്കു രൂപാന്തരവും സംഭവിക്കും. സ്വൎഗ്ഗത്തിലെ നിത്യജീവൻ അനുഭവിക്കേണ്ടതിന്നു നിത്യവും പാപരഹിതവും അക്ഷയവുമായ ദേഹം വിശ്വാസികൾക്കുണ്ടാകും. ഈ ലോകത്തിൽ തന്നെ ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽ വിശ്വാസികൾ ചേൎന്നിരിക്കുന്നതുകൊണ്ടു ആ ജീവശക്തിയാൽ തന്നെ പുതുദേഹം എല്ലാവരും പ്രാപിക്കും.

d. യോഹന്നാൻ അപ്പോസ്തലന്റെ എഴുത്തുകളിൽ ശ്രേഷ്ഠപുരുഷാൎത്ഥത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതെന്തു?

യോഹന്നാന്റെ സുവിശേഷത്തിൽ 3, 3–5 ദൈവരാജ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഈ സുവിശേഷത്തിലും യോഹന്നാന്റെ ലേഖനങ്ങളിലും ജീവൻ മരണം ഇരുട്ടു വെളിച്ചം എന്നീ വൈപരീത്യങ്ങളാകുന്നു മുഖ്യം. മനുഷ്യൻ ദൈവരാജ്യത്തിൽ പ്രാപിക്കുന്നതു നിത്യജീവനാകുന്നു. നിത്യജീവൻ പ്രാപിക്കുന്നതു ക്രിസ്തുവിലെ വിശ്വാസത്താലുണ്ടാകുന്ന പുനൎജ്ജനനത്താലാകുന്നു. എന്നു തന്നെയല്ല വിശ്വാസികൾക്കു ക്രിസ്തുവിനോടു സംസൎഗ്ഗം ചെയ്യുന്നതിനാൽ മാത്രമേ ഹൃദയത്തിലെ പുനൎജ്ജനനവും നിത്യജീവനും അനുഭവിപ്പാൻ സാധിക്കയുള്ളു. അതുകൊണ്ടു ക്രിസ്തുതാൻ തന്നെ ജീവനാകുന്നു എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്തുവിനോടുള്ള സംസൎഗ്ഗം ജീവ

നം ക്രിസ്തുവിൽനിന്നുള്ള അകല്ച മരണവുമാകുന്നു. ഇതു ഹേതുവായി ദൈവരാജ്യം എന്നതിന്നു പകരം ക്രിസ്തു തന്നെ മുഖ്യമായ്നില്ക്കുന്നു. ക്രിസ്തു ദൈവത്തിന്റെ തികഞ്ഞ വെളിപ്പാടാകയാൽ ആ വെളിപ്പാടിനെ അംഗീകരിക്കുന്നവക്ക സത്യപരിജ്ഞാനവും, ക്രിസ്തുവിലെ പരിപൂൎണ്ണമായ വെളിപ്പാടു മനുഷ്യന്റെ പാരത്രിക ജീവന്നാധാരമാകയാൽ അതിനെ അംഗീകരിക്കുന്നവക്ക നിത്യജീവനും ഉണ്ടാകും. അവൻ സത്യമായ തികഞ്ഞവെളിപ്പാടാകുന്നതുകൊണ്ടു അവൻ മനുഷ്യരുടെ വെളിച്ചവുമാകുന്നു എന്നു പറഞ്ഞാൽ മനുഷ്യന്റെ ജീവിത വ്യവസ്ഥ എങ്ങിനെയായിരിക്കേണമെന്നു അവനിൽ നിന്നു തന്നെ മനുഷ്യർ ഗ്രഹിക്കേണ്ടതാകുന്നു. അതുകൊണ്ടു ക്രിസ്തു മുഖാന്തരം അനുഭവമായ്വരുന്ന പുരുഷാൎത്ഥം സദാചാര സംയുക്തമായതാകുന്നു.

൭. ഒടുക്കം വെളിപ്പാടുപുസ്തകത്തിൽ ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യത്തിന്റെ പാരത്രിക സ്വഭാവം മനുഷ്യന്നു ഗ്രഹിപ്പാൻ പാടുള്ളേടത്തോളം വെളിപ്പെട്ടു വന്നിരിക്കുന്നു. മനുഷ്യന്നു എല്ലാ കാൎയ്യങ്ങളും അവന്റെ പരിചയത്തിന്നനുസാരമായി മാത്രം ഗ്രഹിപ്പാൻ കഴിയുന്നതുകൊണ്ടു പാരത്രിക ദൈവരാജ്യത്തെയും ഈ ലോകത്തിലെ സാദൃശ്യങ്ങളെകൊണ്ടു വിവരിച്ചിരിക്കുന്നു. വെളി. 7, 14—17 "കൎത്താവേ നീ അറിയുമല്ലോ എന്നു ഞാൻ പറഞ്ഞപ്പോൾ അവൻ എന്നോടു പറഞ്ഞതു: ഇവർ മഹാസങ്കടത്തിൽനിന്നു വരുന്നവർ ആകുന്നു, കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കികളെ അലക്കി വെളുപ്പിക്കയും ചെയ്തു.

ആകയാൽ അവർ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിലിരുന്നു അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ആരാധിക്കുന്നു; സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരുടെ മേൽ തന്റെ കൂടാരം അടിക്കും. ഇനി അവൎക്കു വിശക്കയുമില്ല, ദാഹിക്കയുമില്ല, വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല. എന്തുകൊണ്ടെന്നാൽ സിംഹാസനത്തിന്റെ മദ്ധ്യേയുള്ള കുഞ്ഞാടു അവരെ മേച്ചു ജീവജലത്തിന്റെ ഉറവുകളിലേക്കു വഴിനടത്തുകയും ദൈവം താൻ അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളകയും ചെയ്യും." അവിടെയുണ്ടാകുന്ന അനുഭവം രണ്ടു വിധമാകുന്നു. ഒന്നാമത്തു നിഷേധമായ്പറഞ്ഞിരിക്കുന്നതു:—ഈ ലോകത്തിലെ കഷ്ടങ്ങളും അരിഷ്ടതയും അവയുടെ കാരണമായ പാപവും പാപത്തിന്നുള്ള വശീകരണങ്ങളും പാപത്തിന്നു വഴിപ്പെടുന്ന സ്വഭാവവും പാപശരീരവും അവിടെ ഉണ്ടാകയില്ല. പ്രാകൃതാനുഭോഗങ്ങൾക്കുള്ള വിഷയങ്ങളും ആവശ്യതയും അവിടെ ഉണ്ടാകുന്നതല്ല. രണ്ടാമത്തു സ്ഥാപിതമായ്പറഞ്ഞിരിക്കുന്നതു:– സ്വൎഗ്ഗവാസം ദൈവസംസൎഗ്ഗം നിത്യജീവൻ എന്നിവയാകുന്നു അവിടെ ഉണ്ടാകുന്ന അനുഭവം. അതു തന്നെയാകുന്നു പരമാനന്ദം. ഈ പരമഭാഗ്യം മനുഷ്യന്നു അനുഭവമാക്കിക്കൊടുക്കുന്നതും മനുഷ്യനെ പാരത്രിക ദൈവരാജ്യത്തിൽ പ്രവേശിപ്പിക്കുന്നതും ക്രിസ്തുവിന്റെ പ്രവൃത്തിയാകുന്നു. അവിടെ പ്രവേശിക്കുന്നവർ എപ്പോഴും ക്രിസ്തുവിനെയും ദൈവത്തെയും ആരാധിക്കയും തടസ്ഥം വരാതെ സ്നേഹിക്കയും ചെയ്യും.

f. നാം ഇതുവരെ പ്രസ്താവിച്ച ക്രിസ്തുമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥനിരൂപണം സംക്ഷേപിച്ചുപറയാം. പാരത്രികദൈവരാജ്യമാകുന്നു ക്രിസ്തീയമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥം. പാരത്രിക ദൈവരാജ്യത്തിൽ മനുഷ്യൻ മരണശേഷം പ്രവേശിക്കും. അവിടെ സ്വൎഗ്ഗവാസം, ദൈവസംസൎഗ്ഗം, നിത്യജീവൻ എന്നിവ അനുഭവിക്കും. ലോകത്തിലെ അരിഷ്ടതകളൊന്നും അവിടെ ബാധിക്കുന്നതല്ല. ഈ പുരുഷാൎത്ഥം നല്കുന്നതു യേശുക്രിസ്തു ആകുന്നു. അതുകൊണ്ടു മനുഷ്യൻ വിശ്വാസത്താൽ തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനോടു ഈ ലോകത്തിലിരിക്കുമ്പോൾ തന്നെ സംസൎഗ്ഗം ചെയ്യേണ്ടതാകുന്നു. അതുമാത്രവുമല്ല. ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നു മനുഷ്യന്റെ തല്ക്കാല പാപാവസ്ഥ വിപരീതമായിരിക്കുന്നതുകൊണ്ടും ശരിയായ പുരുഷാൎത്ഥം ഇന്നതെന്നു മനുഷ്യനെ ഗ്രഹിപ്പിക്കേണ്ടതാകകൊണ്ടും പുരുഷാൎത്ഥം നിശ്ചയമായി ലഭിക്കും എന്നു മനുഷ്യന്നു ഉറപ്പുവരുത്തേണ്ടതാകകൊണ്ടും ക്രിസ്തു ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യത്തെ ഈ ലോകത്തിൽ മാനുഷഹൃദയത്തിൽ തന്നെ സ്ഥാപിക്കേണ്ടതിന്നായി അവതരിച്ചു. അതിനാൽ മനുഷ്യൻ ക്രിസ്തുവിലെ വിശ്വാസത്താൽ തന്നെ ഈ ലോകത്തിലിരിക്കെ പാപമോചനം പുനൎജ്ജനനം ദൈവപുത്രത്വം സത്യപരിജ്ഞാനം എന്നിവറ്റെ അനുഭവിക്കുന്നു. ഈ അനുഭവം മനുഷ്യഹൃദയത്തിൽ വരുന്നതു തിരുവചനത്താലും വിശുദ്ധാത്മാവിന്റെ പ്രവൃത്തിയാലുമാകുന്നു. ഈ അനുഭവങ്ങളെ മാനുഷഹൃദയ

ത്തിൽ നിൎത്തിപ്പോരേണ്ടതിന്നും പാപത്തിന്നായുള്ള
വശീകരണങ്ങളാലും മററും മനുഷ്യൻ ദൈവരാജ്യ
ത്തിൽനിന്നു അകന്നുപോകാതിരിക്കേണ്ടതിന്നും
ആയി വിശുദ്ധാത്മാവിന്റെ ഹൃദയാധിവാസംകൂടെ
ഉണ്ടായ്വരുന്നു. ദൈവരാജ്യത്തിന്റെ പ്രജകൾ എ
പ്പോഴും സദാചാരം അനുഷ്ഠിക്കേണ്ടതാകകൊണ്ടു
ഈ പുരുഷാൎത്ഥം സദാചാരസംയുക്തമായതാകുന്നു.
എങ്കിലും പുരുഷാൎത്ഥം സദാചാരത്തിന്റെ കൂലിയല്ല.
സദാചാരം പുരുഷാൎത്ഥത്തിന്നു സഹചരമാകുന്നു.
പുരുഷാൎത്ഥം പ്രാപിക്കുന്നതു ദൈവത്തിന്റെ ദയ
യാൽ മാത്രമാകുന്നു. പാപിയായ മനുഷ്യന്നു ഉത്തമ
സദാചാരാനുഷ്ഠാനം അസാദ്ധ്യമാകകൊണ്ടു നീതി
എന്നതു തന്നെ പുരുഷാൎത്ഥത്തിലടങ്ങിയിരിക്കുന്ന
ദൈവദാനമാകുന്നു. അതുകൊണ്ടു ക്രിസ്തീയമാൎഗ്ഗ
ത്തിൽ ശ്രേഷ്ഠപുരുഷാൎത്ഥം സദാചാരപ്രാമാണ്യവും
സദാചാരഹേതുവുമാകുന്നു. ഇങ്ങിനെ പുരുഷാൎത്ഥ
പ്രാപ്തിക്കായി സദാചാരാനുഷ്ഠാനം വേണമെന്ന
തല്ല മുഖ്യം. ലഭിക്കുന്ന ദൈവദാനത്തെ (പുരുഷാ
ൎത്ഥത്തെ) നിത്യം അനുഭവിച്ചുപോരുന്നതിൽ സദാ
ചാരം ഉണ്ടായിരിക്കുമെന്നതു ആകുന്നു മുഖ്യം. ഇ
തു വിചാരിച്ചാൽ ക്രിസ്തീയപുരുഷാൎത്ഥാനുഭവത്തിൽ
മനുഷ്യൻ ലോകത്തോടു എങ്ങിനെ പെരുമാറേ
ണ്ടതാകുന്നു എന്നു തെളിഞ്ഞുവരും. ഈ ശ്രേ
ഷ്ഠപുരുഷാൎത്ഥത്തെ അംഗീകരിക്കുന്നവൻ പാപ
സംയുക്തമായ ഐഹികധനങ്ങളെ ഒഴിച്ചു പ്ര
പഞ്ചഭാവം മാററി രാഗമോഹങ്ങളുള്ള ദോഷസ്വ
ഭാവത്തെ തള്ളിക്കളയേണ്ടതാകുന്നു. അല്ലെങ്കിൽ

ഐഹികധനങ്ങൾ ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നു എതിർ നിന്നാൽ അവററെ തള്ളിക്കളയേണം. നേരെ മറിച്ചു നമുക്കുള്ള എല്ലാ ഐഹികധനങ്ങളെയും ശ്രേഷ്ഠപുരുഷാൎത്ഥലബ്ധിക്കു സഹായങ്ങളായി പ്രയോഗിക്കുന്നതുംകൂടെ ആവശ്യമാകുന്നു. ഇങ്ങിനെ നിത്യഭാഗ്യത്തിന്നായി പരിശ്രമിക്കുമ്പോൾ താല്ക്കാലികമായവററെ സംബന്ധിച്ചു ക്രിസ്തീയമാൎഗ്ഗവും സ്വയപരിത്യാഗം ആവശ്യപ്പെടുന്നു. ഐഹികധനങ്ങളെ കൂടെ ശ്രേഷ്ഠപുരുഷാൎത്ഥപ്രാപ്തിക്കു സഹായങ്ങളായി ഉപയോഗിക്കുന്നതിനാലൊ ദൈവരാജ്യം ലോകത്തിൽ വ്യാപരിച്ചും വികസിച്ചും വരും. ഇങ്ങിനെ ദൈവരാജ്യം ലോകത്തിൽ ഒരു സമുദായമായ്തീരുന്നു. ഈ സമുദായത്തിലെ അവയവങ്ങൾ അന്യോന്യം സഹോദരത്വമായ് ചരിക്കയും പരിപൂൎണ്ണസ്നേഹത്തിൽ ജീവിക്കയും ദൈവരാജ്യവൎദ്ധനക്കായി പ്രവൃത്തിക്കയും ചെയ്യേണ്ടതാകുന്നു. ഇതിനാൽ ദൈവരാജ്യം ലോകത്തിൽ പരിപൂൎണ്ണമായ്വരുമ്പോൾ അതു ലോകാവസാനത്തിൽ ക്രിസ്തുവിന്റെ പുനരാഗമനത്തോടുകൂടെ പാരത്രികാനുഭവമായ്തീരും.

## III. ശ്രേഷ്ഠപുരുഷാൎത്ഥ പരിശോധന.

ലോകത്തിലെ എല്ലാ മാൎഗ്ഗങ്ങളെയും പരിശോധിച്ചാൽ നാലുതരം പുരുഷാൎത്ഥങ്ങളെ കാണും. മനുഷ്യൻ അൎത്ഥിക്കുന്ന ധനങ്ങൾ പ്രാകൃതമോ പാരത്രികമോ ആയിരിക്കും. ആവക ധനങ്ങളെ അൎത്ഥി

ച്ചുകൊണ്ടിരിക്കേ അവയുടെ സാദ്ധ്യത്തിന്നായി സദാചാരാനുഷ്ഠാനം ആവശ്യമായിരിക്കയോ ആവശ്യമില്ലെന്നുവരികയോ ചെയ്യാം. അല്ലെങ്കിൽ ആവകധനങ്ങൾ സൽഗ്ഗുണസംയുക്തങ്ങളോ സൽഗ്ഗുണവിരഹിതങ്ങളോ ആയിരിക്കും. അതുകൊണ്ടു സൽഗ്ഗുണസംയുക്തമായ പ്രാകൃതധനങ്ങൾ സൽഗ്ഗുണരഹിതമായ പ്രാകൃതധനങ്ങൾ സൽഗ്ഗുണസംയുക്തമായ പാരത്രികധനങ്ങൾ സൽഗ്ഗുണവിരഹിതമായ പാരത്രികധനങ്ങൾ എന്നിങ്ങിനെ നാലുതരം പുരുഷാത്ഥങ്ങളുണ്ടു. ഇങ്ങിനെ വിവിധപുരുഷാത്ഥങ്ങളെ കുറിച്ചു വിവിധമാഗ്ഗങ്ങൾ വ്യവഹരിച്ചുകാണുന്നതിൽ ഹിന്തുമതത്തിലെയും ക്രിസ്തീയമതത്തിലെയും പുരുഷാത്ഥങ്ങളുടെ ഗുരുലഘുത്വങ്ങളെയും യോഗ്യായോഗ്യതകളെയും ഒട്ടുക്കം പരിശോധിക്കുന്നു.

---

## 1. ഹിന്തുമതത്തിലെ പുരുഷാത്ഥങ്ങളുടെ പരിശോധന.

a. ഹിന്തുമതത്തിലെ പുരുഷാത്ഥങ്ങൾ എവയെന്നു നാം മീതെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

"ധമ്മാത്ഥകാമമോക്ഷം നാലിന്നു വിരോധങ്ങൾ
തമ്മിൽ വരാതെകണ്ടു സാധിച്ചുകൊൾകെയാവു,
ധമ്മത്തെയുപേക്ഷിച്ചോരത്ഥകാമങ്ങൾവേണ്ട
ധമ്മകാമങ്ങൾ വെടിഞ്ഞത്ഥവുമുണ്ടാകേണ്ട
ധമ്മാത്ഥങ്ങളെ വെടിഞ്ഞുള്ള കാമവുംവേണ്ട,
തങ്ങളിൽ വിരുദ്ധമായിരിക്കുമിവമൂന്നും
മംഗലശീലെ നിന്നോടെന്തിനു പറയുന്നു,
ധമ്മത്തെ സാധിക്കുമ്പോൾ അത്ഥകാമങ്ങളും പോം
ധമ്മകാമങ്ങളും പോമത്ഥത്തെ സാധിക്കുമ്പോൾ
കാമത്തെ സാധിക്കുമ്പോളത്ഥധമ്മങ്ങളും പോം."

ധൎമ്മം, അൎത്ഥം, കാമം, മോക്ഷം എന്നി പുരുഷാ ൎത്ഥങ്ങൾ അന്യോന്യം യോജിക്കാത്തവയാണെന്നു മീതെ പ്രസ്താവിച്ചതിൽനിന്നു തന്നെ തെളിയുന്നു. ഇവ അന്യോന്യം യോജിക്കാത്തതു എന്തുകൊണ്ടു? മാനുഷമനോസങ്കല്പിതങ്ങളായ പുരുഷാൎത്ഥങ്ങളെ ഈ മാൎഗ്ഗം വ്യവഹരിച്ചിരിക്കകൊണ്ടു തന്നെ. മനുഷ്യനു നിത്യഭാഗ്യം എന്താണെന്നു സ്വാഭാവികബുദ്ധികൊണ്ടു ഗ്രഹിച്ചുകൂടാ. ദിവ്യവെളിപ്പാടിനാൽ തന്നെ നമുക്കു നിത്യഭാഗ്യമെന്തെന്നു അറിഞ്ഞു വരേണ്ടതാകുന്നു. ചെറിയ കുട്ടികൾ അനവധി സാധനങ്ങൾ ഉള്ള ഒരു കച്ചവടസ്ഥലത്തു ചെന്നു സാധനങ്ങൾ സ്വമേധയായി വാങ്ങുവാൻ പുറപ്പെട്ടാൽ തല്ക്കാലസന്തോഷത്തിന്നുള്ളവയും കാഴ്ചയ്ക്കു മനോഹരമെന്നു തോന്നുന്നവയും മാത്രം വാങ്ങുവാൻ പരിശ്രമിക്കും. ദീൎഘകാലത്തേക്കു നില്ക്കുന്നവയും കാൎയ്യമായ പ്രയോജനം വരുത്തുന്നവയും വാങ്ങുവാൻ അവർ വളരെ യത്നിക്കയില്ല. അതുപോലെയാകുന്നു സ്വന്തബുദ്ധിയാൽ മനുഷ്യൻ ഭാഗ്യം തെരിഞ്ഞെടുപ്പാൻ ഭാവിച്ചാൽ വരുന്നതു. പൂൎവ്വ ഋഷികളും മറ്റും തങ്ങൾക്കു നന്നു എന്നു തോന്നുന്നവറെറ പുരുഷാൎത്ഥങ്ങളായി ഗണിച്ചു അതുകൊണ്ടു ഹിന്ദുമതത്തിൽ അന്യോന്യം യോജിക്കാത്ത വിവിധപുരുഷാൎത്ഥങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നു. മീതെ പറഞ്ഞ കുട്ടികളോടുകൂടി അവരുടെ രക്ഷിതാക്കന്മാരും കച്ചവടസ്ഥലത്തേക്കു ചെന്നു പ്രയോജനകരമായ വസ്തുക്കളെ കാണിച്ചാൽ അവൎക്കു വേണ്ടുന്നതിന്നതെന്നു മനസ്സിലാകും. അതുപോലെ പരമസ്രഷ്ടാവു താൻ തന്നെ നമുക്കു വേ

ണ്ടുന്ന പുരുഷാൎത്ഥം ഇന്നതെന്നു പ്രത്യക്ഷമാക്കിത്തരേണ്ടതാകുന്നു.

b. പ്രാചീന ആൎയ്യരുടെ മതത്തിൽ പ്രാകൃതധനങ്ങളായിരുന്നു പുരുഷാൎത്ഥം എന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലോ. നിത്യമായ ദേഹിക്കു പ്രാകൃതധനങ്ങളാൽ തൃപ്തിവരുന്നതല്ല. കാരണം പ്രാകൃതധനങ്ങൾ താല്ക്കാലികവും നശ്വരവുമാകുന്നു. പക്ഷെ മനുഷ്യന്നു പ്രാകൃതധനങ്ങളാൽ താല്ക്കാലികസന്തുഷ്ടി വരാം. എങ്കിലും കാലദീൎഘതയിൽ മനുഷ്യൻ അവ ററ വിട്ടുപോകയോ, അവ മനുഷ്യനെ വിട്ടുപോകയോ ചെയ്യും. അതല്ലാതെ ഐഹികധനങ്ങൾ ദേഹിക്കു സമജാത്യങ്ങളല്ല. ആത്മാവിന്നു തൃപ്തിവരേണമെങ്കിൽ ആത്മികധനങ്ങൾ തന്നെ വേണം. ആത്മികധനമെന്നതോ, ദേഹിക്കു സ്രഷ്ടാവിനോടുള്ള സംസൎഗ്ഗത്തിൽനിന്നുണ്ടാകുന്ന ഭാഗ്യം തന്നെയാകുന്നു. പ്രാകൃതധനങ്ങളാൽ ദേഹിക്കു സന്തുഷ്ടിവരുന്നതല്ലെന്നു നചികേതസ് യമനോടു പറഞ്ഞിരിക്കുന്നു. അതല്ലാതെ പ്രാകൃതധനങ്ങളാൽ മനുഷ്യന്നു പരിപൂൎണ്ണസന്തുഷ്ടി വരുന്നതായിരുന്നെങ്കിൽ ഹിന്തുക്കൾ തന്നെ അമൎത്ത്യതക്കായും മോക്ഷത്തിന്നായും വാഞ്ഛിക്കയില്ലായിരുന്നുവല്ലോ.

“ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാം ആയുസ്സുമോൎക്ക നീ
പുത്രമിത്രാൎത്ഥകളത്രാദിസംഗമം
എത്രയും അല്പകാലസ്ഥിതമോൎക്ക നീ
പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയും
എത്രയും ചഞ്ചലം ആലയസംഗമം. രാമായണം.

c. സ്വർല്ലോകത്തിലെ അമർത്ത്യതയാകുന്ന പുരുഷാർത്ഥമെന്നു ബ്രാഹ്മണങ്ങളിലും പുരാണങ്ങളിലും പറഞ്ഞു കാണുന്നെങ്കിലും സ്വർല്ലോകങ്ങളിലുണ്ടാകുന്ന അനുഭവം കേവലം പ്രാകൃതമാകകൊണ്ടു പ്രാകൃതധനങ്ങളെ കുറിച്ചു പറഞ്ഞതു ഇവിടെയും പററും. ആ ലോകങ്ങളിലെ അനുഭവം പ്രാകൃതമെന്നു മാത്രമല്ല പാപസംയുക്തം കൂടെയാകുന്നു. ദുർമ്മോഹം ജഡികസന്തോഷം സ്ത്രീസുഖം വ്യഭിചാരം എന്നിവ കൂടെ അവിടെ ഉണ്ടാകും. (അർജ്ജുനന്റെ സ്വർഗ്ഗയാത്ര, ഉച്ചൈശ്ര്യാദികളുടെ നില, സനകാദികളുടെ അവസ്ഥ.) അതല്ലാതെ സ്വർഗ്ഗങ്ങളിലെ വാസം ശാശ്വതമല്ല. മഹാഭിഷക്ക് എന്ന രാജാവു മരണശേഷം സത്യലോകം പ്രാപിച്ചെങ്കിലും അവിടെനിന്നു ഗംഗാദേവി വിവസ്ത്രയായപ്പോൾ അവളെ മോഹിച്ചതുകൊണ്ടു വീണ്ടും ഭൂമിയിൽ വന്നു പിറക്കേണ്ടിവന്നു. അതു ഹേതുവായി ജ്ഞാനമാർഗ്ഗം അവലംബിച്ച ഹിന്തുക്കൾ സ്വർഗ്ഗലോകവാസംകൂടെ ദോഷസംയുക്തമാണെന്നും അതു പുരുഷാർത്ഥമായി കരുതേണ്ടതല്ലെന്നും പറയുന്നു.

അമർത്ത്യതയെ കുറിച്ചു പറഞ്ഞിരിക്കുന്നതു ഹിന്തുമാർഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാർത്ഥനിരൂപണത്തിൽ ഏററവും വിശിഷ്ടസംഗതിയായിട്ടാണെങ്കിലും അതോടു സംബന്ധിച്ചിരിക്കുന്ന പ്രസ്താവങ്ങൾ നോക്കുമ്പോൾ അതിന്റെ ലഘുത്വം പ്രത്യക്ഷമായ്വരും. ബ്രാഹ്മണങ്ങളിൽ അമർത്ത്യതയുടെ പ്രാപകമാർഗ്ഗം അഗ്നിയെ ആരാധിക്കുന്നതും യാഗാദികർമ്മങ്ങളെ അനുഷ്ഠിക്കുന്നതുമാണെന്നു പറഞ്ഞിരിക്കുന്നു. ഇങ്ങിനെ

മനുഷ്യൻ സ്വയപ്രയത്നംകൊണ്ടു അമൎത്ത്യത പ്രാപി ക്കേണം. പുരാണങ്ങളിൽ അമൎത്ത്യതയുണ്ടാവാനുള്ള വഴി രണ്ടാണെന്നു പറഞ്ഞിരിക്കുന്നു. ഒന്നാമത്തു കചൻെറ കഥയാലും രണ്ടാമത്തു പാലാഴിമഥനത്താലും അതു തെളിയും.

പണ്ടു ദേവന്മാൎക്കും അസുരന്മാൎക്കും തമ്മിൽ യുദ്ധമുണ്ടായപ്പോൾ ബൃഹസ്പതി ദേവന്മാരുടെയും ശുക്രൻ അസുരന്മാരുടെയും നാഥനായിരുന്നു. ശുക്രന്നു മൃതസഞ്ജീവനിവിദ്യ അറിയാമായിരുന്നു. ബൃഹസ്പതിക്കതു അറിഞ്ഞുകൂടാതിരുന്നതുകൊണ്ടു ദേവന്മാൎക്കു പരാജയം സംഭവിച്ചു. ശുക്രന്നു ആ അറിവുണ്ടായിരുന്നതുകൊണ്ടു യുദ്ധത്തിൽ മരിക്കുന്ന അസുരന്മാരെ ഒക്കയും ജീവിപ്പിച്ചു. ദേവന്മാർ മരിച്ചു മരിച്ചു ഒടുങ്ങാറായപ്പോൾ ബൃഹസ്പതിയുടെ മൂന്നാം പുത്രനായ കചൻ ആ വിദ്യ പഠിക്കേണ്ടതിന്നായി ശുക്രനെ ചെന്നാശ്രയിച്ചു. ശുക്രൻെറ മകളായ ദേവയാനിയുടെ സഹായംകൊണ്ടു കചൻ ശുക്രൻെറ ഇഷ്ടശിഷ്യനായ്തീൎന്നു. ഈ വിവരം അസുരന്മാർ അറിഞ്ഞപ്പോൾ കചനെ പലകുറി കൊന്നുകളഞ്ഞു എങ്കിലും ശുക്രൻ അവനെ വീണ്ടും വീണ്ടും ജീവിപ്പിച്ചു. ഒടുക്കം അസുരന്മാർ കചനെ കൊന്നു ചുട്ടു ഭസ്മമാക്കി മദ്യത്തിലിട്ടു ശുക്രന്നു കൊടുത്തു അവൻ അറിയാതെ ആ മദ്യം കുടിക്കയും ചെയ്തു. ദേവയാനിയുടെ നിൎബ്ബന്ധത്താൽ കചനെ വീണ്ടും ജീവിപ്പിപ്പാൻ ഭാവിച്ചപ്പോൾ കചൻ തൻെറ വയററിലാണെന്നു ശുക്രനറിഞ്ഞു. കചൻ പുറത്തേക്കു വരുമ്പോൾ താൻ മരിക്കേണ്ടിവരുമെന്നറിഞ്ഞതുകൊണ്ടു

അസുരരെയും മദ്യത്തെയും ശപിച്ചു. ഒടുക്കം വയററി ലുള്ള കചനു തൻെറ മൃതസഞ്ജീവനിവിദ്യ പഠിപ്പി ച്ചുകൊടുത്തു. കചൻ പുറത്തേക്ക വന്നപ്പോൾ ശുക്രൻ മരിച്ചു. കചൻ ആ വിദ്യകൊണ്ടു ശുക്രനെ എഴുനീല്പിച്ചു. ഈ വിദ്യയാലാകുന്നപോൽ ദേവന്മാർ അമൎത്ത്യത പ്രാപിച്ചതു. ഇതല്ലാതെ പാലാഴി കട ഞ്ഞിട്ടു കിട്ടിയ അമൃതിനാലും ദേവന്മാർ അമൎത്ത്യത പ്രാപിച്ചു എന്നു പറഞ്ഞിരിക്കുന്നു.

ഈ വിവരങ്ങളെല്ലാം വിചാരിച്ചാൽ പുരുഷാ ൎത്ഥമെങ്ങിനെ പ്രാപിക്കാമെന്നു ഹിന്തുമാൎഗ്ഗം തന്നെ ശരിയായി അറിയുന്നില്ലെന്നു പറയേണ്ടിവരുന്നു. മനുഷ്യൻെറ ശ്രേഷ്ഠഭാഗ്യം എങ്ങിനെ സിദ്ധിക്കുമെന്നു ശരിയായി പറയാത്ത മാൎഗ്ഗം എത്രെക്ക മതിയാകുമെ ന്നു ഓൎപ്പിൻ. ഊഹത്താലും മിത്ഥ്യാകഥകളാലും പു രുഷാൎത്ഥലബ്ധി ഉണ്ടാകുമോ? മരണത്തിൽ പിന്നെ യുള്ള മനുഷ്യൻെറ അവസ്ഥയെന്തെന്നു ദേവന്മാർ പോലും അറിയുന്നില്ലെന്നു യമൻ നചികേതനോടു പറഞ്ഞിരിക്കുന്നു. പിന്നെ മനുഷ്യൻ തൻെറ ഭാവ്യ വസ്ഥ എങ്ങിനെ അറിയും? സ്വൎഗ്ഗത്തിലെ അമൎത്ത്യ തയെ തത്വജ്ഞാനം നിസ്സാരമായി വിചാരിച്ചു തള്ളി ക്കളയുന്നതുകൊണ്ടു തത്വജ്ഞാനം നല്കുന്ന പുരുഷാ ൎത്ഥം എന്തു എന്നു പരിശോധിച്ചറിയേണ്ടതാണ്.

d. തത്വജ്ഞാനം പ്രദാനം ചെയ്യുന്ന പുരുഷാ ൎത്ഥം മോക്ഷമാകുന്നു. ഹിന്തുക്കളുടെ ശ്രേഷ്ഠപുരു ഷാൎത്ഥം മോക്ഷം തന്നെയാകുന്നു. മോക്ഷമെന്നതു ജന്മങ്ങളിൽനിന്നുള്ള വിടുതലും ഐഹികജീവൻെറ നിരസ്തിത്വവും അഹംതത്വബോധമില്ലാത്ത ബ്രഹ്മ

ഹ്മലയവുമാകുന്നു. ബ്രഹ്മലയം സിദ്ധിക്കുമ്പോൾ യാതൊരു അനുഭവവും ബോധവുമില്ലെങ്കിൽ അതു ഭാഗ്യമെന്നറികയും അനുഭവിക്കയും ചെയ്യുന്നതാർ? അതിന്നു ഭാഗ്യമെന്ന പേർ പററുമോ? അതു ആനന്ദമാകുമോ? ഈ ജീവൻ നിർഭാഗ്യമാണെന്നു വിചാരിക്കുന്നതായാൽ ജീവനില്ലാത്ത സ്ഥിതി നമ്മുടെ അനുഭവത്തിന്നു വിഷയമായിരിക്കായ്കയാൽ അതു ഭാഗ്യാവസ്ഥയാണെന്നു നമുക്കു എങ്ങിനെ അറിയാം? എല്ലാ ന്യായങ്ങളും ശ്രുതിക്കും യുക്തിക്കും അനുഭവത്തിന്നും യോജിച്ചിരിക്കേണമെന്നു ഹിന്തുക്കൾ പറയുന്നു. മോക്ഷത്തെക്കുറിച്ചുള്ള ന്യായം ആ മൂന്നുകാൎയ്യങ്ങൾക്കു ഒക്കുമോ? ഒന്നാമതു ശ്രുതിക്കു ഒക്കുമോ? ശ്രുതികളിൽവെച്ചു അത്യുൽകൃഷ്ടമാകുന്ന ഋഗ്വേദമന്ത്രങ്ങളിൽ മോക്ഷത്തെക്കുറിച്ചു ഒന്നുംതന്നെ പറഞ്ഞു കാണാത്തതുകൊണ്ടു മോക്ഷം ശ്രുതിക്കു ഒക്കുന്നു എന്നെങ്ങിനെ പറയാം? രണ്ടാമതു ഹിന്തുമാൎഗ്ഗത്തിലേയും തത്വജ്ഞാനദൎശനങ്ങളിലേയും യുക്തി പലതരമാകകൊണ്ടും എല്ലായുക്തികളും മോക്ഷത്തിന്നനുകൂലമല്ലായ്കകൊണ്ടും മോക്ഷന്യായം യുക്തിക്കനുസാരമായ്വരുന്നതെങ്ങിനേ? ബ്രഹ്മലയം അഥവാ മോക്ഷം നിരനുഭവസ്ഥിതിയാകയാൽ നമ്മുടെ അനുഭവത്തിന്നു വിഷയമായ്വരായ്കകൊണ്ടു മോക്ഷന്യായം അനുഭവത്തിന്നൊക്കുന്നതെങ്ങിനേ?

ഇതെല്ലാം വിചാരിച്ചാൽ മോക്ഷം പുരുഷാൎത്ഥമാകുന്നതെങ്ങിനേ? അല്ലെങ്കിൽ മോക്ഷം മനുഷ്യന്റെ ഉത്തമഭാഗ്യമായിരിക്കുന്നതെങ്ങിനേ? മനുഷ്യന്റെ വാഞ്ഛകളിൽ ജീവവാഞ്ഛയാണല്ലോ ഏററ

വും പ്രധാനം. മോക്ഷം ജീവരഹിതത്വമാകയാൽ മനുഷ്യന്റെ ഉൽകൃഷ്ടവാഞ്ഛകൾ തൃപ്തിവരുത്താത്തതാകുന്നു. ജീവൻതന്നെയാകുന്നു അരിഷ്ടതയെന്നും ജീവവാഞ്ഛ എല്ലാ ബന്ധനങ്ങൾക്കും കാരണമാണെന്നും അതുകൊണ്ടു ജീവവാഞ്ഛ തന്നെയാകുന്നു നീങ്ങിപ്പോകേണ്ടതു എന്നും ഹിന്തു വാദിക്കും. മോക്ഷം ഉത്തമഭാഗ്യമാണെന്നും ജീവനെക്കാൾ വിശിഷ്ടമാണെന്നും അറിവാൻ നമുക്കു തരമില്ലാതിരിക്കുമ്പോൾ മോക്ഷനിരൂപണസ്ഥാപനത്തിന്നായി ജീവാനുഭവത്തെ ത്യജിപ്പാനെന്തു ന്യായം? പക്ഷെ മോക്ഷം അസ്തിത്വരഹിതത്വമല്ലെന്നും ജീവാസ്തിത്വം പരമാസ്തിത്വത്തിൽ ലയിച്ചുപോകുന്നതാണെന്നും ഹിന്തു പറയും. എന്നാൽ ജീവാത്മാവു അപ്രത്യക്ഷമാകയും യാതൊന്നും അനുഭവിക്കയോ അറികയോ വ്യാപരിക്കയോ ചെയ്യാത്ത പരമാത്മാവിന്നു മാത്രം അസ്തിത്വമുണ്ടാകയും ചെയ്യുന്നതിനാൽ ജീവാത്മാവിന്നെന്തുപകാരം? മോക്ഷം ജീവാത്മാവിനെ വിചാരിച്ചാൽ നിരസ്തിത്വം (നിർവ്വാണം) തന്നെയാകുന്നു.

എങ്ങിനെയായാലും മനുഷ്യൻ ജന്മത്തിൽനിന്നു വിടുതൽ പ്രാപിക്കുന്നതു തന്നെ വലിയ ഭാഗ്യമല്ലയോ എന്നു ഹിന്തു ചോദിക്കും. ജന്മാന്തരം ഉണ്ടെന്നും അതിൽനിന്നു വിടുതൽ പ്രാപിക്കുമെന്നും പറയുന്നതിന്നു തെളിവെന്തു? ജന്മാന്തരം ആത്മാവിന്നോ ദേഹത്തിന്നോ? ജന്മാന്തരം ദേഹത്തിന്നാണെങ്കിൽ മോക്ഷം കൂടെ ദേഹത്തിന്നാകുന്നു. ദേഹം കേവലം ഇല്ലാതെയാകുന്നതാണ് മോക്ഷം എന്നു ഹിന്തു പറയുന്നതായാൽ മോക്ഷം നിർവ്വാണം തന്നെയെന്നു

നിസ്സംശയം തെളിയുന്നു. ജനനം ആത്മാവിന്നാണെങ്കിൽ മോക്ഷവും ആത്മാവിന്നുതന്നെ. ജനനം ആത്മാവിന്നാണെന്നു പറവാൻ പാടുണ്ടോ? അതുകൊണ്ടു ജനനവും മോക്ഷവും ആത്മാവിന്നായിരിപ്പാൻ പാടില്ല. ജനനവും മോക്ഷവും ജീവാത്മാവിന്നാണെന്നു ഹിന്തു പറയുമായിരിക്കും. ജീവാത്മാവു അതുകൊണ്ടു കൎമ്മിയാകുന്നു. കൎമ്മിയാണെങ്കിൽ ജീവാത്മാവു വികാരത്തോടുകൂടിയതാകുന്നു. അതുകൊണ്ടു വികാരസംയുക്തമായ ജീവാത്മാവും നിൎവ്വികാരിയായ പരമാത്മാവും ഒന്നല്ല. "തത്വം അസി" എന്നറിയുന്നതു തന്നെ മഹാഅബദ്ധം. മോക്ഷമെന്നു പറയുന്നതു മേല്പറഞ്ഞതല്ല, മായയുടെ നീക്കമാകുന്നു എന്നു ഹിന്തു വാദിക്കും. മായ ആദ്യന്തരഹിതമായിരിക്കയാൽ മായയെ നീക്കുന്നതെങ്ങിനേ? മായ എന്നു പറഞ്ഞാൽ ഇല്ലായ്മയാണു് എന്നു ഹിന്തു വാദിക്കുവാൻ ഭാവിക്കുന്നതായാൽ താഴെ വരുന്ന അനുമാനം ഉണ്ടാകും.

മായ ഇല്ലായ്മയാകുന്നു
മായ ബന്ധനം ആകുന്നു

അതുകൊണ്ടു ബന്ധനം ഇല്ലായ്മയാകുന്നു. ബന്ധനം ഇല്ലായ്മയാണെങ്കിൽ പിന്നെ മോക്ഷം എന്തു? മോക്ഷത്തിന്നായുള്ള പ്രയത്നം എന്തിന്നു? ആകപ്പാടെ പറഞ്ഞാൽ മോക്ഷമെന്തെന്നും ആൎക്കുള്ളതെന്നും ഹിന്തുശാസ്ത്രപ്രകാരം തെളിയിച്ചുകൂടാ. ജ്ഞാനത്താൽ മോക്ഷം പ്രാപിക്കാമെന്നു പറയുന്നതു ശരിയോ? ഒരാൾ ഇതുവരെ അബദ്ധമായി പലതും പ്രവൃത്തിച്ച ശേഷം ഒടുവിൽ ഞാൻ പ്രവൃത്തിച്ച

തൊക്കെയും അബദ്ധമാണെന്നും ശരിയായി പ്രവൃത്തിക്കേണ്ടതു വേറെ വിധമാണെന്നും അറിയുന്നതിനാൽ അവൻെറ തെററായ പ്രവൃത്തിയുടെ വ്യാപാരവും ഫലവും കുടുങ്ങിപ്പോകുന്നതായി നാം കാണുന്നുണ്ടോ? അവ്വണ്ണം തന്നെ ജ്ഞാനംകൊണ്ടു മോക്ഷം വരും എന്നതും നാം തെളിവായി കാണുന്ന സംഗതിയല്ല.

മോക്ഷത്തിന്നും സൽഗുണത്തിന്നും തമ്മിൽ വല്ല സംബന്ധവും ഉണ്ടോ എന്നതു ഒരു മുഖ്യ ചോദ്യമാകുന്നു. മുമുക്ഷുവിന്നു സൽകർമ്മദുഷ്കർമ്മങ്ങൾ ഒരുപോലെയാകുന്നു. കർമ്മമില്ലാതെ ഇരിപ്പാൻ സാധിച്ചാൽ എത്രയോ നന്നു എന്നു ജ്ഞാനി വിചാരിക്കുന്നു. അവൻ പ്രവൃത്തിയിൽനിന്നു വേർപിരിഞ്ഞു സമാധിയിലിരിപ്പാനാഗ്രഹിക്കുന്നു. അതുകൊണ്ടു സൽഗുണധർമ്മം വേണമെന്നില്ല. ഉണ്ടായാൽ ദോഷവുമില്ല. എന്നാൽ എല്ലാ പ്രവൃത്തികളും ജനനം സാധിപ്പിക്കുന്നതുകൊണ്ടു സൽഗുണാചാരംകൂടെ ത്യജിക്കുന്നതാകുന്നു മുമുക്ഷുവിന്നു നല്ലതു. വല്ല പ്രവൃത്തിയും സൽഗുണപ്രവൃത്തിയായിരിക്കേണമെങ്കിൽ ആ പ്രവൃത്തിയെ സംബന്ധിച്ചു വല്ല ഉത്തമ ഉദ്ദേശവും, പ്രവൃത്തിക്കുന്നവന്നു സ്വാതന്ത്ര്യവും വേണം. ഈ രണ്ടു കാര്യങ്ങളും ഹിന്തുജ്ഞാനിക്കുണ്ടാകുന്നതല്ല. ഉദ്ദേശത്തോടുകൂടിയ പ്രവൃത്തികളൊക്കെയും ബന്ധനഹേതുകങ്ങളാകകൊണ്ടു ഉദ്ദേശം തന്നെ വർജ്ജ്യമാകുന്നു. മനുഷ്യൻ കർമ്മഫലത്തിന്നധീനനാകകൊണ്ടു മനുഷ്യന്നു സ്വാതന്ത്ര്യവുമില്ല. അതല്ലാതെ സൽഗുണധർമ്മത്തിന്നായി മനുഷ്യനെ

ഉത്സാഹിപ്പിപ്പാനും അതിന്നാവശ്യമായ ശക്തി നല്കുവാനും ആരുമില്ല. അതുകൊണ്ടു മോക്ഷം സൽഗുണസംയുക്തമല്ലെന്നു സ്പഷ്ടം. മോക്ഷം ജ്ഞാനത്താലുണ്ടാകുന്നു എന്നും ജ്ഞാനസമ്പാദനത്തിന്നു ചിത്തവൃത്തി വേണമെന്നും ചിത്തവൃത്തി ഉണ്ടാവാൻ സൽഗുണധൎമ്മം അനുഷ്ഠിക്കേണമെന്നും അതുകൊണ്ടു മോക്ഷം സൽഗുണസംയുക്തമാണെന്നും ഹിന്തു പറയുമായിരിക്കും. എന്നാൽ മോക്ഷാനുഭവത്തിൽ ചിത്തവൃത്തി കൂടെ പോയ്പോകേണ്ടതാകയാൽ അതോടുകൂടെ സദാചാരവും പോയ്പോകേണ്ടതല്ലയോ? ചിത്തവൃത്തി തന്നെ മായാംശമാകകൊണ്ടു സൽഗുണാചാരവും മായയുടെ അംശമാകുന്നു. മായ കേവലം നീങ്ങിപ്പോകേണ്ടതാകയാൽ മോക്ഷത്തിൽനിന്നു സദാചാരവും നീങ്ങിപ്പോകും. അതുകൊണ്ടു മോക്ഷം സൽഗുണസംയുക്തവുമല്ല, സൽഗുണപ്രാമാണ്യവും സൽഗുണഹേതുവുമല്ല. മുമുക്ഷുവിന്നു അല്ലെങ്കിൽ ജ്ഞാനിക്കു കൎമ്മബന്ധനമില്ലായ്കയാൽ ഏതു ദുരാചാരത്തിൽ ലയിക്കുന്നതിന്നും തടസ്ഥമില്ല. യാതൊരു ദുഷ്കൃത്യവും അവനെ മോക്ഷത്തിൽനിന്നകറ്റുന്നതും അല്ല.

ജ്ഞാനിക്കു മോക്ഷം കിട്ടുമെന്നതിന്നു നിശ്ചയം എന്തു? വേദത്തിൽ പറഞ്ഞിരിക്കകൊണ്ടു മോക്ഷം നിശ്ചയമായി ജ്ഞാനി പ്രാപിക്കുമെന്നു മാത്രമെ ഹിന്തുവിന്നു പറവാൻ പാടുള്ളൂ. എന്നാൽ വേദത്തിൽ പറഞ്ഞിരിക്കുന്ന അനേകകാൎയ്യങ്ങളെ ജ്ഞാനി ത്യജിക്കുന്നതുകൊണ്ടു തന്റെ വിശ്വാസം ശരിയാണെന്നതിന്നു മറ്റുവല്ല നിശ്ചയവും ഉണ്ടാകേണ്ടതാ

കുന്നു. എല്ലാ നിശ്ചയങ്ങളിലുംവെച്ചു മനുഷ്യന്നു
അനുഭവനിശ്ചയമാകുന്നു ഉറപ്പേറിയതു. മോക്ഷ
ത്തെക്കുറിച്ചു വല്ലവൎക്കും അനുഭവനിശ്ചയമുണ്ടോ?
മോക്ഷം അനുഭവരഹിതത്വമാകകൊണ്ടു മാനുഷാനു
ഭവത്തിന്നു യാതൊരു വിധേനയും വിഷയമായിവ
രുന്നില്ല. അതുകൊണ്ടു ജ്ഞാനികൾ മോക്ഷം കിട്ടു
മെന്നതിന്നു യാതൊരു നിശ്ചയവുമില്ല. മോക്ഷം
നിശ്ചയമായും അനുഭവിക്കും എന്നതിനെക്കുറിച്ചു
മാത്രമല്ല മോക്ഷം നിത്യമായി ഉണ്ടാകും എന്നും
കൂടെ ജ്ഞാനികൾ നിശ്ചയമായി അറിഞ്ഞുകൂടാ.
പരമാത്മാവു പണ്ടു മായാബന്ധനമില്ലാതിരുന്നു
വല്ലോ. പിന്നീടു മായാശക്തിയാൽ ജീവാത്മാവായി
ത്തീൎന്നു. അതു ആത്മാവിന്റെ കാരണത്താലല്ല
മായയുടെ കാരണത്താൽ തന്നെ. എന്നാൽ ജ്ഞാ
നംകൊണ്ടു മായാബന്ധനം അററുപോയ ശേഷം
വീണ്ടും ഒരു കാലം മായാബാധിതനായിത്തീരുകയി
ല്ലെന്നു പറവാൻ മതിയായ ന്യായമുണ്ടോ? യുഗാ
വസാനത്തിൽ എല്ലാം ബ്രഹ്മത്തിൽ ലയിക്കയും
യുഗാരംഭത്തിൽ സൎവ്വവും മായാബാധിതങ്ങളായി
ത്തീരുകയും ചെയ്യുമ്പോൾ ജ്ഞാനിയും അതിൽ
പെടുന്നതല്ലേ? (യുഗാന്തത്തിൽ ജ്ഞാനം സമ്പാദി
ക്കാത്ത വൃക്ഷസസ്യാദികളും കൂടെ ബ്രഹ്മലയം പ്രാപി
ക്കുമെന്നുണ്ടെങ്കിൽ ജ്ഞാനത്താൽ മാത്രമെ മോക്ഷം
വരികയുള്ളു എന്നു പറയുന്നതു ശരിയോ?) അതു
കൊണ്ടു മോക്ഷം നിത്യമായി മനുഷ്യന്നുണ്ടാകുമെന്നു
പറവാനും തരമില്ല. നേരെ മറിച്ചു മായ നിത്യവും
അല്ലെങ്കിൽ ആദ്യന്ത രഹിതവുമാകുന്നു. മായ നിൎവ്വാ

പാരകമല്ല. വ്യാപാരകമാകകൊണ്ടു ആത്മാന്തരഹിതത്വത്തോട്ടകൂടിയ മായ നിത്യം വ്യാപരിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെയാണെങ്കിൽ മായയിൽനിന്നു വിടുതൽ പ്രാപിപ്പാൻ പാടുണ്ടോ?

പക്ഷേ മോക്ഷം പരമാസ്തിത്വത്തോട്ടുള്ള സംസർഗ്ഗമാണെന്നു ഹിന്തുവാദികളമായിരിക്കും. സംസർഗ്ഗം ചെയ്യേണമെങ്കിൽ രണ്ടു അസ്തിത്വങ്ങൾ വേണമെന്നതു സർവ്വസമ്മതമാണല്ലോ. മോക്ഷം നിത്യമാകകൊണ്ടു മോക്ഷമാകുന്ന സംസർഗ്ഗത്തിൽ പരമാത്മാവു ജീവാത്മാവു എന്നിവരണ്ടും തമ്മിൽ വേർപിരിഞ്ഞിരിക്കുന്ന നിത്യസത്വങ്ങളാകുന്നു എന്നുവരും എങ്കിലും ജീവാത്മാവും പരമാത്മാവും ഒന്നു തന്നെ. അതുകൊണ്ടു ആർ ആരോടു സംസർഗ്ഗം ചെയ്യുന്നു എന്നു നാം ചോദിക്കും. മോക്ഷം സംസർഗ്ഗമാണെങ്കിൽ തത്വമസി, ബ്രഹ്മാസ്മി എന്നിവയുടെ സാരമെന്തു? സംസർഗ്ഗം എന്നതു രണ്ടു അസ്തിത്വങ്ങളെ സംബന്ധിച്ചിരിക്കുന്നു എന്നു മാത്രമല്ല ജീവസംയുക്തവുമാണ്. മോക്ഷം ജീവസംയുക്തമാണെങ്കിൽ മോക്ഷം മോക്ഷമല്ല. ഈ സംബന്ധത്തിൽ രാമാനുജാചാര്യൻ പണ്ടു പറഞ്ഞിരിക്കുന്ന ആക്ഷേപം വിലയേറിയതാകുന്നു. അതിന്റെ സംക്ഷേപം താഴെ ചേർക്കുന്നു.

“എല്ലാശാസ്ത്രങ്ങളിലും ജ്ഞാനം അജ്ഞാനം സത്യം അസത്യം ഗുണം ദോഷം എന്നീ വൈപരീത്യങ്ങളെ കുറിച്ചു പറഞ്ഞിരിക്കുന്നു. അതുപോലെ ജീവാത്മാവും പരമാത്മാവും തമ്മിൽ വേർപെട്ടവയാകുന്നു. ഞാൻ ചിലപ്പോൾ ഭാഗ്യത്തേയും മററു

ചിലപ്പോൾ നിൎഭാഗ്യത്തേയും അനുഭവിക്കുന്നു. അവനൊ നിത്യം ഭാഗ്യവാനാകുന്നു. അവൻ നിത്യവെളിച്ചവും ലോകാധിശ്രേഷ്ഠനുമാകുന്നു. ജീവാത്മാവൊ അങ്ങിനെയല്ല. അതുകൊണ്ടു ഞാനും പരമാത്മാവും ഒന്നു തന്നെ എന്നു പറയുന്നതെങ്ങിനേ? പരമാൎത്ഥമാനസനായി നിന്റെ സ്വതന്ത്രത്വത്തെകൊണ്ടു ആലോചിച്ചുനോക്കു. അവൻ തന്റെ ദയാതിരേകത്താൽ ലേശം എങ്കിലും വിവേകം തന്നിട്ടില്ലയോ? അതുകൊണ്ടു പ്രതികൂലബുദ്ധിയായ നിനക്കു ഞാൻ ദൈവമാണെന്നു പറവാൻ ന്യായമുണ്ടോ? സൎവ്വാധികാരവും സൎവ്വപ്രാപ്യത്തനാശക്തിയും നിത്യമായി ദൈവത്തിന്നുള്ളതാകുന്നു. അതുകൊണ്ടു അവൻ സഗുണനാകുന്നു.” സൃഷ്ടിജാലങ്ങളൊക്കയും പ്രളയശേഷം സായുജ്യം പ്രാപിക്കുമെങ്കിലും മനുഷ്യന്റെ വ്യക്തിത്വം ഇല്ലാത്തമോക്ഷം ഉണ്ടാകയില്ലെന്നു സ്പഷ്ടമായി അദ്ദേഹം ഉപദേശിച്ചിരിക്കുന്നു.

ഒടുക്കം ഹിന്തുമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥം എല്ലാവൎക്കും പ്രാപിച്ചുകൂടാ എന്നു പ്രസ്താവിക്കുന്നു. എല്ലാവൎക്കും ജ്ഞാനം അഭ്യസിപ്പാൻ പാടില്ല കഴിവുമില്ല. അവ്വണ്ണം തന്നെ സന്ന്യാസം തപസ്സുമുതലായവ അനുഷ്ഠിപ്പാനും എല്ലാവൎക്കും തരമില്ല. അതുകൊണ്ടു ഹിന്തുമാൎഗ്ഗത്തിലെ പുരുഷാൎത്ഥം സാൎവ്വത്രികത്വത്തോടു കൂടിയതല്ല. മാനുഷസമുദായത്തിന്നു പററുന്നതുമല്ല. എല്ലാവരും മോക്ഷം പ്രാപിക്കേണ്ടതിന്നു ഗീതയിൽ ഒരു എളുപ്പവഴി പറഞ്ഞിരിക്കുന്നു. പ്രതിഫലകാംക്ഷയും സംഗവും കൂടാതെ അവനവന്റെ ജാതികുലാചാരങ്ങളെ കൃഷ്ണനുവേണ്ടി

ചെയ്താൽ മോക്ഷം പ്രാപിക്കും എന്നാണ് ഗീതയുടെ അഭിപ്രായം. ഇതുംകൂടെ മേൽപറഞ്ഞ ആക്ഷേപങ്ങൾക്കു യോഗ്യമാകകൊണ്ടു ഇവിടെ വീണ്ടും ആവൎത്തിക്കുന്നില്ല. ഹിന്തുശാസ്ത്രത്തിലെ മോക്ഷം മാനുഷദേഹിക്കു യാതൊരു പ്രകാരത്തിലും തൃപ്തിവരുത്തുന്നതല്ല. മോക്ഷം അനുഭവരഹിതവും ജീവനിരസ്തിത്വവും സൽഗുണവിരഹിതവും അനിശ്ചയകരവും ആകകൊണ്ടു മനുഷ്യനു പററാത്തതു തന്നെയാകുന്നു എന്നു നിസ്സംശയം പറയാം. അതുകൊണ്ടു മാനുഷദേഹിക്കു സംതൃപ്തിവരുത്തുന്ന പുരുഷാൎത്ഥമെന്തു എന്നു നാം കണ്ടെത്തേണ്ടതാകുന്നു.

---

## 2. ക്രിസ്തുമാൎഗ്ഗത്തിലേ ശ്രേഷ്ഠപുരുഷാൎത്ഥ വിശിഷ്ടത.

a. സാമാന്യപ്രസ്താവന. ഹിന്തുമതത്തിലെ പുരുഷാൎത്ഥമെന്നപോലെ ക്രിസ്തീയമാൎഗ്ഗത്തിലെ പുരുഷാൎത്ഥം മാനുഷസങ്കല്പിതമല്ല. ജിജ്ഞാസയാലും വിമൎശനത്താലും മനുഷ്യൻ ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യത്തെ കണ്ടുപിടിച്ചിട്ടില്ല. ഈ പുരുഷാൎത്ഥത്തെ ദൈവം തന്നെ നിശ്ചയിച്ചിരിക്കകൊണ്ടു അന്യമാൎഗ്ഗങ്ങളിലെ ശ്രേഷ്ഠപുരുഷാൎത്ഥങ്ങളോടു സദാചാരവിരഹിതങ്ങളും കേവലം പ്രാകൃതങ്ങളുമായ അനവധി സംഗതികൾ ചേൎന്നിരിക്കുന്നപ്രകാരം ക്രിസ്തീയപുരുഷാൎത്ഥത്തോടു ചേൎന്നിരിക്കുന്നില്ല മത്തായി 25, 34; എബ്രായർ 11, 10. മനുഷ്യൻ പാപിയാകകൊണ്ടും ദൈവസംസൎഗ്ഗത്തിൽനിന്നകന്നിരിക്കുന്ന

തുകൊണ്ടും തനിക്കു പററിയ പുരുഷാൎത്ഥത്തെ നിരൂപിച്ചുണ്ടാക്കുവാൻ ശക്തനല്ല. ദൈവം മനുഷ്യന്റെ പിതാവാകകൊണ്ടു സ്നേഹത്തോടെ മനുഷ്യന്നു പററിയ ഭാഗ്യത്തെ ഒരുക്കിവെച്ചിരിക്കുന്നു. അതുകൊണ്ടു ക്രിസ്തീയമാൎഗ്ഗം വിവിധപുരുഷാൎത്ഥങ്ങളെയല്ല ഏകശ്രേഷ്ഠപുരുഷാൎത്ഥത്തെ മാത്രമേ പ്രദാനം ചെയ്യുന്നുള്ളു. ക്രിസ്തീയമാൎഗ്ഗത്താൽ ഐഹികനന്മകൾ പലതും പ്രാപിക്കാം എങ്കിലും അവ പ്രാപിച്ചേ കഴിയൂ എന്നോ നിശ്ചയമായും പ്രാപിക്കാം എന്നോ കരുതേണ്ടതല്ല; അവ പുരുഷാൎത്ഥമല്ലല്ലോ. എന്നാൽ അവ ശ്രേഷ്ഠപുരുഷാൎത്ഥപ്രാപ്തിക്കു വിഘ്നങ്ങളായിവന്നുവെങ്കിൽ നിസ്സംശയം ത്യജിക്കേണ്ടതാകുന്നു. മാൎക്ക് 10, 21; മത്തായി 10, 37; മത്തായി 10, 39; 16, 25; ലൂക്ക് 12, 15.

ദൈവം ഒരുക്കിയിരിക്കുന്ന ശ്രേഷ്ഠപുരുഷാൎത്ഥം മനുഷ്യന്നു സ്വന്തശക്തികൊണ്ടു കണ്ടുപിടിച്ചുകൂടായ്കയാൽ ദൈവം തന്നെ അതു വെളിപ്പെടുത്തി തന്നിരിക്കുന്നു. എന്നാൽ ശ്രേഷ്ഠപുരുഷാൎത്ഥത്തെക്കുറിച്ചുള്ള സംഗതികൾ ഒക്കയും ഒന്നായി വെളിപ്പെടുത്തിയിരിക്കുന്നു എന്നല്ല. ധനികനായ ഒരുത്തൻ തന്റെ മകന്നുണ്ടാകുന്ന അവകാശത്തെക്കുറിച്ചു ശൈശവത്തിൽ തന്നെ എല്ലാ കാൎയ്യങ്ങളും വിവരിച്ചറിയിക്കാറില്ല. അങ്ങിനെ പറഞ്ഞുകൊടുപ്പാനുള്ള പരിശ്രമം ശിശുവിന്നു പ്രയോജനകരമല്ല. ശിശുവിന്നു മനസ്സിലാകുന്നതുമല്ല. കുട്ടിക്കു പ്രായം വൎദ്ധിക്കുന്തോറും അതിനെപ്പററി വ്യക്തമായും വിവരമായും പറഞ്ഞുകൊടുക്കും. പ്രായാനുസാരം കാൎയ്യം

അധികം ഗ്രഹിക്കുകയും ചെയ്യും. അവ്വണ്ണം തന്നെ മാനുഷവൎഗ്ഗത്തിന്നു ആത്മികവളൎച്ച വൎദ്ധിക്കുന്തോറും ശ്രേഷ്ഠപുരുഷാൎത്ഥത്തെക്കുറിച്ചു ദൈവം അധികം ക്ലിപ്തമായി അറിവുകൊടുത്തിരിക്കുന്നു. അതുകൊണ്ടു പഴയനിയമത്തെയും പുതിയനിയമത്തെയും നോക്കിയാൽ പുരുഷാൎത്ഥനിരൂപണത്തിൽ വികാസതകാണും. ശ്രേഷ്ഠപുരുഷാൎത്ഥം ഈ ലോകത്തിലിരിക്കുന്ന മനുഷ്യന്നു ഗ്രഹിപ്പാനും പരിഗ്രഹിപ്പാനും പാടുള്ളേടത്തോളം യേശുവും അപ്പോസ്തലന്മാരും വെളിപ്പെടുത്തിയിരിക്കുന്നു. എന്നാൽ ശ്രേഷ്ഠപുരുഷാൎത്ഥം പാരത്രിക ദൈവരാജ്യമാകകൊണ്ടും ഇന്നു മനുഷ്യനിൽ പുരുഷാൎത്ഥലബ്ധിക്കു തടസ്ഥമായ പാപമുള്ളതുകൊണ്ടും ലോകാവസാനത്തിൽ യേശുവിന്റെ രണ്ടാം പ്രത്യക്ഷതയിൽ മാത്രമെ അതു പരിപൂൎണ്ണമായി അനുഭവിച്ചറിവാൻ കഴികയുള്ളു. 1 കൊരി. 2, 9. 10; 1 യോഹ. 3, 2. ശ്രേഷ്ഠപുരുഷാൎത്ഥത്തിന്റെ പൂൎണ്ണാനുഭവം ഭാവിയിൽ മാത്രം മനുഷ്യന്നുണ്ടാകുന്നതുകൊണ്ടു ഇന്നു യാതൊരു നഷ്ടവും വരുന്നില്ല. എന്നുമാത്രമല്ല അതുകൊണ്ടു തന്നെ അതു പ്രാപിപ്പാനുള്ള ആഗ്രഹവും അതു ലഭിക്കുമെന്ന പ്രത്യാശയും അതു കരസ്ഥമാക്കുവാനുള്ള പരിശ്രമവും വൎദ്ധിച്ചുവരേണ്ടതാകുന്നു. 1 യോഹ. 3, 3; 2 കൊരി. 5, 1. 2.

b. ശ്രേഷ്ഠപുരുഷാൎത്ഥത്തിന്റെ അനുഭവം. പാരത്രിക ദൈവരാജ്യത്തിൽ സ്വൎഗ്ഗവാസം നിത്യജീവൻ ദൈവസംസൎഗ്ഗം എന്നിവയാകുന്നു മുഖ്യ അനുഭവങ്ങൾ. ജന്മാന്തരോപദേശം വിശ്വസിക്കുന്ന മോക്ഷാൎത്ഥികൾ സ്വൎഗ്ഗം ജീവൻ എന്നിവ കാമ്യസാധനങ്ങ

ഉല്ല. കാരണം സ്വൎഗ്ഗം പ്രാപിക്കുന്നവനും ജീവിക്കുന്നവനും വീണ്ടും ജനനവും പുതിയ അരിഷ്ടതകളും ഉണ്ടാകുമെന്നു മോക്ഷാൎത്ഥിവിചാരിക്കുന്നു. എന്നാൽ സ്വൎഗ്ഗത്തിൽ കേടും മാലിന്യവും വാട്ടവും ഇല്ല. ജീവനുണ്ടെങ്കിലും അരിഷ്ടതകളില്ല. 1 പേത്രു. 1, 5; വെളിപ്പാടു 7, 16. ദൈവസംസൎഗ്ഗത്താൽ മനുഷ്യൻ ദൈവത്തിൽ ലയിച്ചു സ്വന്തഅസ്തിത്വം നശിക്കയുമില്ല. മനുഷ്യൻ അവിടെ ദൈവത്തിന്നു തുല്യനാകുമെങ്കിലും ആ തുല്യത തത്വതുല്യത അല്ല, ജീവതുല്യതയാകകൊണ്ടു മാനുഷവ്യക്തിത്വം ഇല്ലാതെ പോകയുമില്ല. അതുകൊണ്ടു സ്വൎഗ്ഗവാസവും നിത്യജീവനും, അരിഷ്ടത ബന്ധനം പുനൎജ്ജന്മം എന്നിവയില്ലാത്തതു ആകുന്നു. ഈ ഭാഗ്യം മനുഷ്യൻെറ ദേഹിക്കു മാത്രം ഉള്ളതല്ല. ദേഹത്തിന്നും കൂടെയുള്ള ഭാഗ്യമാകുന്നു. ലോകാവസാനത്തിലുണ്ടാകുന്ന പുനരുത്ഥാനത്തിൽ മനുഷ്യർ കേടുള്ള ശരീരം നീങ്ങി കേടില്ലാത്തതും നശിക്കാത്തതും സ്വൎഗ്ഗീയവുമായ ശരീരം പ്രാപിച്ചുകൊണ്ടു സ്വൎഗ്ഗത്തിൽ പ്രവേശിക്കും, എന്നാൽ ആ ശരീരം സ്ഥലകാലങ്ങൾക്കധീനമല്ലായ്കയാൽ ദേഹിക്കു ബന്ധനമുണ്ടാകുന്നില്ല. ദേഹിക്കു യഥേഷ്ടം വ്യാപരിച്ചു പ്രവൃത്തിപ്പാൻ ആ ശരീരം തക്ക സാഹിത്യമായിരിക്കും. ആ ശരീരം മനുഷ്യൻ പ്രാപിക്കുന്നതു മനുഷ്യൻെറ ഗുണവിശേഷതകൊണ്ടല്ല, ദൈവത്തിൻെറ കൃപാസംയുക്തമായ സാദ്ധ്യശക്തിയാലാകുന്നു. 1 കൊരി. 15, 42—54. ആ ദേഹത്തിൽ തന്നെയാകുന്നു അമൎത്യതയും നിത്യജീവനും അധിവസിക്കുന്നതു. മണ്മയമായ ഐഹിക

ദേഹം അനാദി അരിഷ്ടതകൾക്കും വിഘ്നങ്ങൾക്കും ഹേതുവാണെങ്കിലും അതേദേഹം തന്നെയാണല്ലോ അനവധിനന്മകൾക്കു സാഹിത്യമായിരുന്നതു. അതുകൊണ്ടു പുരുഷാൎത്ഥാനുഭവം ദേഹത്തിന്നും കൂടെ വേണ്ടതാകുന്നു. അതനുഭവിക്കേണ്ടതിന്നായി പുനരുത്ഥാനത്തിൽ ദേഹത്തിന്നും വിശിഷ്ടമായൊരു പരിണാമം സംഭവിക്കും. ചുരുക്കിപ്പറഞ്ഞാൽ ശ്രേഷ്ഠപുരുഷാൎത്ഥമായ ദൈവരാജ്യം മോക്ഷം എന്നപോലെ മനുഷ്യനിലെ ഒരു ഭാഗത്തിന്നു മാത്രമല്ല, മുഴുമനുഷ്യന്നു അനുഭവമായ്വരുന്നതാകുന്നു. ദേഹത്തോടുകൂടിയ അവസ്ഥ അനശ്വരവും നിത്യവും ആയിരിക്കുമോ എന്നു ഹിന്ദുചോദിക്കാം. ആദേഹത്തോടുകൂടിയ അവസ്ഥ ദൈവസംസൎഗ്ഗസംയുക്തമാകകൊണ്ടു നശ്വരമല്ലാത്തതാകുന്നു. നിത്യജീവനാകുന്ന ദൈവത്തോടുള്ള സംസൎഗ്ഗത്തിൽനിന്നു മനുഷ്യൻ ഒടുങ്ങിപ്പോകാത്തതും വിഘ്നം വരാത്തതുമായ ജീവൻ എപ്പോഴുമനുഭവിക്കുന്നതുകൊണ്ടു മരണവും അരിഷ്ടതയും വരുന്നതല്ല. ജീവനുള്ളേടത്തോളം ദേഹത്തിന്നു മരണമില്ലല്ലോ. ഈ ലോകത്തിൽ തന്നെ പലപ്പോഴും അന്യോന്യസംസൎഗ്ഗംകൊണ്ടു മനുഷ്യൎക്കു സ്വഭാവതുല്യത വരാറുണ്ടു. അവ്വണ്ണം തന്നെ ഇക്കാലത്തെ പ്രകൃതിശാസ്ത്രപ്രകാരം പരിവൃത്തങ്ങൾക്കനുസരിച്ചു ജീവികളിൽ പലവിധമായ പരിണാമം സംഭവിക്കുന്നു എന്നത് സിദ്ധാന്തമാണെല്ലോ. നിത്യനായ ദൈവത്തോടു മനുഷ്യൻ ജീവസംസൎഗ്ഗത്തിലിരിക്കുമ്പോൾ നാശമില്ലാത്ത ദൈവത്തിന്റെ ജീവനാൽ മനുഷ്യന്നും അനശ്വരത്വം വരാതിരിക്കയില്ല. അതി

ന്നനുസാരമായ തുല്യതയും വരും. എന്നാൽ സംസൎഗ്ഗം ജീവസംബന്ധമാകയാൽ മനുഷ്യന്നുണ്ടായ്വരുന്ന ദിവ്യതുല്യത തത്വതുല്യതയല്ല. ജീവതുല്യതയാകുന്നു. തത്വൈക്യതയല്ല. ജീവൈക്യതയാകുന്നു. അതു കൊണ്ടു ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിൽ മനുഷ്യന്റെ വ്യക്തിത്വവും മൂൎത്തിത്വവും യാതൊരു വിധേനയും ലോപ്പോകുന്നതല്ല.

മനുഷ്യന്റെ വ്യക്തിത്വവും മൂൎത്തിത്വവും പാരത്രിക ദൈവരാജ്യത്തിലുണ്ടായാൽ അവിടെ മനുഷ്യന്നു പ്രവൃത്തിയും ഉണ്ടാകും. ഒന്നാമതു അമിതനായ ദൈവത്തെ നിത്യം അരാഞ്ഞു അറിയുന്ന പ്രവൃത്തി. അതിനാൽ പരിജ്ഞാനവും സംസൎഗ്ഗവും വൎദ്ധിക്കും. രണ്ടാമതു ദൈവത്തെ അധികം അറികയും സംസൎഗ്ഗാനുഭവം വൎദ്ധിക്കയും ചെയ്യുമ്പോൾ മനുഷ്യൻ കൃതജ്ഞനും കൃതാൎത്ഥനുമായി ദൈവത്തെ സ്തുതിക്കും. ദൈവം അമിതനും അന്തമില്ലാത്തവനുമാകയാൽ ഈ പ്രവൃത്തികൾ നിത്യമായിരിക്കും. ഹിന്തുവിന്നു ഹൃദ്യമല്ലാത്ത ഒരു സംഗതി ഇതു തന്നെയാകുന്നു. പാരത്രിക പുരുഷാൎത്ഥാനുഭവത്തിൽ പ്രവൃത്തിയുണ്ടെങ്കിൽ അതു ബന്ധനസംയുക്തമാണെന്നു ഹിന്തുവിചാരിക്കും. ജീവൻ നശ്വരമല്ലാതെയും അരിഷ്ടതയില്ലാലെയും വരുമ്പോൾ പ്രവൃത്തിയാൽ ബന്ധനമില്ലെന്നു തീൎച്ചയാണല്ലോ. കാരണം ബന്ധനം എവിടെയോ അവിടെ നശ്വരത്വമുണ്ടാകും. നശ്വരത്വമെവിടെയോ അവിടെ ബന്ധനം നിശ്ചയം. നശ്വരത്വവും അരിഷ്ടതയും ഇല്ലാത്തേടത്തു ബന്ധനവുമില്ല എന്നു ഹിന്തുതന്നെ സമ്മ

തിക്കം. ഇതു തന്നെയുമല്ല. ഹിന്തുക്കളുടെ മറെറാരു ന്യായംകൊണ്ടു ക്രിസ്തീയ ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിലെ പ്രവൃത്തി ബന്ധനകാരണമല്ലെന്നു തെളിയിക്കാം. എങ്ങിനെയെന്നാൽ: പരമാത്മാവിൻ ഏകാഗ്രചിത്തത്തോടെ പ്രതിഫലകാംക്ഷ കൂടാതെ ചെയ്യുന്ന പ്രവൃത്തികളാൽ സംഗവും ബന്ധനവും ജനനവും ഇല്ല എന്നു ഗീതയിൽ പറഞ്ഞിരിക്കുന്നു. പാരത്രിക ദൈവരാജ്യാനുഭവത്തിൽ ഉണ്ടാകുന്ന പ്രവൃത്തി അവ്വണ്ണം തന്നെയാകുന്നു. പുരുഷാൎത്ഥം പ്രാപിച്ചുപോയതുകൊണ്ടു പ്രതിഫലകാംക്ഷക്കു ന്യായമില്ല. അതുണ്ടാകയുമില്ല. അവിടെ ദൈവത്തെയല്ലാതെ മറെറാന്നിനെയുംകുറിച്ചാലോചിപ്പാനില്ലായ്കകൊണ്ടു ദൈവത്തിൽ മനുഷ്യന്നു ഏകാഗ്രചിത്തവും ഉണ്ടാകും. അതുകൊണ്ടു അവിടെ വെച്ചുണ്ടാകുന്ന പ്രവൃത്തിയാൽ മനുഷ്യന്നു ഭാഗ്യവൎദ്ധനമാത്രമേ ഉണ്ടാകയുള്ളൂ.

c. ക്രിസ്തീയമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നും മനുഷ്യന്റെ ഐഹികജീവന്നും തമ്മിലെന്തു സംബന്ധം? ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നായി മനുഷ്യൻ ഈ ലോകത്തിൽ സദാചാരം അനുഷ്ഠിക്കേണ്ടതാകകൊണ്ടു പുരുഷാൎത്ഥം സദാചാരസംയുക്തമാകുന്നു. സദാചാരം ജീവനം കൂടാതെ പുരുഷാൎത്ഥം പ്രാപിച്ചുകൂടാ. എന്നാൽ സൽഗുണസംയുക്തമായ ജീവനത്തിന്നായും പാപത്യാഗത്തിന്നായും ഉള്ള ശക്തി ദൈവസംസൎഗ്ഗത്താൽ ഈ ഭൂമിയിൽവെച്ചു സാധിക്കുന്നു എന്നു വിശ്വാസി അനുഭവത്താൽ അറിയുന്നതുകൊണ്ടു ശ്രേഷ്ഠപുരുഷാൎത്ഥം

സൽഗുണപ്രാമാണ്യവും സൽഗുണഹേതുവുമാകുന്നു. ഇതു നാം മുമ്പെ പറഞ്ഞിരിക്കുന്നു. ഈ ജീവനിലെ കഷ്ടാരിഷ്ടതകളിലും വൈഷമ്യസംഗതികളിലും ശ്രേഷ്ഠപുരുഷാൎത്ഥത്താൽ വല്ല ഗുണവും വരുമോ എന്നാണ് ഇവിടെ മുഖ്യമായി ചോദിക്കേണ്ടതു. പാരത്രിക പുരുഷാൎത്ഥം വിശ്വാസിക്കുണ്ടാകുന്ന ശാശ്വതാനുഭവം ആകകൊണ്ടു നശ്വരമായ ലോകത്തിലെ താല്ക്കാലിക വിഷമങ്ങളാൽ ഭക്തന്നു വലിയ ചേതം വരുന്നില്ല. ചേതം എന്നു തോന്നുന്നവ തന്നെ പലപ്പോഴും പുരുഷാൎത്ഥാനുഭവത്തിന്നു സഹായമായ്തീരും. ശ്രേഷ്ഠപുരുഷാൎത്ഥം വിചാരിച്ചിട്ടു വിശ്വാസി ഐഹികമായവറ്റെ ത്യജിക്കയും ദൃപത്തിൽ സന്തുഷ്ടിയോടെ ഇരിക്കയും ചെയ്യും. ലോകഭാഗ്യങ്ങൾക്കു തല്ക്കാലം അസ്തമയം വന്നാലും ഇവറ്റിൽ പരമായതു തനിക്കുണ്ടെന്നറിഞ്ഞു ഭക്തൻ ദൈവാശ്രയത്തിൽ സ്ഥിരനായിരിക്കും. നീതിയുടെ അതുല്യവിഭാഗത്താലും നീതിക്കു പകരം അനീതി അനുഭവിക്കേണ്ടിവന്നാലും നിരാശപ്പെടാതെ അവൻ "സ്വൎഗ്ഗത്തിലെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിക്കും." അതുകൊണ്ടു ഐഹികജീവനെ അവൻ നിരാശയോടെ അല്ല പ്രത്യാശയോടെ അനുഭവിക്കും. ഈ ജീവനിലെ അരിഷ്ടതകൾ പുരുഷാൎത്ഥപ്രത്യാശയെ വൎദ്ധിപ്പിക്കും. "ഈ നൊടികൊണ്ടുള്ള ലഘുസങ്കടം അനവധി അതിയായിട്ടു നിത്യതേജസ്സിൻ ധനത്തെ സമ്പാദിക്കുന്നു." "സങ്കടം ക്ഷാന്തിയെയും ക്ഷാന്തി സിദ്ധതയെയും സിദ്ധത ആശയെയും ഉളവാക്കുന്നു എന്നറിഞ്ഞു നാം സങ്കടങ്ങളിലും പ്രശംസിക്കുന്നു." "ഈ കാല

ത്തിലെ കഷ്ടങ്ങൾ വരുവാനുള്ള തേജസ്സോടു ഒക്കാത്തതു എന്നു ഞാൻ മതിക്കുന്നു." "ദൈവമക്കൾക്കു സകലവും നന്മെക്കായി സഹായിക്കുന്നു. ദൈവത്തിൻെറ സ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്തുന്നതാർ?" റോമർ 8, 18; 8, 28; 8, 35. മേല്പറഞ്ഞ ഭാവം ഈ ലോകത്തിലെ സന്തോഷസന്താപങ്ങളെ തുച്ഛീകരിക്കുന്ന ജ്ഞാനിയുടെ സമാനഭാവമല്ല. കഷ്ടത്തെ കഷ്ടമായും സന്തോഷത്തെ സന്തോഷമായും ഭക്തൻ അനുഭവിച്ചുകൊണ്ടു കഷ്ടത്തെകൂടെ സന്തോഷകാരണമായും ശ്രേഷ്ഠപുരുഷാൎത്ഥപ്രാപ്തിക്കു സഹായമായും തീൎക്കുന്നു.

ശ്രേഷ്ഠപുരുഷാൎത്ഥത്തിന്നും ഐഹികജീവനും തമ്മിൽ മേല്പറഞ്ഞ വിധത്തിലുള്ള സംബന്ധമുണ്ടെങ്കിൽ ഇഹലോകത്തിൽവെച്ചു തന്നെ ആ പുരുഷാൎത്ഥം തനിക്കു ലഭിക്കുമെന്നു മനുഷ്യന്നു നിശ്ചയം വരേണ്ടതാകുന്നു. ഹിന്തുജ്ഞാനിക്കു തൻെറ പുരുഷാൎത്ഥപ്രാപ്തിയെ കുറിച്ചു അനുഭവനിശ്ചയം ഉണ്ടാവാൻ പാടുള്ളതല്ലെന്നു നാം മുമ്പെ കാണിച്ചുവല്ലോ. എന്നാൽ ക്രിസ്തീയഭക്തന്നു തൻെറ മാൎഗ്ഗത്തിൽ പറഞ്ഞിരിക്കുന്ന പുരുഷാൎത്ഥപ്രാപ്തിയെ കുറിച്ചു അനുഭവനിശ്ചയമുണ്ടു. ഭക്തനിൽ ദൈവാത്മാവു വന്നു വസിക്കുന്നു. 1 കൊരി. 3, 16; 6, 19; 2 തിമോ. 1, 14; റോമർ 8, 9—15; ഗലാ. 4, 6. വിശുദ്ധാത്മാവു ആത്മികജീവൻ മനുഷ്യനിൽ ജനിപ്പിക്കുന്നു. റോമർ 8, 2. ഈ പുതിയ ജീവൻ മനുഷ്യനിൽ ഉണ്ടാകേണ്ടുന്നതിന്നായി ആത്മാവു മനുഷ്യനെ ദൈവസംസൎഗ്ഗത്തിൽ ചേൎക്കുന്നു. ഇങ്ങിനെ ശ്രേഷ്ഠപുരുഷാൎത്ഥ

ത്തിലെ മുഖ്യ അനുഭവമായ ദൈവസംസൎഗ്ഗം മനുഷ്യന്നു ഇഹത്തിൽ വെച്ചു തന്നെ ആരംഭിക്കുന്നു. വിശുദ്ധാത്മാവിനാൽ വിശ്വാസിയുടെ ഹൃദയത്തിൽ ശ്രേഷ്ഠപുരുഷാൎത്ഥലബ്ധിയെ കുറിച്ചുള്ള നിശ്ചയം വരുന്നു. എഫെ. 1, 3. അനുഭവം എന്നതു ഹിന്ദുവിന്നു ഗ്രഹിക്കുന്ന ഒരു കാൎയ്യമല്ല. വല്ല അതിശയങ്ങളെ കാണുന്നതോ യോഗാഭ്യാസത്താൽ അസാധാരണയായതു വല്ലതും പ്രവൃത്തിക്കുന്നതോ ആകുന്നു ഹിന്ദു തന്റെ മാൎഗ്ഗസാക്ഷ്യമായി വിചാരിക്കുന്ന അനുഭവം. ക്രിസ്തീയ അനുഭവം അതല്ല. ശ്രേഷ്ഠപുരുഷാൎത്ഥം ആത്മാവിലെ ദൈവസംസൎഗ്ഗാനുഭവമാകകൊണ്ടു ഹൃദയാനുഭവമല്ലെങ്കിൽ ആത്മാവിലുണ്ടാകുന്ന ദിവ്യജീവാനുഭവമാകുന്നു ക്രിസ്തീയ അനുഭവം. അതു ഊഹത്തിൽനിന്നും മനോഭാവനയിൽനിന്നും ഉണ്ടാകുന്നതും മരീചികെക്കു തുല്യവുമല്ല. കാരണം മനുഷ്യൻ ദൈവത്തോടു ചെയ്യുന്ന സംസൎഗ്ഗം എന്നതല്ല മുഖ്യം. അതു മുഖ്യമായിരുന്നെങ്കിൽ ജ്ഞാനിയുടെ മോക്ഷത്തെപ്പോലെ വെറും ഊഹമായ്ത്തീരാം. നേരെ മറിച്ചു ദൈവം മനുഷ്യനോടു ചെയ്യുന്ന സംസൎഗ്ഗമാകുന്നു മുഖ്യം. ദൈവം വാസ്തവസത്യമാകകൊണ്ടു മനുഷ്യന്നു ആ വാസ്തവസത്യം അടുത്തുവരുന്നതു അനുഭവമായ്വരാതിരിക്കയില്ല. എന്നു തന്നെയുമല്ല, ദൈവസംസൎഗ്ഗത്തെക്കുറിച്ചുള്ള ബോധവും പരിജ്ഞാനവും മനുഷ്യനിലുണ്ടാകുന്നതു മാനുഷയത്നംകൊണ്ടല്ല, ദൈവം തന്നെ മനുഷ്യനിൽ അതു വരുത്തുന്നതാകകൊണ്ടു ക്രിസ്തീയഅനുഭവനിശ്ചയം ഏററവും ഉറപ്പുള്ളതാകുന്നു.

d. ശ്രേഷ്ഠപുരുഷാൎത്ഥത്തിന്റെ പ്രാപകമാൎഗ്ഗം എന്തു? ക്രിസ്തീയമാൎഗ്ഗത്തിലെ ശ്രേഷ്ഠപുരുഷാൎത്ഥം പ്രാപിക്കേണ്ടതിന്നായി സദാചാരം അനുഷ്ഠിക്കേണമെന്നു മുമ്പെ പറഞ്ഞുവല്ലോ. പുരുഷാൎത്ഥം സദാചാരത്തിന്റെ കൂലിയെന്നു വിചാരിക്കേണ്ട. സൽഗുണസംയുക്തമായ ജീവൻ മാനുഷതത്വത്തിന്നനുസാരമായ കാൎയ്യമാണല്ലോ. അതുകൊണ്ടു സൽഗുണാനുഷ്ഠാനം മനുഷ്യന്നു സഹജധൎമ്മമാകുന്നു. എന്നാൽ പാപം ഹേതുവായി മനുഷ്യന്റെ സൽഗുണജീവന്നു നാശം വന്നുപോയതുകൊണ്ടു ശ്രേഷ്ഠപുരുഷാൎത്ഥാനുഭവത്തിന്നായി സൽഗുണയഥാസ്ഥാപനം ആവശ്യമായ കാൎയ്യമാകുന്നു. (സദാചാരമെന്നതു ദൈവഹിതത്തിന്നു അനുസാരമായ ആചാരമാകുന്നു. ദൈവരാജ്യമെന്നതു പുരുഷാൎത്ഥമാകകൊണ്ടു ആ രാജ്യത്തിലെ പ്രജകളൊക്കയും ദൈവമെന്ന രാജാവിന്റെ ധൎമ്മത്തെ അനുഷ്ഠിപ്പാൻ കടക്കാരാകുന്നു.) സൽഗുണയഥാസ്ഥാപനം മനുഷ്യന്നു സ്വയശക്തിയാൽ സാധിക്കുന്നതല്ല. അതുകൊണ്ടു ദൈവം ക്രിസ്തുവിന്റെ പ്രായശ്ചിത്തവേലയാൽ സൽഗുണയഥാസ്ഥാപനം വരുത്തിയിരിക്കുന്നു. അതിന്നു മനുഷ്യനിലെ വല്ല വിശിഷ്ടതയും കാരണമായിരിക്കുന്നു എന്നല്ല. തെററിനടക്കുന്ന കുട്ടിയെ അച്ഛൻ ഗുണപ്പെടുത്തുവാൻ പരിശ്രമിക്കുന്നതു കുട്ടിയുടെ വിശിഷ്ടതഹേതുവായല്ല, അച്ഛന്റെ പിതൃവാത്സല്യംകൊണ്ടാകുന്നു. അതുപോലെ മനുഷ്യന്നുവേണ്ടി ക്രിസ്തുവിന്റെ പ്രായശ്ചിത്തത്താലുണ്ടാകുന്ന ഭാഗ്യത്തിന്നു ദൈവത്തിന്റെ സ്നേഹം ഏകകാരണമാകുന്നു. സൽ

ഗുണയഥാസ്ഥാപനത്തിൽ രണ്ടു കാൎയ്യങ്ങൾ മുഖ്യമാകുന്നു. ഒന്നാമത്തു പാപനിവാരണം. മനുഷ്യൻ ചെയ്തുപോയ എല്ലാ പാപങ്ങളെയും ദൈവം ക്ഷമിക്കുന്നു. അതിന്നു ആധാരമായിരിക്കുന്നതു ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം. രണ്ടാമത്തു മേലാൽ പാപം ചെയ്യാതിരിപ്പാനും ദൈവഹിതപ്രകാരം ജീവിപ്പാനും ശക്തി മനുഷ്യന്നു കിട്ടുന്നതു. അതാകുന്നു പുതിയ ജീവൻ. ഇതിന്നു ക്രിസ്തുവിന്റെ പുനരുത്ഥാനം ആധാരമാകുന്നു. പുതിയ ജീവൻ സാധിക്കുന്നതും കിട്ടുന്ന ജീവൻ നിലനിന്നുപോരുന്നതും ദൈവസംസൎഗ്ഗത്താലാകുന്നു. മനുഷ്യന്റെ പാപാവസ്ഥ വിചാരിച്ചാൽ മനുഷ്യന്നു സ്വതവെ ദൈവത്തിങ്കലേക്കു ചെന്നു സംസൎഗ്ഗം ചെയ്വാൻ തരമില്ല. അതുകൊണ്ടു ദൈവം ക്രിസ്തുവിൽ ഇങ്ങോട്ടു വന്നു മനുഷ്യരോടു സംസൎഗ്ഗം ചെയ്യുന്നു. ഇതിന്നും കാരണം ദൈവത്തിന്റെ സ്നേഹം തന്നെയാകുന്നു. ഇതെല്ലാം വിചാരിച്ചാൽ ക്രിസ്തീയമാൎഗ്ഗത്തിലെ പുരുഷാൎത്ഥം മനുഷ്യൻ സ്വയപ്രയത്നംകൊണ്ടു പ്രാപിക്കുന്നതല്ലെന്നും അതു ദൈവത്തിന്റെ സൌജന്യദാനമാണെന്നും നിസ്സംശയം തെളിഞ്ഞുവരുന്നു. യശായ 55, 1–3; യോഹ. 7, 37 — 39. മേല്പറഞ്ഞ കാൎയ്യങ്ങൾ ദൈവം മനുഷ്യന്നു ക്രിസ്തുമുഖാന്തരം വരുത്തിയിരിക്കകൊണ്ടു ശ്രേഷ്ഠപുരുഷാൎത്ഥവും ക്രിസ്തുമുഖേന തന്നെയാകുന്നു മനുഷ്യൻ പ്രാപിക്കുന്നതു. യോഹ. 14, 6.

ദൈവം ശ്രേഷ്ഠപുരുഷാൎത്ഥത്തെ തന്റെ സ്നേഹം ഹേതുവായി മനുഷ്യന്നു ദാനമെന്നപോലെ കൊടുക്കുന്നതുകൊണ്ടു അതു പ്രത്യേകവൎഗ്ഗത്തിന്നൊ ജാതി

കൊ ജ്ഞാനികൊ മാത്രം പ്രാപിക്കാവുന്നതല്ല. എല്ലാവൎക്കും ഉണ്ടാകേണ്ടുന്നതും കിട്ടുന്നതുമാകുന്നു. “എല്ലാവരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ദൈവം ഇച്ഛിക്കുന്നു.” പഴയനിയമത്തിലും കൂടെ പുരുഷാൎത്ഥത്തിന്റെ സാൎവ്വത്രികത്വത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. “എൻ ജീവനാണ ദുഷ്ടന്റെ മരണത്തിൽ എനിക്കിഷ്ടമില്ല, ദുഷ്ടൻ തന്റെ വഴിയെ വിട്ടുതിരിഞ്ഞു ജീവിക്കുന്നതിൽ അത്രെ.” യശായ 2, 1—4; 60; ഉൽപത്തി 12, 3. പുതുനിയമത്തിലൊ അതു എത്രയും സ്പഷ്ടം. കൊലൊ. 3, 11. വേദമില്ലാത്ത അനാൎയ്യനും വേദംകേൾ്പ്പാൻ പാടില്ലാത്ത ശൂദ്രനും എല്ലാവൎക്കും ഒരുപോലെ ശ്രേഷ്ഠപുരുഷാൎത്ഥം പ്രാപിക്കാം. മത്തായി 22, 9. 10.

ശ്രേഷ്ഠപുരുഷാൎത്ഥം ദൈവം മനുഷ്യന്നു സൌജന്യമായി കൊടുക്കുന്നതുകൊണ്ടു മനുഷ്യൻ അതു പ്രാപിക്കേണ്ടതിന്നായി ഒന്നും ചെയ്യേണ്ടതില്ലെന്നല്ല. ഹിന്തുമാൎഗ്ഗത്തിലെ തപസ്സു സന്ന്യാസം എന്നിവ അശേഷം ആവശ്യമില്ല. പരീശർ ചെയ്തതുപോലെ ഉപവാസം ചെയ്യേണമെന്നു യേശുക്രിസ്തു ഉപദേശിച്ചിട്ടില്ല. പുറജാതികളെപ്പോലെ നീളമായി പ്രാൎത്ഥിക്കയൊ ജപജല്പനം ചെയ്കയൊ അരുതു എന്നു യേശു തന്റെ ശിഷ്യരെ ഉപദേശിച്ചു. അങ്ങിനെ തന്നെ ധ്യാനനിഷ്ഠയാൽ പാരവശ്യം വരുത്തി പരമാത്മലയം പ്രാപിപ്പാൻ യേശുവും അപ്പോസ്തലന്മാരും ആജ്ഞാപിച്ചിട്ടില്ല. യോഗാഭ്യാസത്താലും ദേഹദണ്ഡനത്താലും പുരുഷാൎത്ഥം പ്രാപിക്കാമെന്നുള്ള വാഗ്ദത്തവും ക്രിസ്തീയവേദത്തിലില്ല. ശ്രേഷ്ഠപുരു

ഷാൎത്ഥത്തെ ദൈവം മനുഷ്യന്നു സമ്മാനിക്കുമ്പോൾ മനുഷ്യൻ അതിനെ അംഗീകരിക്കുന്ന പ്രവൃത്തിമാത്രമെ ചെയ്യേണ്ടതുള്ളൂ. അംഗീകരിക്കുന്നതിൽ രണ്ടു കാൎയ്യം മുഖ്യം. ഒന്നാമത്തു മാനസാന്തരം യേശുതാൻ തന്നെ തൻെറ പ്രവൃത്തിയെ "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്ന പ്രസംഗത്തോടെ ആരംഭിച്ചു. പാപകൃത്യങ്ങളെയും പാപസ്വഭാവത്തെയും പാപത്തിൻെറ ഭയങ്കരതയെയും അറിഞ്ഞു ദുഃഖിച്ചു സത്യാനുതാപത്തോടെ ക്ഷമെക്കായി ദൈവത്തോടു യാചിക്കയും പിന്നീടു പാപം ചെയ്യാതിരിക്കയും ദൈവഹിതപ്രകാരം ജീവിപ്പാനാഗ്രഹിക്കയും ചെയ്യുന്നതാകുന്നു മാനസാന്തരം. രണ്ടാമത്തു വിശ്വാസം ദൈവരാജ്യത്തെ സ്ഥാപിച്ചിരിക്കുന്നവനും അതിനെ ദാനം ചെയ്യുന്നവനുമായ ക്രിസ്തുവിലും അവൻെറ സുവിശേഷത്തിലും ആശ്രയിച്ചു എപ്പോഴും അവനോടു പ്രാൎത്ഥനയാൽ സംസൎഗ്ഗം ചെയ്യുന്നതാകുന്നു വിശ്വാസം. "പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവനുണ്ടു." ഇങ്ങിനെ ശ്രേഷ്ഠപുരുഷാൎത്ഥം പ്രാപിക്കേണ്ടതിന്നു മാനസാന്തരം വിശ്വാസം എന്നീ രണ്ടു കാൎയ്യങ്ങൾ മുഖ്യം. മാനസാന്തരവും വിശ്വാസവും ആൎക്കുണ്ടോ അവന്നു ദൈവഹിതപ്രകാരം ജീവിപ്പാനും, ശ്രേഷ്ഠപുരുഷാൎത്ഥം പ്രാപിപ്പാനും കഴിയും. "ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ;" "വിശ്വസിച്ചും സ്നാനപ്പെട്ടുമുള്ളവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിലകപ്പെടും."

1956 K 2304

PUBLISHED BY

# BASEL MISSION BOOK AND TRACT DEPOSITORY,

## MANGALORE.

| | Rs. | As. | P. |
|---|---|---|---|
| Morning and Evening Prayers പ്രാൎത്ഥനാമാലിക | 0 | 0 | 3 |
| Are the Regenerate without Sin? പുനൎജ്ജാതന്മാൎക്കു പാപമുണ്ടോ? . . . . . | 0 | 0 | 3 |
| Daily Scripture Adviser നിത്യവാക്യ പ്രബോധിനി . . . . . . . . . | 0 | 0 | 9 |
| The Promises of God concerning Jesus Christ, our Saviour, and their fulfilment മശീഹയെ കുറിച്ചുള്ള വാഗ്ദത്തങ്ങളും അവറ്റിൻ നിവൃത്തിയും | 0 | 2 | 0 |
| Prayers and Meditations പ്രാൎത്ഥനകളും വേദധ്യാനങ്ങളുമായ നിധിനിധാനം . . . . | 0 | 3 | 0 |
| The Pilgrim's Progress സഞ്ചാരിയുടെ പ്രയാണചരിത്രച്ചുരുക്കം . . . . . . . . . | 0 | 0 | 3 |
| The Best Choice ഉത്തമ തിരിവു . . . . | 0 | 0 | 3 |
| The Good Shepherd (Prose) നല്ല ഇടയന്റെ അന്വേഷണചരിത്രച്ചുരുക്കം . . . . . . | 0 | 0 | 3 |
| The Sufferings of Christ കഷ്ടാനുഭവചരിത്രം . | 0 | 0 | 3 |
| Reformation in Germany ക്രിസ്തുസഭാനവീകരണം . . . . . . . . . . | 0 | 0 | 6 |
| On Religion മതവിചാരണ . . . . | 0 | 0 | 3 |
| Short Bible Stories സത്യവേദകഥകൾ . . | 0 | 1 | 0 |
| Scripture Wall Texts Nos. 1 — 6 സത്യവേദവചനങ്ങൾ തടിച്ച അക്ഷരത്തിലുള്ളതിന്നു ഓരോന്നിന്നു | 0 | 3 | 0 |
| The Second Coming of our Lord Jesus Christ നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനം . . . . . . . . . . | 0 | 0 | 6 |
| Krishna and Christ compared കൃഷ്ണൻ ക്രിസ്തു എന്നവരുടെ താരതമ്യം . . . . . . | 0 | 0 | 6 |
| Creation in Hinduism and Christianity ഹിന്ദുമതത്തിലേയും ക്രിസ്തുമാൎഗ്ഗത്തിലേയും ലോകോത്ഭവ വിവരങ്ങൾ . . . . . . . . | 0 | 0 | 6 |

ആവശ്യമുള്ളവർ മംഗലപുരം പുസ്തകഷാപ്പിൽ എഴുതിയാൽ കിട്ടുന്നതാകുന്നു.

SPECIMEN

MALAYALAM PRESENT DAY TRACTS.—No. 2.

# THE SUMMUM BONUM

## IN HINDUISM AND CHRISTIANITY

ഹിന്തുമതത്തിലേയും ക്രിസ്തുമാൎഗ്ഗത്തിലേയും

# ശ്രേഷ്ഠപുരുഷാൎത്ഥം

"From the unreal lead me to the real,
From darkness lead me to light,
From death lead me to immortality."
*Brihad Aranya Upanishad.*

BASEL MISSION BOOK & TRACT DE[POSITORY]
8 MAY
MANGALORE

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1906